യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

2019 ഫെബ്രുവരി | വാല്യം 45 ലക്കം 10 | *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* | പേജ് 16 വില 5.00 രൂപ

## വലിച്ചെറിഞ്ഞ് കുന്നുകൂടിയ ഉള്ളി തിന്നുതീർക്കുന്ന പശുക്കൾ

# ഇന്ത്യൻ കർഷകന്റെ ദുരിതത്തിന്റെയും ദൈന്യതയുടെയും ഭീകരചിത്രം

**മഹാരാഷ്ട്രയിലെ നാസിക്കിൽ, വലിച്ചെറിഞ്ഞ് കുന്നുകൂടിയ ഉള്ളി തീറ്റയാക്കുന്ന പശുക്കൾ... ഭീകരമായ ഈ കാഴ്ചയിൽ, ഇന്ത്യയിലെ കർഷകരുടെ അങ്ങേയറ്റം മോശമായ അവസ്ഥയും ദുരിതവും ഒളിഞ്ഞിരിക്കുന്നു. ഉത്പാദനം വർധിച്ചിട്ടും മതിയായ വില കിട്ടാതെ വരുന്നത്, വിളവ് ഉപേക്ഷിക്കുകയോ കത്തിച്ചുകളയുകയോ ചെയ്യുന്നതു പോലെയുള്ള കടുത്ത നടപടികളിലേക്ക് നീങ്ങാൻ കർഷകരെ പ്രേരിപ്പിക്കുകയാണ്. കർഷകർ നേരിടേണ്ടി വരുന്ന അന്യായമായ ദാരിദ്ര്യത്തിന്റെ ഒരു കൂട്ടം വേദനിപ്പിക്കുന്ന കഥകൾ, അൽപ്പം വൈകിയാണെങ്കിലും നമ്മുടെ മുന്നിലെത്തുകയാണ്.**



മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ ജില്ലയിൽ നിന്നുള്ള ശ്രേയസ് അഭാലെ എന്ന കർഷകന് തന്റെ വിളവായ 2657 കിലോഗ്രാം ഉള്ളി, കിലോക്ക് കഷ്ടിച്ച് ഒരു രൂപക്കു മേൽ മാത്രം വില വാങ്ങി വിറ്റു തീർക്കേണ്ടി വന്നു. ബന്ധപ്പെട്ട കൂലി-കടത്തു ചിലവുകൾ കിഴിച്ചപ്പോൾ അദ്ദേഹത്തിന്റെ കൈവശം അവശേഷിച്ചത് കഷ്ടിച്ച് ആറു രൂപ മാത്രമായിരുന്നു എന്നായിരുന്നു വാർത്ത. തന്റെ തുച്ഛമായ ആദായത്തിൽ കോപം പൂണ്ട ആ കർഷകൻ, ഈ നിസ്സാരതുക സംസ്ഥാനത്തെ ബിജെപി മുഖ്യമന്ത്രിക്ക് അയച്ചുകൊടുത്തുവത്രേ.

നാസിക് ജില്ലയിലെ നിഫാഡ് തെഹ്സിൽ നിവാസിയായ സഞ്ജയ് സാഠേയ്ക്ക് പ്രാദേശിക മൊത്തവ്യാപാര ചന്തയിൽ തന്റെ വിളയ്ക്ക് കിലോഗ്രാമിന് ഒരു രൂപ മാത്രമാണ് വാഗ്ദാനം ചെയ്യപ്പെട്ടത്. നീണ്ട വിലപേശലിനൊടുവിൽ കിലോക്ക് ഒരു രൂപ 40 പൈസ നിരക്കിൽ തന്റെ 750 കിലോ ഉള്ളി വിൽക്കുവാൻ അദ്ദേഹം നിർബന്ധിതനായി. പ്രതിഷേധസൂചകമായി, ഈ തുച്ഛമായ തുക അപ്പാടെ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് അദ്ദേഹം സംഭാവന ചെയ്തു.

അഹമ്മദ്നഗർ ജില്ലയിലെ സാകുറി ഗ്രാമവാസിയായ രാജേന്ദ്ര ബവാകേ, വഴുതന കൃഷിക്കായി രണ്ടു ലക്ഷത്തോളം രൂപയും മതിയായ ഊർജ്ജവും ചെലവിട്ടിട്ടും, കിലോക്ക് വെറും 20 പൈസ നിരക്കിൽ 65,000 രൂപ മാത്രമാണ് വിലയായി തിരിച്ചു കിട്ടിയതെന്ന് പറയുന്നു. മനംനൊന്ത് നിരാശനും കോപാകുലനുമായ ഈ കർഷകൻ തന്റെ വഴുതനച്ചെടികൾ എല്ലാം തന്നെ വേരോടെ പിഴുതെറിഞ്ഞുവത്രേ. മദ്ധ്യപ്രദേശിലെ നീമുച്ച് മണ്ഡിയിൽ, കിലോഗ്രാമിന് 50 പൈസയെന്ന കുറഞ്ഞ വിലയിൽ ഉള്ളി വിൽക്കേണ്ടി വന്നത് പ്രദേശത്തെ കർഷകരെ പരിഭ്രാന്തരാക്കുകയുണ്ടായി. മേവാലാൽ പട്ടീദാർ എന്ന ഒരു കർഷകന്റെ ദയനീയ വിലാപം ഇങ്ങനെയായിരുന്നു, “ഈ നക്കാപിച്ച വിലയ്ക്ക് വിൽക്കുന്നതിനു പകരം വിളവ് റോഡിലെറിഞ്ഞു കളയാനാണ് എനിക്കു തോന്നുന്നത്”. വിദർഭയിലെ അമരാവതി മേഖലയിൽ അഞ്ച് ഏക്കർ സ്ഥലം സ്വന്തമായുള്ള സുനിൽ ജാദവ് പറയുന്നു, “കൃഷി ചെയ്തെടുക്കാനുള്ള ഏകദേശ ചിലവനു

*(ശേഷം 7–ാം പേജിൽ)*

# ജനദ്രോഹ കേന്ദ്ര ഭരണത്തിനെതിരെ സമരാഹ്വാന ജാഥ

വിലക്കയറ്റവും തൊഴിലില്ലായ്മയും സൃഷ്ടിക്കുന്ന നരേന്ദ്രമോദി സർക്കാരിന്റെ ജനദ്രോഹസാമ്പത്തിക നയങ്ങൾക്കും അഴിമതിക്കുമെതിരെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫെബ്രുവരി 15ന് നടക്കുന്ന രാജ്ഭവൻ മാർച്ചിന് മുന്നോടിയായി സംസ്ഥാന വ്യാപകമായി ജില്ലകളിൽ സമരാഹ്വാന ജാഥകൾ നടന്നു.

അവശ്യനിത്യോപയോഗ സാധനങ്ങളുടെ തീവില തടയുക, പൊതുവിതരണസംവിധാനം ശക്തിപ്പെടുത്തുക, കർഷകന് ന്യായമായ വിലനൽകി വിളസംഭരിച്ച് മിതമായവിലയ്ക്ക് നാട്ടുകാർക്ക് വിതരണം നടത്തുക, തൊഴിലില്ലായ്മ പരിഹരിക്കുക, ചെറുകിട വ്യാപാരമേഖലയെ തകർക്കുന്ന, ദുസ്സഹമായ വിലക്കയറ്റത്തിനും ഉൽപ്പാദനത്തകർച്ചയ്ക്കും തിരികൊളുത്തിയ ജിഎസ്ടി പിൻവലിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് രാജ്ഭവൻ മാർച്ച് സംഘടിപ്പിക്കുന്നത്. നരേന്ദ്രമോദിയുടെ കുത്തകാനുകൂല നയങ്ങൾക്കെതിരെ ശക്തമായ ബഹുജനപ്രക്ഷോഭം പടുത്തുയർത്തുവാനും സങ്കുചിതമായ കക്ഷിരാഷ്ട്രീയ നിലപാടുകൾക്കും ജാതി, മത, സാമുദായിക ചിന്താഗതികൾക്കും ഉപരിയായി ആബാലവൃദ്ധം ജനങ്ങളും സംഘടിക്കുകയും സമരപാതയിലണിനിരക്കുകയും ചെയ്യുക എന്ന സന്ദേശം പ്രചരിപ്പിച്ചുകൊണ്ടാണ് സംസ്ഥാനമെമ്പാടും ജില്ലകളിൽ സമരാഹ്വാന ജാഥകൾ നടന്നത്.

തിരുവനന്തപുരത്ത് ജനുവരി 16 മുതൽ ആരംഭിച്ച സമരാഹ്വാന ജാഥയ്ക്ക് ജില്ലാ സെക്രട്ടറിയും സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവുമായ സഖാവ് ആർ.കുമാർ നേതൃത്വം നൽകി. എട്ടു ദിവസം നീണ്ടുനിന്നജാഥ ജില്ലയിൽ തെക്ക് പാറശ്ശാല മുതൽ വടക്ക് കല്ലമ്പലം വരെയുള്ള വിവിധ പ്രദേശങ്ങളിൽ പര്യടനം നടത്തി. സംസ്ഥാനക്കമ്മിറ്റിയംഗം സഖാവ് ജ്യോതികൃഷ്ണൻ, ജില്ലാ കമ്മിറ്റിയംഗങ്ങളായ സഖാക്കൾ ജി.ആർ. സുഭാഷ്, എം.ഷാജർഖാൻ, ആർ.ബിജു, കെ.ഹരി, എസ്. മിനി, എ.സബൂറ, പി.എസ്.ഗോപകുമാർ തുടങ്ങിയവർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു.



**കോട്ടയം ജില്ലാ സമരാഹ്വാന ജാഥ എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ജയ്സൺ ജോസഫ് ജനുവരി 21ന് വൈക്കത്ത് ഉദ്ഘാടനം ചെയ്യുന്നു**

തൃശൂർ ജില്ലാ സമരാഹ്വാന ജാഥ ജനുവരി 27 ന് കൊടുങ്ങല്ലൂർ മേത്തല ഫീനിക്സ് ജംഗ്ഷനിൽ നടന്ന പൊതുയോഗത്തോടെ ആരംഭിച്ചു. ആൾ ഇന്ത്യ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് സഖാവ് എൻ.കെ. ബിജു മുഖ്യ പ്രസംഗം നടത്തി. സഖാവ് എ.എം.സുരേഷ് അദ്ധ്യക്ഷനായിരുന്നു. സഖാക്കൾ ബെന്നി, സുജ ആന്റണി, വിനോ

*(ശേഷം 2–ാം പേജിൽ)*


പേജ് 2 — ജനവിരുദ്ധ കേന്ദ്ര – സംസ്ഥാന ബജറ്റുകൾ

പേജ് 3 — അമേരിക്കൻ സാമ്രാജ്യത്വം വെനിസ്വലയെ വെറുതെവിടുക

പേജ് 4 — ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിലെ ശാസ്ത്രവിരുദ്ധ പ്രചാരണം

പേജ് 11 — ആർഎസ്എസ് മേധാവിയുടെ പ്രസംഗം കൗശലപൂർണ്ണമായ അഭ്യാസം

# കേന്ദ്രബജറ്റ്: ബിജെപി തെരഞ്ഞെടുപ്പ് പ്രകടന പത്രിക

*പൊള്ളയായ വാഗ്ദാനങ്ങളും കള്ളങ്ങളും കുത്തിനിറച്ച്, ഭരണകക്ഷിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രിക എന്ന നിലയിൽ അവതരിപ്പിച്ചിരിക്കുന്ന കേന്ദ്ര ഇടക്കാല ബജറ്റിനെ അപലപിച്ചുകൊണ്ട് എസ്‌യുസിഐ(സി) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് ഫെബ്രുവരി 1ന് പുറപ്പെടുവിച്ച പ്രസ്താവന*

**ബി**ജെപി സർക്കാരിന്റെ ഇടക്കാല ധനകാര്യമന്ത്രി അവതരിപ്പിച്ച ഇടക്കാല ബജറ്റിനെ, ഭരണകക്ഷിയുടെ ഒരു തെരഞ്ഞെടുപ്പ് പ്രചാരണോപാധി എന്നുതന്നെ വിളിക്കുന്നതാണുചിതം. പതിവുപോലെ മനംപിരട്ടുന്ന ആത്മപ്രശംസകളും ദിവാസ്വപ്നങ്ങളും കെട്ടിച്ചമച്ച കണക്കുകളുമാണ് ഇതിൽ പൂർണ്ണമായിട്ടുള്ളത്. ഏറ്റവും പ്രധാനപ്പെട്ടത്, ജനജീവിതത്തിലെ നീറുന്ന ഒരു പ്രശ്നത്തെയും ഇത് അഭിസംബോധന ചെയ്യുന്നില്ലെന്നുള്ളതും, യാഥാർത്ഥ്യം മൂടിവയ്ക്കാനായി കൃത്രിമമായ സ്ഥിതിവിവരക്കണക്കുകളും അടിസ്ഥാനമില്ലാത്ത അവകാശവാദങ്ങളും ഉന്നയിക്കുന്നുവെന്നതുമാണ്. രണ്ട് സംഭവങ്ങൾതന്നെ അധികം. തൊഴിലില്ലായ്മയെക്കുറിച്ച് പരാമർശിക്കവെ, പിഎഫ് അക്കൗണ്ടുകളുടെ എണ്ണത്തിലുള്ള വർദ്ധനവ് തൊഴിലവസരങ്ങളുടെ വർദ്ധനവിനെ കുറിക്കുന്നു എന്ന് പ്രധാനമന്ത്രി എഴുന്നള്ളിച്ച വിഡ്ഢിത്തം, ധനകാര്യമന്ത്രി ആവർത്തിച്ചിരിക്കുന്നു. ഇരുപതോ അതിലധികമോ തൊഴിലാളികളുള്ള കമ്പനികളെ പിഎഫിനുകീഴിൽ കൊണ്ടുവന്നതുകൊണ്ടാണ് പിഎഫ് അക്കൗണ്ടുകളുടെ എണ്ണത്തിൽ കുതിപ്പുണ്ടായതെന്ന് പിന്നീട് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. മാത്രമല്ല 4.12 മില്ല്യൺ അംഗങ്ങൾ എന്ന കണക്ക് 3.73 മില്ല്യൺ എന്ന് ഇപിഎഫ്ഒ തന്നെ പിന്നീട് തിരുത്തുകയും ചെയ്തിരുന്നു. നിത്യോപയോഗസാധനങ്ങൾ വാങ്ങിക്കുവാൻ മാർക്കറ്റിൽ പോകുന്ന ഓരോരുത്തർക്കും വിലക്കയറ്റത്തിന്റെ കഷ്ടപ്പാട് അറിയുവാൻ സാധിക്കും. പക്ഷെ, ബജറ്റ് പ്രസംഗത്തിൽ അവകാശപ്പെടുന്നത്, വിലക്കയറ്റം 4.4 ശതമാനമായി ചുരുങ്ങിയതുവഴി ജീവിതം സുഖകരമായിരിക്കുന്നു എന്നാണ്. സമാനമായി, റെയിൽവേയെക്കുറിച്ച് പരാമർശിക്കുമ്പോൾ ചാർജ്ജ് വർദ്ധനവ്, സമയനിഷ്ഠ, സുരക്ഷ എന്നീ പ്രശ്നങ്ങളെ സ്പർശിക്കുന്നുപോലുമില്ല. കൃഷിക്കാവശ്യമായ സാധനങ്ങളുടെ വൻവിലക്കയറ്റം മൂലവും ന്യായവില ലഭിക്കാത്തതിനാലും കർഷകർ പൊറുതിമുട്ടിയിരിക്കുമ്പോൾ മിനിമം താങ്ങുവില വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് വാചാലനാകുന്ന ധനമന്ത്രി കർഷകർക്ക് വർഷംതോറും 6000 രൂപ നൽകുമെന്ന കൗശലം പ്രയോഗിച്ച് തടിതപ്പുകയാണ്. ദിനംപ്രതി വെറും 16 രൂപയുടെ ആനുകൂല്യ പ്രഖ്യാപനം തനി തട്ടിപ്പല്ലാതെ മറ്റെന്ത്?

തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട്, പതിവുതട്ടിപ്പും കാപട്യവുമൊക്കെയായി ബജറ്റവതരണത്തിന്റെ പേരിൽ പാർലമെന്റിന്റെ വേദിയെ ദുരുപയോഗപ്പെടുത്തുന്നതിനെ നമ്മുടെ പാർട്ടി ശക്തമായി അപലപിക്കുകയും, തങ്ങളെ കബളിപ്പിക്കുവാനുള്ള ഈ ബൂർഷ്വാ വഞ്ചനയ്ക്കെതിരെ കരുതിയിരിക്കുവാൻ ജനങ്ങളോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ■

# ജീവിതദുരിതം വർദ്ധിപ്പിക്കുന്ന സംസ്ഥാന ബജറ്റ്

**കേ**രളത്തിലെ സാധാരണ ജനങ്ങളുടെ ജീവിതദുരിതങ്ങൾ വർദ്ധിപ്പിക്കാൻ മാത്രം ഉപകരിക്കുന്ന ബഡ്ജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. പ്രളയക്കെടുതിവഴി സാമ്പത്തിക ജീവിതമാകെ താഴേയ്ക്ക് പോയ കേരളീയരെ വീണ്ടും ദ്രോഹിക്കുന്ന വിധത്തിൽ 600 കോടി രൂപയുടെ പ്രളയനികുതി കൊണ്ടുവന്നിരിക്കുന്നു.

പതിനായിരം കോടി രൂപയുടെ നികുതികുടിശിഖയും 1155 കോടി രൂപയുടെ പാട്ടക്കുടിശിഖയും പിരിച്ചെടുക്കാനായി അവശേഷിക്കവെയാണ് സാധാരണക്കാരെ മാത്രം ബാധിക്കുന്ന അധികനികുതികൾ ചുമത്തുന്നത്. 5500 കോടി രൂപയുടെ അതിവേഗ റെയിൽ പ്രോജക്ട് അടക്കമുള്ള വൻകിട നിർമ്മാണ പ്രവൃത്തികൾ ഈ സർക്കാരിന്റെ ആഭിമുഖ്യം എങ്ങോട്ടാണെന്ന് തെളിയിക്കുന്നു. കോർപ്പറേറ്റ് താൽപര്യങ്ങൾക്കുവേണ്ടി സംസ്ഥാന വാർഷിക പദ്ധതിയിൽ കടമെടുത്തും വാരിക്കോരി ചെലവഴിക്കുകയാണ്. അദാനിക്ക് ദാനം ചെയ്ത വിഴിഞ്ഞം പദ്ധതിയ്ക്ക് വേണ്ടി സംസ്ഥാന ബഡ്ജറ്റിൽ നിന്നും വൻതുകയാണ് ചെലവഴിക്കുന്നത്. വെറും 150 പേർക്ക് മാത്രം തൊഴിൽ നൽകിയതടക്കമുള്ള, കോർപ്പറേറ്റ് നിക്ഷേപങ്ങളുടെ കഥകൾ എണ്ണിയെണ്ണി പറയുന്ന ബഡ്ജറ്റിൽ പക്ഷേ കേരളം നേരിടുന്ന അതിരൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നത്തെ ഒരു വിഷയമായിപ്പോലും പരിഗണിക്കുന്നില്ല. മൂലധനാധിക്യവ്യവസായങ്ങൾക്കാണ് ഊന്നൽ. തൊഴിലില്ലായ്മാ വേതനമായി നൽകുന്നത് പ്രതിമാസം 120 രൂപയാണെന്നത് കേരളത്തിന് അപമാനകരമാണ്. കേരളത്തിന് വൻ ബാദ്ധ്യത വരുത്തിവെയ്ക്കുന്നവിധം കിഫ്ബി വഴി സമാഹരിക്കുന്ന വൻതുകയിൽ അധികഭാഗവും മൂലധനശക്തികൾക്ക് മുതൽക്കൂട്ടാവുന്ന തരത്തിലാണ് ചെലവഴിക്കപ്പെടുന്നത്. കിഫ്ബി വഴി സമാഹരിക്കുന്ന തുകയടക്കം മൂന്ന് ലക്ഷം കോടി രൂപയാണ് ഇപ്പോൾ പൊതുകടം. ഇന്ത്യയിൽ ഏറ്റവും കൂടുതൽ പൊതുകടമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.



കേന്ദ്ര-സംസ്ഥാന ബജറ്റുകൾക്കെതിരെ കോഴിക്കോട് നടന്ന പ്രതിഷേധ യോഗത്തിൽ എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് എ.ശേഖർ പ്രസംഗിക്കുന്നു

പ്രളയത്തിന്റെ പേര് പറഞ്ഞ് വൻതോതിൽ വിദേശകടം സ്വീകരിക്കാൻ സർക്കാർ തയ്യാറെടുക്കുകയാണ്. കുപ്രസിദ്ധമായ കെപിഎംജി പോലുള്ള ഏജൻസികളെ ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ സമ്പത്ത് കോർപ്പറേറ്റുകളുടെ കൈയിലെത്തിക്കാൻവേണ്ടി നടത്തുന്ന പരിശ്രമങ്ങളാണ് ഈ ബഡ്ജറ്റിലൂടെ നമുക്ക് കാണാനാവുന്നത്. ■

# സമരാഹ്വാന ജാഥ

(1-ാം പേജിൽ നിന്ന്)

ദ്, സജീവൻ എന്നിവർ പ്രസംഗിച്ചു.കൊടുങ്ങല്ലൂർ, തൃപ്രയാർ, ചാവക്കാട്, പുന്നയൂർകുളം, ഗുരുവായൂർ, തൃശൂർ ടൗൺ, തിരൂർ, കൊടകര, ചാലക്കുടി, മേലൂർ എന്നീ മേഖലകളിൽ ജാഥ പര്യടനം നടത്തി. വിവിധ യോഗങ്ങളിൽ ജാഥ ക്യാപ്റ്റൻ സഖാവ് പി.എസ്.ബാബു, സഖാക്കൾ ബെന്നി, പ്രദീപൻ, സുരേഷ്, സുജ ആന്റണി, ജോഷ്വ, ഉണ്ണികൃഷ്ണൻ, നവാസ്, ഷിബു, വൽസലൻ, പ്രേംരാജ്, ധർമ്മജൻ, രാജീവൻ, കെ.കെ.ബാലൻ എന്നീ സഖാക്കൾ പ്രസംഗിച്ചു. 31ന് സമാപിച്ചു.

രാജ്ഭവൻമാർച്ചിന്റെ പ്രചാരണാർത്ഥം ജനുവരി 23 മുതൽ 26 വരെ ജില്ലാസെക്രട്ടറി സഖാവ് ടി.കെ.സുധീർകുമാർ നയിച്ച ജില്ലാ സമരാഹ്വാനജാഥ എറണാകുളം ജില്ലയിൽ നടന്നു. ജനുവരി 23ന് രാവിലെ കലൂരിൽ പാർട്ടി സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഷൈല കെ. ജോൺ ജാഥ ഉദ്ഘാടനം ചെയ്തു. ജില്ലയിലെ പ്രധാനകേന്ദ്രങ്ങളിൽ സ്വീകരണയോഗങ്ങൾ നടന്നു. യോഗങ്ങളിൽ ജില്ലാകമ്മിറ്റിയംഗങ്ങളായ സഖാക്കൾ പി.എം.ദിനേശൻ, ഫ്രാൻസിസ് കളത്തുങ്കൽ, സി.കെ.ശിവദാസൻ, സി.ബി.അശോകൻ, കെ.സി.ജയൻ, കെ.ഒ.സുധീർ, ജോർജ്ജ് ജോസഫ്, കെ.കെ.ശോഭ, കെ.പി.സാൽവിൻ, എം.കെ.ഉഷ, കെ.ഒ.ഷാൻ, എ.റജീന, സി.കെ.രാജേന്ദ്രൻ, സി.കെ.തമ്പി, നിഖിൽ സജി തോമസ് തുടങ്ങിയവരും പ്രസംഗിച്ചു. പാർട്ടിയുടെ കലാസംഘം അവതരിപ്പിച്ച 'നേർക്കാഴ്ചകൾ' എന്ന തെരുവുനാടകവും വിപ്ലവഗാനാലാപനവും ചുവപ്പുകൊടി തോരണങ്ങളാൽ അലകൃതമായ വാഹനവ്യൂഹവും ജനശ്രദ്ധ ആകർഷിച്ചു.

ജനുവരി 23 മുതൽ 26 വരെ അഞ്ചുദിവസം നീണ്ടുനിന്ന സമരാഹ്വാനജാഥ കോഴിക്കോട് ജില്ലയിൽ നടന്നു. പാർട്ടി ജില്ലാസെക്രട്ടറി സഖാവ് എ.ശേഖറിർ ജാഥയ്ക്ക് നേതൃത്വം നൽകി. ജാഥയിൽ എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് കെ. കെ സുരേന്ദ്രൻ സഖാക്കൾ പിഎം ശ്രീകുമാർ, എം കെ രാജൻ, പോൾ ടി.എസ്, എം.ജ്യോതിപ്രകാശ്, പി.കെ.മധു, ആനന്ദ്, കെ.റഹീം, ശ്രീനാഥ്, റീജ, പ്രവീൺകുമാർ, എം.സന്തോഷ്, പ്രകാശൻ അനിൽകുമാർ, അഖിൽമുരളി, ജയരാജ് എന്നിവർ പങ്കെടുത്തു.

എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ക്യാപ്റ്റനായി



സമരാഹ്വാന ജാഥയുടെ ഭാഗമായി എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കലാസംഘം ചങ്ങനാശ്ശേരി ടൗണിൽ തെരുവ്നാടകം അവതരിപ്പിക്കുന്നു

കോട്ടയം ജില്ലാ സമരാഹ്വാന ജാഥ തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ ഗുരുനാഥൻ ലെനിൻ അനുസ്മരണദിനത്തിൽ വൈക്കത്തുനിന്നും ആരംഭിച്ചു. എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റ് അംഗവും ജില്ലാ സെക്രട്ടറിയുമായ സഖാവ് ജയ്സൺ ജോസഫ് പതാക കൈമാറിക്കൊണ്ട് ജാഥ ഉദ്ഘാടനം ചെയ്തു. ജില്ലയൊട്ടാകെ പര്യടനം നടത്തി ആറുദിവസം നീണ്ടുനിന്ന ജാഥ ജനുവരി 26ന് ചങ്ങനാശ്ശേരിയിൽ സമാപിച്ചു. കലാസംഘം അവതരിപ്പിച്ച 'അച്ഛേദിൻ അഥവാ ദുർദ്ദിനങ്ങൾ' എന്ന തെരുവുനാടകം വളരെയധികം ജനശ്രദ്ധ ആകർഷിച്ചു. ഗാനസദസ്സും ജാഥയോടൊപ്പം സംഘടിപ്പിക്കപ്പെട്ടു. എസ് യുസിഐ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് പി.എൻ.തങ്കച്ചൻ, സഖാക്കൾ എൻ.കെ.ബിജു, കെ.സദാനന്ദൻ, ഇ.വി.പ്രകാശ്, വി.പി.കൊച്ചുമോൻ, മേധ സുരേന്ദ്രനാഥ്, ആശാ രാജ്, എ.ജി.അജയകുമാർ, റ്റി.ജെ.ജോണിക്കുട്ടി, കെ.എൻ.രാജൻ, അരവിന്ദ് വേണുഗോപാൽ, എം.കെ.കണ്ണൻ, ബന്നി ദേവസ്യ, എൻ.വേണുഗോപാൽ, കെ.പി.വിജയൻ, ജതിൻ രാജീവൻ തുടങ്ങിയവർ പ്രസംഗിച്ചു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കൊല്ലം ജില്ലാ സെക്രട്ടറി സഖാവ് ഷൈല കെ.ജോൺ നേതൃത്വം നൽകിയ കൊല്ലം ജില്ലാ സമരാഹ്വാന ജാഥ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ടജില്ലയിൽ ഒരാഴ്ച നീണ്ടുനിന്ന പ്രചാരണജാഥ നടന്നു. പത്തനംതിട്ട ജില്ലാ സെക്രട്ടറി സഖാവ് എസ്.രാജീവൻ, സഖാക്കൾ എസ്.രാധാമണി, കെ.ജി.അനിൽകുമാർ, ബിനു ബേബി, സനല ജോർജ്ജ്, ലക്ഷ്മി ആർ. ശേഖർ തുടങ്ങിയവർ പ്രസംഗിച്ചു. ആലപ്പുഴ ജില്ലയിൽ നടന്ന സമരാഹ്വാന ജാഥയ്ക്ക് ജില്ലാ സെക്രട്ടറി സഖാവ് എസ്.സീതിലാൽ നേതൃത്വം നൽകി. പാലക്കാട്, ഇടുക്കി, മലപ്പുറം, കണ്ണൂർ ജില്ലകളിലും സമരാഹ്വാന ജാഥകൾ നടന്നു. ■

# അമേരിക്കൻ സാമ്രാജ്യത്വം വെനിസ്വലയെ വെറുതെവിടുക

ജനാധിപത്യസർക്കാരിനെ സ്ഥാനഭ്രഷ്ടമാക്കുവാനുള്ള അമേരിക്കൻ സാമ്രാജ്യത്വ നീക്കങ്ങളെ പ്രതിരോധിക്കാൻ വെനിസ്വലയിലെ ജനങ്ങൾക്ക് ഒപ്പം നിൽക്കേണ്ട അടിയന്തര സാഹചര്യമാണിന്നുള്ളത്.

നിക്കോളാസ് മെദുറോ പ്രസിഡന്റ് ആയിട്ടുള്ള വെനിസ്വല സർക്കാരിനെ, വാൻ ഗൈഡിയോ നേതൃത്വം നൽകുന്ന വലതുപക്ഷ ഗ്രൂപ്പിനെ മുൻനിർത്തി അട്ടിമറിക്കാനുള്ള ശ്രമമാണ് നടന്നിരിക്കുന്നത്. മുൻ പ്രസിഡന്റ് ഹ്യൂഗോ ഷാവേസിന്റെ പുരോഗമനപരമായ നയങ്ങൾ നിക്കോളാസ് മെദുറോ തുടരുന്നു എന്നതാണ് അമേരിക്കൻ സാമ്രാജ്യത്വത്തെ ചൊടിപ്പിച്ചിരിക്കുന്നത്. രാജ്യത്തിന്റെ എണ്ണ സമ്പത്ത് അമേരിക്കൻ സാമ്രാജ്യത്വ ശക്തികളുടെ ദുരക്ക് വിട്ടുകൊടുക്കാതെ ജനങ്ങൾക്ക് ഉപയോഗപ്രദമായി വിനിയോഗിക്കുന്നു എന്നതും അനിഷ്ടം ഉളവാക്കുന്നു. മെദുറോ 2018 മെയ് മാസത്തിൽ 68 ശതമാനം വോട്ടോടെ രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

ഡൊണാൾഡ് ട്രംപ് ഇടക്കാല പ്രസിഡന്റ് എന്ന് വിശേഷിപ്പിച്ച വാൻ ഗൈഡിയോയ്ക്ക് സമ്പന്നവർഗ്ഗത്തിന്റെ പിന്തുണയല്ലാതെ വെനിസ്വലയിലെ സാധാരണ ജനങ്ങൾ ആരും തന്നെ വോട്ടു ചെയ്തിട്ടില്ല. എണ്ണ സമ്പന്നമായ ഒരു ചെറിയ രാജ്യമാണ് വെനിസ്വല. അമേരിക്കൻ എണ്ണക്കമ്പനികൾ ഈ മേഖലയിലെ സമ്പൂർണ്ണ ആധിപത്യവും ലാഭവുമാണ് അഭിലഷിക്കുന്നത്. 2017 ആഗസ്റ്റിൽത്തന്നെ വെനിസ്വലയിൽ ഒരു സൈനിക ഇടപെടലിന്റെ സാദ്ധ്യത ട്രംപ് സൂചിപ്പിച്ചിരുന്നു. മധ്യേഷ്യയിലും ഇറാക്ക്, സിറിയ, ലിബിയ തുടങ്ങിയ രാജ്യങ്ങളിലും സ്വീകരിച്ച അതേ തന്ത്രം. എല്ലാ സാർവ്വദേശീയ മര്യാദകളെയും നിയമങ്ങളെയും ലംഘിച്ച് നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ ബലപ്രയോഗത്തിലൂടെ അട്ടിമറിച്ച് പാവസർക്കാരുകളെ അവരോധിക്കുക എന്നത് അമേരിക്കൻ സാമ്രാജ്യത്വശക്തികളും അവരുടെ കൈയാളുകളും ലോകമെമ്പാടും പയറ്റിക്കൊണ്ടിരിക്കുന്ന സ്ഥിരം തന്ത്രമാണ്.

ലാറ്റിൻ അമേരിക്കൻ രാജ്യമായ ചിലിയിൽ 1970കളിൽ നടന്നത് ഉദാഹരണമാണ്. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിച്ച് സ്വേച്ഛാധിപത്യ ഭരണം സ്ഥാപിച്ചു. അമേരിക്കൻ കുത്തകകളുടെ ഓയിൽ കമ്പനികളും ചെമ്പ് ഖനികളും ദേശസാൽക്കരിക്കാൻ സർക്കാർ ശ്രമിച്ചു എന്നതാണ് കാരണം. അമേരിക്കൻ കുത്തകകളുടെയും ബഹുരാഷ്ട്രക്കമ്പനികളുടെയും താൽപ്പര്യാർത്ഥം മറ്റ് രാജ്യങ്ങളുടെമേൽ പട്ടാളഅട്ടിമറിക്കും ആക്രമണങ്ങൾക്കുംവരെ അമേരിക്കൻ സാമ്രാജ്യത്വം തുനിയുന്നത് സോഷ്യലിസ്റ്റ് ക്യാമ്പിന്റെ അഭാവത്തെ മുതലെടുത്തുകൊണ്ടാണ്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കുടിലത വെനിസ്വലയിലെ സംഭവവികാസങ്ങളിലും വളരെ പ്രകടമാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഇടപെടലിലൂടെ തെക്കേ അമേരിക്കൻ രാജ്യങ്ങൾ നിരവധിയായി കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകഴിഞ്ഞു. അട്ടിമറി ശ്രമങ്ങൾ പലരാജ്യങ്ങളിലും നടന്നുകൊണ്ടേയിരിക്കുന്നു, ആയിരക്കണക്കിന് നിഷ്കളങ്കരായ സാധാരണ പൗരന്മാർ ഇതിനകം കൊല്ലപ്പെട്ടുകഴിഞ്ഞു, കോടിക്കണക്കിന് ജനങ്ങൾ അമേരിക്കൻ സാമ്രാജ്യത്വ ശക്തികളുടെയും പ്രാദേശിക കുത്തകകളുടെയും ദുരയുടെമാത്രം ഫലമായി നിത്യദാരിദ്ര്യത്തിലേയ്ക്കും പട്ടിണിയിലേയ്ക്കും തള്ളിവിടപ്പെട്ടിരിക്കുന്നു. വെനിസ്വലയിലെ ജനങ്ങൾ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഈ ഹീന നീക്കങ്ങൾക്കെതിരെ തെരുവിൽ അണിനിരന്നു കഴിഞ്ഞു. പാവസർക്കാരിനെ അവരോധിക്കാൻ സാമ്രാജ്യത്വ ശക്തികളെ ജനങ്ങൾ അനുവദിക്കില്ല. ലോകമെമ്പാടുമുള്ള സ്വാതന്ത്ര്യകാംക്ഷികളായ സംഘടനകൾ, അമേരിക്കയിൽനിന്നുള്ള സംഘടനകൾ ഉൾപ്പെടെ അമേരിക്ക പിന്മാറണം എന്ന മുദ്രാവാക്യമുയർത്തി ശക്തമായി രംഗത്ത് വന്നുകഴിഞ്ഞു. അമേരിക്കയുടെ ഈ നീക്കത്തിനെതിരെ “എമർജൻസി ഹാൻഡ്സ് ഓഫ് വെനിസ്വല കമ്മിറ്റി” അമേരിക്കയിൽത്തന്നെ ഫ്ളോറിഡയിൽ ഇതിനകം രൂപം കൊണ്ടുകഴിഞ്ഞു. ഇതൊക്കെ അവഗണിച്ച് വെനിസ്വലയിൽ ഇടപെടാൻ അമേരിക്കൻ സാമ്രാജ്യത്വം തുനിഞ്ഞാൽ കനത്തവില നൽകേണ്ടിവരും. ■




ഫെബ്രുവരി 1ന് ഡൽഹിയിൽ നടന്ന പ്രതിഷേധ പ്രകടനം

## എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറിയുടെ പ്രസ്താവന

*2019 ജനുവരി 28*

വെനിസ്വലയുടെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് നിക്കോളാസ് മെദുറോയെ സ്ഥാനഭ്രഷ്ടനാക്കി തങ്ങളുടെ ശിങ്കിടിയായ വാൻ ഗൈഡിയോയെ തൽസ്ഥാനത്ത് അവരോധിക്കാൻ, മാനവികതയുടെ കൊടിയ ശത്രുവായ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന അട്ടിമറിശ്രമങ്ങളെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അപലപിക്കുകയും ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും ചെയ്യുന്നു. വാൻ ഗൈഡിയോയെ വെനിസ്വലയുടെ നിയമാനുസൃത പ്രസിഡന്റായി പ്രഖ്യാപിക്കുവാനുള്ള ധാർഷ്ട്യംകൂടി കാണിച്ചതിലൂടെ, തങ്ങളുടെ വരുതിയിൽ നിൽക്കാൻ തയ്യാറാകാത്ത രാജ്യങ്ങളുടെ ആഭ്യന്തര കാര്യങ്ങളിൽ നുഴഞ്ഞുകയറി പാവസർക്കാരുകളെ അവരോധിക്കുക എന്ന അമേരിക്കൻ സാമ്രാജ്യത്വശക്തികളുടെ സ്ഥിരം സമ്പ്രദായം വീണ്ടും വെളിപ്പെട്ടിരിക്കുകയാണ്.

പരാജയപ്പെട്ടതെങ്കിലും ക്യൂബൻ പ്രസിഡന്റ് ഫിഡൽ കാസ്ട്രോയെയും ക്യൂബൻ സോഷ്യലിസത്തെത്തന്നെയും അട്ടിമറിക്കാൻ നടന്ന നീക്കം, ചിലിയിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായിരുന്ന സാൽവദോർ അലെൻഡേയെ സ്ഥാനഭ്രഷ്ടനാക്കുകയും കൊലപ്പെടുത്തുകയും ചെയ്തതിനുപിന്നിൽനടന്ന ഗൂഢാലോചന, അഫ്ഗാനിസ്ഥാനിൽ അട്ടിമറിക്കപ്പെട്ട സർക്കാരുകൾ, ഇറാക്ക്, ലിബിയ, സിറിയയിൽ പാവഗവൺമെന്റിനെ നിയോഗിക്കാൻ നടന്ന ശ്രമങ്ങൾ, ഒപ്പം അമേരിക്കയുടെ കുപ്രസിദ്ധ ചാരസംഘടനകളുടെ സഹായത്തോടെ പ്രദേശത്ത് സായുധ വിമതഗ്രൂപ്പുകളെ വിന്യസിക്കാൻ നടത്തുന്ന ശ്രമങ്ങൾ, യെമനിലേതുപോലെയുള്ള നിഴൽ യുദ്ധങ്ങൾ തുടങ്ങിയവയൊക്കെത്തന്നെയും മുമ്പേ നടന്നിട്ടുള്ളതും അമേരിക്കയുടെ പങ്ക് വ്യക്തമാക്കപ്പെട്ടിട്ടുള്ളതുമാണ്. ഈ രാജ്യങ്ങളിലൊക്കെയും ലക്ഷക്കണക്കിന് ജനങ്ങളെ കൊന്നൊടുക്കുക, ഭരണാധികാരികളെ ആസൂത്രിതമായി അരുംകൊല ചെയ്യുക തുടങ്ങിയ ഹീനമായ യുദ്ധകുറ്റങ്ങളും അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മുൻകൈയിൽ നടമാടുകയാണ്.

നിക്കരാഗ്വേ, പ്യൂർട്ടോറിക്കോ, ഡൊമിനിക്കൻ റിപ്പബ്ലിക്, പനാമ, ഗ്വാട്ടിമാല, മെക്സിക്കോ എന്തിന് തെക്കേ അമേരിക്കയിലെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും പെന്റഗൺ നഗ്നമായ അട്ടിമറിശ്രമങ്ങൾ തുടർന്നുകൊണ്ടേയിരിക്കുകയാണ്. യഥാർത്ഥത്തിൽ, ഇതര രാജ്യങ്ങളെ മെക്കിട്ടുകയറാനും അവരെ വരുതിയിൽ കൊണ്ടുവരാനുമുള്ള സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഭാഗമെന്ന നിലയിൽ, അമേരിക്കൻ സാമ്രാജ്യത്വം തങ്ങളുടെ അധിനിവേശ ലക്ഷ്യങ്ങളോടും തസ്കരതാൽപര്യങ്ങളോടുമാണ് ഒളിഗാർക്സ് ഓഫ് വെനിസ്വല പോലുള്ള സഖ്യകക്ഷികളെ തരപ്പെടുത്തിക്കൊണ്ട് വെനിസ്വലയിൽ ഇടപെട്ടിരിക്കുന്നത്. ഇത്തരം നീക്കങ്ങളിലൂടെ ലോകമെമ്പാടും കൊള്ളയടിക്കുവാൻ വട്ടംകൂട്ടുന്ന അമേരിക്കൻ സാമ്രാജ്യത്വം സ്വന്തം സ്വാധീന മേഖല വിപുലപ്പെടുത്തുവാനും ഓയിൽ, ഗ്യാസ്, മറ്റ് ധാതുക്കൾ തുടങ്ങി അതതു രാജ്യങ്ങളിലെ സമ്പന്നമായ പ്രകൃതിവിഭവങ്ങളിന്മേൽ ആധിപത്യം ഉറപ്പിക്കാനുമാണ് ശ്രമിക്കുന്നത്. ഇതുകൂടാതെ, പട്ടാള നീക്കങ്ങളും വിധ്വംസക പ്രവർത്തനങ്ങളും നടത്തിയും രാജ്യത്തിനുള്ളിൽത്തന്നെ വിമതരെ പ്രോത്സാഹിപ്പിച്ചും കിങ്കരന്മാരെ സംഘടിപ്പിച്ചുമൊക്കെയാണ് ഓരോ രാജ്യത്തും ഇക്കൂട്ടർ കടന്നുകയറുന്നത്. നേരിട്ടുള്ള യുദ്ധത്തെക്കാൾ കിരാതവും നിന്ദ്യവുമായ കർക്കശസാമ്പത്തിക നിയന്ത്രണങ്ങളിലൂടെ, എതിരെ നിൽക്കുന്നു എന്നുതോന്നുന്ന രാജ്യങ്ങളെ വരുതിയിലാക്കാനുള്ള നീക്കവും നടത്തുന്നു. ഇറാനെയും ഉത്തരകൊറിയയെയും ‘തെമ്മാടി രാഷ്ട്രങ്ങളായി’ പ്രഖ്യാപിച്ചു. എന്നുമാത്രവുമല്ല ഈ രാജ്യങ്ങളെ പാഠം പഠിപ്പിക്കും എന്നും ധിക്കാരത്തോടെ പ്രഖ്യാപിക്കുന്നു. എണ്ണസമ്പന്നമായ, അമേരിക്കയുടെ ഇംഗിതങ്ങൾക്ക് വഴങ്ങാത്ത വെനിസ്വലയാണ് ഇപ്പോൾ ഉന്നം വച്ചിരിക്കുന്നത്. ‘ട്രംപ് ഭരണകൂടം വെനിസ്വലയിലെ വിമതരുമായി ചേർന്ന് അട്ടിമറിക്ക് ആലോചിക്കുന്നു’ എന്ന് ന്യൂയോർക് ടൈംസ് പ്രസിദ്ധീകരിച്ച ലേഖനത്തിലൂടെ പട്ടാള അട്ടിമറിയിലൂടെ അമേരിക്കൻ സാമ്രാജ്യത്വം വെനിസ്വലയിൽ തങ്ങൾക്ക് വിധേയരായ ഭരണകൂടത്തെ അവരോധിക്കാൻ ഗൂഢാലോചനയും ആസൂത്രണവും നടത്തുന്നു എന്ന് വ്യക്തമായിരുന്നു. ജനാധിപത്യ പ്രതിപക്ഷം എന്ന നിലയിൽ പ്രത്യക്ഷപ്പെടുന്ന ഗൈഡിയോയും സംഘവും അമേരിക്കൻ സാമ്രാജ്യത്വം ഫണ്ട് നൽകി പ്രവർത്തിക്കുന്നവരും വെനിസ്വലൻ ഒളിഗാർക്കി പിന്തുണയ്ക്കുന്നവരുമായ സംഘമാണ്. വെനിസ്വലൻ പട്ടാളത്തെ ഗൈഡിയോയുടെ പിന്നിൽ അണിനിരത്താൻ സാമ്രാജ്യത്വം നടത്തിയ നീക്കങ്ങൾ പരാജയപ്പെട്ടു എന്നതും പട്ടാളം ഒന്നടങ്കം മെദുറോയുടെ പിന്നിൽ അണിനിരന്നു എന്നതും ശ്രദ്ധേയമാണ്.

അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഈ നീക്കം മാനവികതയ്ക്കെതിരായ നീക്കമാണ്. അമേരിക്കൻ സാമ്രാജ്യത്വശക്തികളും കൂട്ടാളികളും നടത്തിക്കൊണ്ടിരിക്കുന്ന ഉപജാപങ്ങളെയും അട്ടിമറികളെയും കടന്നുകയറ്റങ്ങളെയും ലോകമാസകലമുയരുന്ന ശക്തമായ ബഹുജനപ്രക്ഷോഭങ്ങളിലൂടെ പരാജയപ്പെടുത്തിയേ മതിയാകൂ. എല്ലാ രാജ്യങ്ങളിലെയും സാമ്രാജ്യത്വ വിരുദ്ധരും സമാധാന കാംക്ഷികളുമായ ജനങ്ങളോട് ഒന്നിക്കുവാനും രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കാൻ വെനിസ്വലയിലെ ജനങ്ങൾ നടത്തുന്ന ശ്രമങ്ങളെ പിന്തുണയ്ക്കുവാനും അഭ്യർത്ഥിക്കുന്നു. വെനിസ്വലയിലും ഇതര രാജ്യങ്ങളിലും മരണവ്യാപാരികളായ അമേരിക്കൻ സാമ്രാജ്യത്വം നടത്തുന്ന ഗൂഢാലോചനകൾക്കും കുതന്ത്രങ്ങൾക്കുമെതിരെ അണിനിരക്കുവാൻ അമേരിക്കയിലെ ജനങ്ങളോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

## വെനിസ്വലൻ പ്രസിഡന്റിനെ പുറത്താക്കാനുള്ള അമേരിക്കൻ നീക്കത്തിൽ പ്രതിഷേധിക്കുക – ആന്റി ഇംപീരിയലിസ്റ്റ് ഫോറം

*2019 ജനുവരി 24*

നിക്കോളാസ് മെദുറോ നേതൃത്വം നൽകുന്ന വെനിസ്വലയിലെ തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ അട്ടിമറിക്കാൻ അമേരിക്കൻ സാമ്രാജ്യത്വ ശക്തികൾ നടത്തുന്ന നീക്കത്തെ ആൾ ഇന്ത്യ ആന്റി ഇംപീരിയലിസ്റ്റ് ഫോറം ശക്തമായി അപലപിക്കുന്നു. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മുൻകൈയിൽ നടക്കുന്ന വ്യാജപ്രചാരണങ്ങളാൽ വഞ്ചിതരാകരുതെന്നും ഇതിനെതിരെ ശക്തമായ പ്രതിഷേധമുയർത്തണമെന്നും രാജ്യത്തിന്റെ പരമാധികാരം സംരക്ഷിക്കാൻ ജനങ്ങൾ നടത്തുന്ന പരിശ്രമങ്ങളോടൊപ്പം അണിനിരക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ■

# ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിലെ ശാസ്ത്രവിരുദ്ധ പ്രചാരണം

## യുക്തിചിന്തയ്ക്കും മതേതര–ശാസ്ത്രീയ വീക്ഷണത്തിനും നേർക്കുള്ള ആർഎസ്എസ്–ബിജെപി ആക്രമണത്തിന്റെ അവിഭാജ്യഘടകം

**ഇന്ത്യക്കകത്തും പുറത്തുമുള്ള ശാസ്ത്രജ്ഞരുടെ പരസ്പരവ്യവഹാരങ്ങളുടേയും കൊടുക്കൽവാങ്ങലുകളുടേയും വളരെ വിലമതിക്കപ്പെട്ട വേദിയായാണ് ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിനെ എത്രയോ കാലമായി വിലയിരുത്തിയിരുന്നത്. എന്നാൽ, ആർഎസ്എസ്-ബിജെപി കൂട്ടുകെട്ട് നയിക്കുന്ന നരേന്ദ്രമോദി ഭരണത്തിനു കീഴിൽ, അശാസ്ത്രീയ ചിന്ത പരത്തുവാനുള്ള വേദിയായി ക്രമേണ ശാസ്ത്ര കോൺഗ്രസിനെ മാറ്റിയെടുക്കുകയാണോ? കഴിഞ്ഞ ഏതാനും വർഷങ്ങളായി നടക്കുന്ന സംഭവങ്ങളും, ഇക്കഴിഞ്ഞ കുറച്ച് ശാസ്ത്രകോൺഗ്രസുകളിൽ അരങ്ങേറുന്ന നടപടിക്രമങ്ങളും, ഈ സംശയം വളർത്തുന്നതാണ്.**

ഇന്ത്യക്കകത്തും പുറത്തുമുള്ള ശാസ്ത്രജ്ഞരുടെ പരസ്പരവ്യവഹാരങ്ങളുടേയും കൊടുക്കൽവാങ്ങലുകളുടേയും വളരെ വിലമതിക്കപ്പെട്ട വേദിയായാണ് ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിനെ എത്രയോ കാലമായി വിലയിരുത്തിയിരുന്നത്. എന്നാൽ, ആർഎസ്എസ്-ബിജെപി കൂട്ടുകെട്ട് നയിക്കുന്ന നരേന്ദ്രമോദി ഭരണത്തിനു കീഴിൽ, അശാസ്ത്രീയ ചിന്ത പരത്തുവാനുള്ള വേദിയായി ക്രമേണ ശാസ്ത്ര കോൺഗ്രസിനെ മാറ്റിയെടുക്കുകയാണോ? കഴിഞ്ഞ ഏതാനും വർഷങ്ങളായി നടക്കുന്ന സംഭവങ്ങളും, ഇക്കഴിഞ്ഞ കുറച്ച് ശാസ്ത്രകോൺഗ്രസുകളിൽ അരങ്ങേറുന്ന നടപടിക്രമങ്ങളും, ഈ സംശയം വളർത്തുന്നതാണ്. പരിഭ്രാന്തരായ ശാസ്ത്രജ്ഞരും ശാസ്ത്രസംഘടനകളും ശാസ്ത്രസ്നേഹികളായ ജനങ്ങളും രാജ്യത്തുടനീളം തെരുവിലിറങ്ങി പ്രതിഷേധിക്കുകയാണ്. ഇതിനോടകം തന്നെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ, കഴിഞ്ഞ രണ്ടു വർഷമായി അവർ 'മാർച്ച് ഫോർ സയൻസ്'(ശാസ്ത്രത്തിനായുള്ള ജാഥ) സംഘടിപ്പിക്കുകയും, പ്രതിഷേധം രേഖപ്പെടുത്തി അതിൽ പങ്കാളികളാകാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആസ്ട്രോഫിസിക്സ് ഡയറക്ടർ പ്രൊഫ. ജയന്ത് മൂർത്തി, ദ ഹിന്ദു ദിനപത്രത്തിലെഴുതിയ ലേഖനത്തിൽ ചൂണ്ടിക്കാട്ടിയതുപോലെ, ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയെ പോലെ ചില സംഘടനകൾ അന്ധവിശ്വാസത്തിന്റെ ചങ്ങലകളെ പൊട്ടിച്ചെറിയാൻ ശ്രമിക്കുന്നുണ്ട്, പക്ഷേ, അവരുടെ പ്രയത്നം കൊണ്ടുമാത്രം ആവശ്യകതകൾ നിറവേറ്റപ്പെടുന്നില്ല.

ശാസ്ത്രത്തിനു മേലുള്ള ഈ ആക്രമണം, അഥവാ ശാസ്ത്രവിരുദ്ധ പ്രചരണം, ആർഎസ്എസ് സൈദ്ധാന്തികനായ ദിനനാഥ് ബത്രയുടെ പുസ്തകപരമ്പരയിലൂടെ മുന്നോട്ടുവെച്ച, വിദ്യാഭ്യാസത്തിന്റെ ഇന്ത്യൻവൽക്കരണം എന്ന ആർഎസ്എസ്-ബിജെപി അജണ്ടയോടെയാണ് ആരംഭിച്ചത്. ദിനനാഥ് ബത്രയുടെ പുസ്തകപരമ്പരയെ പ്രകീർത്തിച്ചത് മറ്റാരുമല്ല, പ്രധാനമന്ത്രി നരേന്ദ്രമോദി തന്നെയാണ്. മാത്രവുമല്ല, അവയെ ഗുജറാത്തിലെ പ്രൈമറി-സെക്കന്ററി സ്കൂളുകളിൽ നിർബന്ധിത പാഠപുസ്തകങ്ങളാക്കുകയും ചെയ്തു. ഏകദേശം അതേ സമയം തന്നെ, 2014-ൽ മുംബൈയിലെ ഒരു സ്വകാര്യ ആശുപത്രിയുടെ ഉദ്ഘാടനച്ചടങ്ങിൽ വെച്ച്, നരേന്ദ്രമോദിതന്നെ എരിതീയിൽ എണ്ണയൊഴിക്കുകയും ചെയ്തു. പുരാതന ഇന്ത്യയിലായിരുന്നു പ്ലാസ്റ്റിക് സർജറി കണ്ടുപിടിച്ചത് എന്നതായിരുന്നു അദ്ദേഹത്തിന്റെ അവകാശവാദം. മനുഷ്യശരീരത്തിൽ ആനയുടെ തലയോടു കൂടിയ ഗണേശന്റെ രൂപത്തിലാണ്, അതിനുള്ള അനിഷേധ്യമായ തെളിവ് അദ്ദേഹം കണ്ടെത്തിയത്. ഒരു പൊതുവേദിയിൽ പ്രകടിപ്പിച്ച, അപഹാസ്യവും അങ്ങേയറ്റം അശാസ്ത്രീയവുമായ ആശയമായിരുന്നു ഇത്. അതേസമയം തന്നെ ബത്രയുടെ പുസ്തകങ്ങൾ അന്ധവിശ്വാസത്തിന്റെയും മതഭ്രാന്തിന്റെയും സങ്കലനം വളരുന്ന തലമുറകൾക്കായി വിളമ്പി. വ്യക്തമായും, ഇത്തരത്തിലുള്ള ഒരു ഉന്നതതല പ്രതിഷ്ഠാപനം ഭൂതത്തെ കുപ്പിയിൽ നിന്നും തുറന്നു വിട്ടു. അപ്പോൾ തൊട്ട്, മന്ത്രിസഭയിലും പാർട്ടിയിലുമുള്ള മോദിയുടെ സഹപ്രവർത്തകർ, മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ, അതുപോലെ, ബിജെപിയുടേയും ആർഎസ്എസ്സിന്റെയും സൈദ്ധാന്തികർ, വിദ്യാഭ്യാസപ്രവർത്തകർ, നേതാക്കൾ തുടങ്ങിയവർ, ദിനേനെ ഇതു പോലെയുള്ള അഭിപ്രായ പ്രകടനങ്ങൾ ഒരു കുലുക്കവുമില്ലാതെ വർധിതവീര്യത്തോടെ നടത്തിത്തുടങ്ങി. ഇത്തരം അഭിപ്രായപ്രകടനങ്ങളുടെ സ്വഭാവം ചില ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാവുന്നതാണ്. മോദി മന്ത്രിസഭയിൽ മാനവവിഭവശേഷി വകുപ്പ് സഹമന്ത്രിയായ, മുൻ ഐപിഎസ് ഉദ്യോഗസ്ഥൻ സത്യപാൽ സിങ് പറഞ്ഞത്, ഡാർവിന്റെ പരിണാമസിദ്ധാന്തം ശാസ്ത്രീയവീക്ഷണത്തിൽ തെറ്റാണെന്നാണ്. കാരണം, മനുഷ്യൻ കുരങ്ങിൽ നിന്നും ഉരുത്തിരിഞ്ഞുണ്ടാകുന്നത് ആരും എവിടെയും കണ്ടിട്ടില്ലത്രേ. അതുകൊണ്ട് പഠന സിലബസിൽ നിന്നും ഇത് ഒഴിവാക്കണമെന്നാണ് അദ്ദേഹത്തിന്റെ നിർദ്ദേശം. ബസുദേവ് ദേബ്നാനി എന്ന രാജസ്ഥാനിലെ മുൻ വിദ്യാഭ്യാസവകുപ്പു മന്ത്രി അവകാശപ്പെടുന്നത്, പശുക്കൾ ഓക്സിജൻ പുറത്തേക്കു വിടുന്നുവെന്നാണ്. ത്രിപുര മുഖ്യമന്ത്രി ബിപ്ലബ് ദേബ് ഒരു പടി കൂടി കടന്ന് അവകാശപ്പെട്ടത്, മഹാഭാരതദിനങ്ങളിൽ തന്നെ ഇന്റർനെറ്റ് ലഭ്യമായിരുന്നു എന്നാണ്. അല്ലാതെ എങ്ങനെയാണ്, കുരുക്ഷേത്രയുദ്ധത്തിന്റെ തൽസമയവിവരണം ധൃതരാഷ്ട്രർക്കു നൽകാൻ സഞ്ജയനു സാധിച്ചതെന്നാണ് അദ്ദേഹം ചോദിക്കുന്നത്. 2015-ലെ ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിൽ ക്യാപ്റ്റൻ ബോഡാസ് അവകാശപ്പെട്ടത്, വളരെ പണ്ട് വൈദികകാലഘട്ടത്തിൽ തന്നെ ഇന്ത്യയിൽ വിമാനം കണ്ടുപിടിച്ചിരുന്നു, അതിന് ഭൂഖണ്ഡങ്ങൾക്കിടയിൽ മാത്രമല്ല, ഗ്രഹങ്ങൾക്കിടയിലും സഞ്ചരിക്കാൻ സാധിക്കുമായിരുന്നു എന്നാണ്. 2018-ൽ മണിപ്പൂരിൽ വെച്ചു നടന്ന ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിൽ വെച്ച്, കേന്ദ്ര ശാസ്ത്രസാങ്കേതിക വകുപ്പുമന്ത്രി ഹർഷവർധൻ ഉന്നയിച്ച അവകാശവാദം ശ്രദ്ധിക്കാം. ആയിടെ അന്തരിച്ച പ്രശസ്ത ശാസ്ത്രജ്ഞൻ സ്റ്റീഫൻ ഹോക്കിംഗ്, മഹാശാസ്ത്രജ്ഞനായിരുന്ന പ്രൊഫ. ആൽബർട്ട് ഐൻസ്റ്റീന്റെ $E = mc^2$ എന്ന സിദ്ധാന്തത്തേക്കാൾ വികസിതമായവ വേദസൂത്രങ്ങളിൽ ഉണ്ടെന്ന് അഭിപ്രായപ്പെട്ടുവത്രേ. പക്ഷേ, നാളിതുവരെ ഈ വിചിത്രവാദത്തിന് അനുകൂലമായി തെളിവുകളൊന്നും മുന്നോട്ടുവെക്കാൻ അദ്ദേഹം തയ്യാറായിട്ടില്ല. ഗുജറാത്തിൽ നിന്നുള്ള ബിജെപി എംപി, ശങ്കർഭായ് വെഗാഡ് രാജ്യസഭയിൽ പറഞ്ഞത്, പശുക്കളുടെ ചാണകവും മൂത്രവും മരുന്നുകളേക്കാൾ വീര്യമേറിയതാണെന്നും, കാൻസർ അടക്കമുള്ള മാരകരോഗങ്ങളെ ചികിത്സിച്ചു മാറ്റാനുള്ള ശേഷി അവയ്ക്കുണ്ടെന്നുമാണ്. എന്നാൽ, അങ്ങനെയായിട്ടും എന്തുകൊണ്ടാണ് ആർഎസ്എസ്-ബിജെപി നേതാക്കളും മന്ത്രിമാരും കാൻസർ അടക്കമുള്ള സങ്കീർണ രോഗങ്ങളുടെ ചികിത്സക്കായി വിദേശരാജ്യങ്ങളിൽ പോകുന്നതെന്ന് അദ്ദേഹവും നാളിതുവരെയും വ്യക്തമാക്കിയിട്ടില്ല.

ശാസ്ത്ര കോൺഗ്രസിലേക്ക് തിരിച്ചുവരാം. ഈ നിരയിലേക്ക് ഏറ്റവും പുതുതായുള്ള സംഭാവന, 2019 ജനുവരി 3 മുതൽ 7 വരെ പഞ്ചാബിലെ ജലന്ധറിൽ നടന്ന 106-ാമത് ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിൽ വച്ച് ആന്ധ്ര സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. നാഗേശ്വർ റാവു ഉന്നയിച്ചതാണ്. തന്റെ പ്രസംഗത്തിൽ അദ്ദേഹം അവകാശപ്പെട്ടത്, ഡാർവിന്റെ പരിണാമസിദ്ധാന്തത്തിനു വളരെ മുമ്പേ തന്നെ, ഗീതയിലെ ദശാവതാര സിദ്ധാന്തത്തിലൂടെ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജീവജാലങ്ങളുടെ പരിണാമം വിശദീകരിക്കപ്പെട്ടിട്ടുണ്ടെന്നാണ്. അതുപോലെ തന്നെ, കൗരവർ മൂലകോശങ്ങളിൽ നിന്നും ഐവിഎഫ് (ടെസ്റ്റ് ട്യൂബ് ബേബി സാങ്കേതികവിദ്യ) ഉപയോഗിച്ചാണ് ജന്മമെടുത്തതെന്നും അദ്ദേഹം അവകാശപ്പെടുന്നു. അദ്ദേഹത്തിന്റെ അവകാശവാദങ്ങൾ തുടരുന്നു: ലക്ഷ്യത്തെ നിഗ്രഹിച്ച ശേഷം തൊടുത്തയിടത്തേക്ക് തിരിച്ചെത്തുന്ന മിസൈലായിരുന്നു ഭഗവാൻ വിഷ്ണുവിന്റെ സുദർശനചക്രം. രാവണന് ഒരു പുഷ്പകവിമാനം മാത്രമല്ല, വിവിധ വലുപ്പത്തിലും ശേഷിയിലുമുള്ള 24 തരം വിമാനങ്ങളാണ് ഉണ്ടായിരുന്നത്. കണ്ണൻ ജഗതല കൃഷ്ണൻ എന്ന മറ്റൊരു പ്രാസംഗികൻ പറഞ്ഞത്, ന്യൂട്ടണും ഐൻസ്റ്റീനും മറ്റ് മഹാശാസ്ത്രജ്ഞരും നടത്തിയ ശാസ്ത്രീയ പ്രയത്നത്തിലൂടെയാണ് ആധുനിക ഭൗതികശാസ്ത്രം വികസിച്ചതെന്നു പറയുന്നത് തീർത്തും തെറ്റാണ്. അസംബന്ധമാണെങ്കിലും അദ്ദേഹം ആവശ്യപ്പെട്ടത്, ഗുരുത്വാകർഷണ തരംഗങ്ങളെ മോദി തരംഗമെന്നും, ഗുരുത്വാകർഷണം മൂലം പ്രകാശരശ്മികൾ വളയുന്ന പ്രതിഭാസത്തെ ഹർഷവർധൻ പ്രതിഭാസമെന്നും പുനർനാമകരണം ചെയ്യണമെന്നാണ്.

ഇത്തരം അവകാശവാദങ്ങളെല്ലാം അന്തസത്തയിൽ ഒന്നുതന്നെയാണ്. ഇവയെല്ലാം തന്നെ പുരാതന ഇന്ത്യയിൽ ശാസ്ത്രവും സാങ്കേതികവിദ്യയും ഉണ്ടാക്കിയ നേട്ടങ്ങളെ അശാസ്ത്രീയമായും ചരിത്രവിരുദ്ധമായും മഹത്വവൽക്കരിക്കുകയാണ്. ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയും യുക്തിരഹിതമാക്കുകയും ചെയ്യുന്നതിലൂടെ ഇന്ത്യൻ ശാസ്ത്രസമൂഹത്തെ ലോകത്തിനു മുന്നിൽ അപമാനിതരാക്കുക മാത്രമല്ല ഇവർ ചെയ്യുന്നത്. യുക്തിരഹിതമായ അന്ധവിശ്വാസത്തിലും, മതഭ്രാന്തിലും അധിഷ്ഠിതമായ ഇവയൊക്കെ, ശാസ്ത്രത്തിനു തന്നെ അശുഭകരമായ വിനാശം വിതക്കുന്നതാണ്. മൂർത്തവും നിർണയിക്കാനാവുന്നതുമായ തെളിവുകളുടേയും ശാസ്ത്രീയവാദങ്ങളുടേയും അടിത്തറയിലാണ് ആധുനികശാസ്ത്രം നിലകൊള്ളുന്നത്. എന്നാൽ മേൽപ്പറഞ്ഞ അവകാശവാദങ്ങളുടെയൊന്നും നേര് നിർണയിക്കാൻ ഈ മാർഗങ്ങളൊന്നുമല്ല സ്വീകരിക്കുന്നത്. പകരം വ്യക്തിഗത വിശ്വാസങ്ങളിൽ ഉറച്ചുകൊണ്ട്, പൗരാണികകഥകളേയും രാമായണവും മഹാഭാരതവും അടക്കമുള്ള ഇതിഹാസങ്ങളിൽ നിന്നുള്ള ആഖ്യാനങ്ങളേയും, ശാസ്ത്രനേട്ടങ്ങളായും ചരിത്രസത്യങ്ങളായും ചിത്രീകരിക്കുവാനുള്ള ശ്രമമാണ് നടത്തുന്നത്. പലപ്പോഴും ഇതോടൊപ്പം ബോധപൂർവം വിവരങ്ങൾ വളച്ചൊടിക്കുകയും കള്ളത്തരം പ്രചരിപ്പിക്കുകയും ചെയ്യുന്നു. വ്യക്തമായും, വൈദികകാലത്തിന്റെ മഹത്വം കൊട്ടിഘോഷിച്ചുകൊണ്ട്, ആളുകളുടെ മനസ്സിൽ ഹിന്ദുത്വ അജണ്ട തിരുകിക്കയറ്റാനുള്ള തിരക്കിട്ട പ്രയത്നം തന്നെയാണിത്.

അന്ധവിശ്വാസവും ശാസ്ത്രവും തമ്മിലുള്ള വൈരുദ്ധ്യം മനുഷ്യചരിത്രത്തിന്റെ ആരംഭം തൊട്ടുതന്നെ തുടരുന്ന ഒന്നാണ്. നെടുനാളത്തെ നിരീക്ഷണത്തിന്റെയും പഠനത്തിന്റെയും അടിസ്ഥാനത്തിൽ, ഭൂമി നിശ്ചലമല്ല, പകരം സൂര്യനു ചുറ്റും അതിവേഗത്തിൽ ഭ്രമണം ചെയ്യുന്നു എന്ന് ഗലീലിയോയും കോപ്പർനിക്കസും തെളിയിച്ചു. പക്ഷേ അന്നത്തെ സമൂഹത്തിന് അത് അത്രവേഗം അംഗീകരിക്കാൻ ബുദ്ധിമുട്ടായിരുന്നു. കാരണം, അന്ന് ബൈബിളും പള്ളിയും അവരെ നേർവിപരീതമാണ് പഠിപ്പിച്ചിരുന്നത്. അതായത്, ഭൂമി നിശ്ചലമെന്നും, സൂര്യൻ അതിനു ചുറ്റും ഭ്രമണം ചെയ്യുന്നുവെന്നും. ഈ പ്രതിബന്ധം മറികടക്കുവാൻ ഏറെ ബുദ്ധിമുട്ടേറിയ പോരാട്ടമാണ് ശാസ്ത്രജ്ഞർക്കു നടത്തേണ്ടി വന്നത്. ഡാർവിന്റെ പരിണാമസിദ്ധാന്തം കേവലം ഒരു ദിവസം കൊണ്ട് വെളിച്ചം ക

(ശേഷം 5-ാം പേജിൽ)

# ചരിത്രവിരുദ്ധമായ അവകാശവാദങ്ങൾ ഇന്ത്യൻ ശാസ്ത്ര സമൂഹത്തെ ലോകത്തിനുമുന്നിൽ അപമാനിതരാക്കുന്നു

(4-ാം പേജിൽ നിന്ന്)

ണ്ടതല്ല, അത് അദ്ദേഹത്തിന്റെ വ്യക്തിപരമായ വിശ്വാസത്തിൽ അധിഷ്ഠിതവുമല്ല. അന്നത്തെ അദ്ദേഹത്തിന്റെ സമൂഹത്തിൽ അത്ര സ്വീകാര്യമല്ലാതിരുന്ന ശാസ്ത്രീയ മനോഭാവമാണ്, നീണ്ട അഞ്ചു വർഷം കടൽയാത്ര നടത്തി പ്രകൃതിയെക്കുറിച്ചു പഠിക്കാൻ അദ്ദേഹത്തിനു പ്രചോദനമായത്. വളരെ ക്ഷമയോടെ, രണ്ട് അമേരിക്കൻ ഭൂഖണ്ഡങ്ങളിലേയും സസ്യജന്തുജാലങ്ങളുടേയും സ്വഭാവപ്രത്യേകതകൾ അദ്ദേഹം നിരീക്ഷിച്ചു. അവിടത്തെ മലകളിലും കാടുകളിലും കടന്നുചെന്നു. വളരെയധികം ഫോസ്സിലുകൾ ശേഖരിച്ചു. എന്നിട്ട് സ്വന്തം നാട്ടിൽ മടങ്ങിയെത്തി, നീണ്ട 12 വർഷം, ശേഖരിച്ച തെളിവുകൾ പഠിക്കുകയും അവയിൽ പരീക്ഷണങ്ങൾ നടത്തുകയും ചെയ്തു. ഇത്രയും തീക്ഷ്ണമായ ഒരു സമരത്തിനു ശേഷം മാത്രമാണ്, പ്രകൃതിനിർദ്ധാരണത്തിലൂടെയുള്ള ജീവിവർഗങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചുള്ള തന്റെ നിർണയത്തിലേക്ക് അദ്ദേഹം എത്തിച്ചേർന്നത്. പക്ഷേ ഇവിടെയും ഭൂരിഭാഗം ജനങ്ങളും അത് എളുപ്പത്തിൽ സ്വീകരിച്ചിരുന്നില്ല. പഴഞ്ചൻ വിശ്വാസങ്ങളിലും മതാന്ധതയിലും ആഴത്തിൽ മുങ്ങിക്കിടന്ന വിദ്യാസമ്പന്നരായ ആളുകൾ പോലും, ഡാർവിന്റെ സിദ്ധാന്തത്തെ പലപ്പോഴും ദുർബ്ബലമായ വാദങ്ങൾ കൊണ്ട് തള്ളിക്കളയാനാണ് ശ്രമിച്ചത്. ഇത്തരം സംഭവങ്ങൾ അനവധിയുണ്ട്. ശാസ്ത്രവിരുദ്ധരേയും, അന്ധവിശ്വാസങ്ങളേയും, പഴഞ്ചൻ വിശ്വാസങ്ങളേയും, അന്ധതയേയും മതഭ്രാന്തിനേയും ഒക്കെ എതിരിട്ടുകൊണ്ടാണ് ശാസ്ത്രം അതിന്റെ വഴിവെട്ടി മുന്നോട്ടു വന്നിട്ടുള്ളത്.

അടുത്തിടെ ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിന്റെ വേദിയിലൂടെ നടത്തിക്കൊണ്ടിരിക്കുന്ന ശാസ്ത്രവിരുദ്ധ പ്രചാരണവും, അതിനോട് ഉടനടി ഉണ്ടാകുന്ന ശാസ്ത്രജ്ഞരുടെ പ്രതിഷേധവുമെല്ലാം കാണിക്കുന്നത്, ഈ വൈരുദ്ധ്യവും പോരാട്ടവും ഇപ്പോഴും തുടരുന്നുവെന്നാണ്. മുൻനിരശാസ്ത്രജ്ഞരും ഗവേഷകരും ശാസ്ത്രസ്നേഹികളായ ജനങ്ങളും, ബാംഗ്ലൂർ (കർണാടക), കൊച്ചി, കോട്ടയം (കേരളം), അനന്ത്പൂർ (ആന്ധ്രപ്രദേശ്), അഗർത്തല (ത്രിപുര), ഗുണ, ഇൻഡോർ (മധ്യപ്രദേശ്), ജംഷഡ്പൂർ (ജാർഖണ്ഡ്), കൊൽക്കത്ത (പശ്ചിമബംഗാൾ), ഡൽഹി തുടങ്ങി പല നഗരങ്ങളിലും പ്രതിഷേധപ്രകടനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. രാജ്യത്തെ പല സംസ്ഥാനങ്ങളിലുമുള്ള പ്രമുഖ സർവ്വകലാശാലകളിലും കലാലയങ്ങളിലും വിദ്യാർത്ഥികളും പ്രൊഫസർമാരും പ്രതിഷേധം നടത്തിയിരുന്നു. സെന്റർ ഫോർ സെൽ ആൻഡ് മോളിക്കുലാർ ബയോളജി മുൻ ഡയറക്ടർ പ്രൊഫ. മോഹൻ റാവു, ഹൈദരാബാദിൽ നടത്തിയ പത്രസമ്മേളനത്തിലൂടെ ശാസ്ത്രകോൺഗ്രസിന്റെ ശാസ്ത്രവിരുദ്ധനിലപാടിൽ പ്രതിഷേധിക്കുകയുണ്ടായി. സുപ്രസിദ്ധ ബഹിരാകാശ ശാസ്ത്രജ്ഞൻ പ്രൊഫ. ജയന്ത് വിഷ്ണു നാർലിക്കറും മറ്റ് 37 ശാസ്ത്രജ്ഞരും ചേർന്ന് ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് അസോസിയേഷൻ പ്രസിഡന്റിന് കത്തയച്ചിരുന്നു. ഭാവിയിൽ, ശാസ്ത്രത്തിന്റെ വേദിയിലൂടെ ഇത്തരം ശാസ്ത്രവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നത് അവസാനിപ്പിക്കണമെന്ന് ഈ കത്തിലൂടെ അവർ ആവശ്യപ്പെട്ടു. ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ് അധ്യക്ഷന്, ഇന്ത്യൻ ശാസ്ത്ര സമൂഹത്തിന്റെ ഈ ശക്തമായ പ്രതിഷേധത്തെ കണക്കിലെടുക്കാതിരിക്കാൻ കഴിഞ്ഞില്ല. അദ്ദേഹം മാപ്പു പറയുകയും വേണ്ട നടപടികളെടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. പ്രൊഫ. ജയന്ത് മൂർത്തിയുടെ അഭിപ്രായം നമ്മൾ തുടക്കത്തിൽ പരാമർശിച്ചിരുന്നു. ഇതിനു പുറമേ, കൽക്കട്ട സർവ്വകലാശാലയിലെ ഒരു പ്രകടനത്തിൽ പങ്കെടുക്കവേ, പ്രസിദ്ധ ശാസ്ത്രജ്ഞനായ പ്രൊഫ. അമിതാവാ ദത്ത, പത്രക്കാർക്കു മുന്നിൽ ചില ചോദ്യങ്ങളുന്നയിച്ചിരുന്നു–പുരാതനഭാരതത്തിലെ ശാസ്ത്രപുരോഗതിയെ കുറിച്ച് പരാമർശിക്കാനാണെങ്കിൽ, രാമനേയും രാവണനേയും ഗാന്ധാരിയേയും ഒക്കെക്കുറിച്ച് പറയേണ്ട ആവശ്യം തന്നെയുണ്ടോ? ഈ ആവശ്യകതക്കാണെങ്കിൽ ജ്യോതിശാസ്ത്രത്തിലും ബീജഗണിതത്തിലും ത്രിമാനഗണിതത്തിലും ചികിത്സാശാസ്ത്രത്തിലുമൊക്കെ ചരകന്റെയും സുശ്രുതന്റെയും കണാദന്റെയും ആര്യഭട്ടന്റെയും വരാഹമിഹിരന്റെയും ഭാസ്ക്കരാ ചാര്യന്റെയും ബ്രഹ്മഗുപ്തന്റെയും അതുപോലെ മറ്റനേകം വിശ്രുതശാസ്ത്രജ്ഞരുടേയും സംഭാവനകളിലൂടെ നേടിയെടുത്ത തിളങ്ങുന്ന നേട്ടങ്ങളെക്കുറിച്ചല്ലേ പരാമർശിക്കേണ്ടത്?

ഈ പ്രതിഷേധങ്ങൾ കൊണ്ടു മാത്രം, ശാസ്ത്രവിരുദ്ധപ്രചാരകരെ അവരുടെ അജണ്ടയുമായി മുന്നോട്ടു പോകുന്നതിൽ നിന്നും തടയാൻ സാധിക്കുമോ എന്നതാണ് ഇവിടെ ഉയരുന്ന പ്രസക്തമായ ചോദ്യം. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസസംവിധാനം യഥാർത്ഥത്തിൽ ശാസ്ത്രീയമല്ല എന്ന യാഥാർത്ഥ്യത്തെ നമുക്ക് അവഗണിക്കാൻ സാധിക്കുകയില്ല. വിദ്യാഭ്യാസമുള്ളവരിൽ പോലും ശാസ്ത്രീയവീക്ഷണം വികസിക്കുന്നില്ല. അവർ ശാസ്ത്രം പഠിക്കുന്നു, പക്ഷേ ശാസ്ത്രത്തിന്റെ രീതി പഠിക്കുന്നില്ല. ഭൂതകാലത്ത് നടന്ന സംഭവങ്ങളെക്കുറിച്ച് അവരെ പഠിപ്പിക്കുന്നു, പക്ഷേ നമ്മൾ എങ്ങനെയാണ് അതേക്കുറിച്ച് അറിയേണ്ടത് എന്നതിനെക്കുറിച്ച് അവരെ പഠിപ്പിക്കുന്നില്ല. അവർക്ക് വസ്തുതകൾ നൽകുന്നു, എന്നാൽ ചരിത്രം പുനർനിർമ്മിക്കാൻ ആവശ്യം വേണ്ട തെളിവുകൾ നൽകുന്നില്ല. കാണാപാഠം പഠിക്കുവാനും പഠിക്കുന്നത് അതേപോലെ വിശ്വസിക്കുവാനുമാണ് വിദ്യാർത്ഥികളെ ശീലിപ്പിക്കുന്നത്. അല്ലാതെ, ചോദ്യം ചെയ്യുവാനും സ്വയം വിലയിരുത്തുവാനും അവരെ പഠിപ്പിക്കുന്നില്ല.

ഈ വിടവാണ് ശാസ്ത്രവിരുദ്ധ പ്രചാരകർ ഉപയോഗപ്പെടുത്തുന്നത്. ഇതിഹാസങ്ങളിലും പുരാണങ്ങളിലും ഉപനിഷത്തുകളിലും ഉള്ള ആഖ്യാനങ്ങൾ യഥാർത്ഥത്തിൽ പണ്ട് നടന്നവയാണെന്നും, അവ ചരിത്രത്തിന്റെ തന്നെ ഭാഗമാണെന്നും ജനങ്ങളെ വിശ്വസിപ്പിക്കാൻ അവർ ശ്രമിക്കുന്നു. രാമായണവും മഹാഭാരതവും വളരെ ഉന്നതനിലവാരം പുലർത്തുന്ന സാഹിത്യരചനകളാണ് എന്നതിൽ സംശയമൊന്നുമില്ല. മറ്റേതൊരു സാഹിത്യരചനയിലുമെന്ന പോലെ തന്നെ, ഈ ഇതിഹാസങ്ങളിലും ചിത്രീകരിക്കപ്പെട്ട കഥാപാത്രങ്ങളും സംഭവങ്ങളും ഭാവനാത്മകം തന്നെയാണ്. തങ്ങളുടെ ഭാവനകളെ കാവ്യങ്ങളായും ഗാനങ്ങളായും കവികൾ ഇഴചേർത്തിരിക്കുന്നു. രാമായണമാകട്ടെ മഹാഭാരതമാകട്ടെ, ഏകകവികളാൽ രചിക്കപ്പെട്ടവയല്ല എന്നതും ഇന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. മറിച്ച്, അസംഖ്യം അജ്ഞാതരായ കവികൾ ഏഴെട്ടു നൂറ്റാണ്ടുകളുടെ നീണ്ട കാലയളവ് കൊണ്ട് രചിച്ചവയുടെ സമാഹൃതസൃഷ്ടികളാണിവ. അതായത്, പല നൂറ്റാണ്ടുകളിലായുള്ള നിരവധിയാളുകളുടെ ഭാവനകളും ആഗ്രഹങ്ങളും വേദനകളും വിഷമങ്ങളും സന്തോഷവുമെല്ലാം ഈ ഇതിഹാസങ്ങളിൽ സമാഹരിച്ചുകൊണ്ടാണ് ഇവയെ സാഹിത്യസൃഷ്ടികളായി നിർമ്മിച്ച് പരിപോഷിപ്പിച്ചിരിക്കുന്നത്. അപ്പോൾ ഏതെങ്കിലും കാലഘട്ടത്തിന്റെ ചരിത്രത്തെ ഇവയിൽ തിരയുകയെന്നത് ഫലശൂന്യമാണ്.

എന്നാലീ വിചിത്ര അവകാശവാദങ്ങളുടെ പ്രചാരകർ ഇതിഹാസങ്ങളിൽ ചരിത്രം മാത്രമല്ല തിരയുന്നത്, അവരതിൽ ശാസ്ത്രവും സാങ്കേതികവിദ്യയും അന്വേഷിക്കുന്നു. ഇതിഹാസത്തിലെ പുഷ്പകവിമാനത്തിന്റെ പരാമർശം, അന്ന് വിമാനമുണ്ടായിരുന്നതിന്റെ തെളിവായി ഇക്കൂട്ടർ ചൂണ്ടിക്കാട്ടുന്നു. ബ്രഹ്മാസ്ത്രത്തെ കുറിച്ചുള്ള കഥകൾ, അന്നേ അണുബോംബുണ്ടായിരുന്നു എന്നതിന്റെ തെളിവായി ഇവർ നിർദേശിക്കുന്നു. എങ്ങനെയാണ് ഗാന്ധാരിക്ക് നൂറു പുത്രന്മാർക്കും ഒരു പുത്രിക്കും ജന്മം നൽകാനാവുക? അപ്പോൾ, അന്നേ മൂലകോശ രീതിശാസ്ത്രമൊക്കെ നിലവിലുണ്ടായിരുന്നുവെന്നും, അല്ലാതെ ഈ അസാധ്യകർമം എങ്ങനെ സാധ്യമാകുമെന്നുമുള്ള സിദ്ധാന്തമാണ് ഈ പ്രചാരകർ മുന്നോട്ടു വെക്കുന്നത്. മഹാഭാരതത്തിലെ ഘടോൽക്കചൻ എന്ന ഭീമാകാര കഥാപാത്രത്തെ ചൂണ്ടിക്കാട്ടി, ജനിതക സാങ്കേതികവിദ്യയൊക്കെ അന്നേ അറിയാമായിരുന്നു എന്നവർ ഉറപ്പിക്കുന്നു. ഇത്തരത്തിലുള്ള വാദങ്ങളാണ് ഈ ശാസ്ത്രവിരുദ്ധ പ്രചാരകർ ഉയർത്തുന്നത്.

മാനവരാശിക്ക് വിമാനങ്ങൾ പരിചിതമാകുന്നതിനു മുമ്പ്, മഹാഭാരതകാലഘട്ടത്തിൽ വിമാനങ്ങൾ നിലനിന്നിരുന്നു എന്ന് ആരും തന്നെ അവകാശമുന്നയിക്കുകയോ അതിനു സാധിക്കുകയോ ഇല്ലായിരുന്നു എന്നത് ഇവിടെ നമ്മൾ വിട്ടുപോകരുത്. അണുബോംബ് കണ്ടുപിടിക്കുന്നതിനു മുമ്പ് തന്നെ പാശുപതാസ്ത്രവും ബ്രഹ്മാസ്ത്രവുമൊക്കെ അണുബോംബുകളായിരുന്നു എന്ന് ആരും അവകാശപ്പെട്ടിരുന്നില്ല. മൂലകോശ പ്രക്രിയ മനുഷ്യനു പരിചിതമാവുന്നതിന് മുമ്പ് തന്നെ അതുപയോഗിച്ച് 101 കുട്ടികൾക്ക് ജന്മം നൽകാനാകും എന്ന് ആരും എന്തേ പറഞ്ഞില്ല? 1980 കളിൽ ഇന്റർനെറ്റ് സാങ്കേതികവിദ്യ ആരംഭിക്കുന്നതിനു മുമ്പ് തന്നെ, മഹാഭാരതകാലത്തെ ജനങ്ങൾക്ക് അതിന്റെ ഉപയോഗങ്ങളെക്കുറിച്ച് അറിയാമായിരുന്നു എന്ന് ആരും അവകാശമുന്നയിച്ചിരുന്നില്ല. ആധുനികശാസ്ത്രത്തിന്റെ ഘടകങ്ങൾ വേദങ്ങളിലും ഉപനിഷത്തുകളിലും പുരാണങ്ങളിലും ഇതിഹാസങ്ങളിലുമൊക്കെ ഉണ്ടായിരുന്നുവെങ്കിൽ, അവയിലെ ശ്ലോകങ്ങളും കാവ്യങ്ങളും പഠിച്ചുകൊണ്ടു മാത്രം

ആർക്കും ഈ കണ്ടുപിടിത്തങ്ങളൊക്കെ നടത്താമായിരുന്നു, മറ്റാർക്കും മുമ്പേ ഈ സാങ്കേതികവിദ്യകൾ വികസിപ്പിക്കാമായിരുന്നു.

ഒന്നുമില്ലായ്മയിൽ നിന്നും പെട്ടെന്ന് ഒരു സാങ്കേതികവിദ്യയും ഉയർന്നു വരില്ല. വിമാനം കണ്ടുപിടിക്കുന്നതിനു മുമ്പ് വായുചലനവിജ്ഞാനീയത്തിന്റെയും, വൈദ്യുതിയുടേയും താപയാന്ത്രികശാസ്ത്രത്തിന്റെയും നിയമങ്ങൾ മനുഷ്യന് അറിയേണ്ടതുണ്ട്. ആണവായുധം നിർമ്മിക്കുകയോ, ആണവോർജ്ജത്തിന്റെ സാധ്യതകൾ വെളിപ്പെടുത്തുകയോ ചെയ്യുന്നതിനു മുമ്പ്, അണുവിന്റെ ഘടകപദാർത്ഥങ്ങളുടെ നിയമങ്ങളെക്കുറിച്ചും ക്വാണ്ടം മെക്കാനിക്സിന്റെ സിദ്ധാന്തങ്ങളെക്കുറിച്ചും മനസ്സിലാക്കേണ്ടതുണ്ട്. ജനിതക എഞ്ചിനീയറിങ്ങിന്റെ കാലഘട്ടത്തിലേക്ക് ചുവടു വെക്കുന്നതിനു മുമ്പ്, വംശപാരമ്പര്യനിയമങ്ങളും ഡിഎൻഎയുടെ സ്വാഭാവത്തെ കുറിച്ചുള്ള ജ്ഞാനവും പുറത്തുവരേണ്ടതുണ്ട്. സാങ്കേതികവിദ്യ ഒരിക്കലും അടിസ്ഥാനശാസ്ത്രത്തിനു മുന്നേ ഉണ്ടാകാറില്ല. ഒരു പ്രത്യേകമേഖലയിലെ പ്രകൃതിയുടെ നിയമങ്ങളെക്കുറിച്ച് അറിയുവാൻ അടിസ്ഥാനശാസ്ത്രം തന്നെയാണ് ആധാരം. അപ്പോൾ ശാസ്ത്രവിരുദ്ധർ പ്രചരിപ്പിക്കുന്ന സിദ്ധാന്തങ്ങളൊന്നും തന്നെ, നാമമാത്രമായി പോലും, വൈദികകാലത്തെ ജനങ്ങളുടെ മനസ്സിലോ ചിന്തയിലോ ഉണ്ടാവുക സാധ്യമല്ല. ശാസ്ത്രത്തിൽ ഒരു സിദ്ധാന്തം രൂപപ്പെടുന്നത്, ഒരു ശാസ്ത്രീയരീതി പിന്തുടർന്നു മാത്രമാണ്. ഇതിന്, പരീക്ഷണം-നിരീക്ഷണം-നിഗമനം-തെളിയിക്കൽ എന്നീ പ്രക്രിയകൾ ഉൾപ്പെട്ടിരിക്കുന്നു.

(ശേഷം 6-ാം പേജിൽ)

**കേന്ദ്രത്തിലെ ശാസ്ത്രവിരുദ്ധശക്തികൾക്ക്, ജനങ്ങളുടെ വിവേചനശക്തിയും മതേതര-ശാസ്ത്രീയ മനോഭാവവും നശിപ്പിച്ച്, അന്ധതയും മതഭ്രാന്തും അന്ധവിശ്വാസവും കുത്തിവെയ്ക്കാനാണ് താത്പര്യം. ആധുനികജീവിതത്തിൽ ശാസ്ത്രത്തിന്റെ, പ്രത്യേകിച്ചും, അതിന്റെ സാങ്കേതികവശങ്ങളുടെ ആവശ്യകത നിഷേധിക്കാൻ അവർക്കാകില്ല. അതുകൊണ്ട്, ശാസ്ത്രീയ വീക്ഷണം തകർത്ത്, ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളിൽ മാത്രം ഊന്നൽ കൊടുക്കുകയാണ് അവർ. ഇത് ഫാഷിസത്തിന്റെ സ്വഭാവവിശേഷമാണ്.**



പ്രതിഷേധ കൂട്ടായ്മ സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

# ഐഎൻപിഎ പ്രതിഷേധ കൂട്ടായ്മ

- വിദ്യാഭ്യാസ വായ്പയെടുത്തവരെ തെരുവാധാരമാക്കരുത്
- വായ്പ സമ്പൂർണ്ണമായി സർക്കാർ ഏറ്റെടുക്കുക

**ജോ**ലി ലഭിക്കാത്തതുമൂലം വിദ്യാഭ്യാസ വായ്പ തിരിച്ചടവിന് കഴിയാതിരിക്കുന്നവരെ ജപ്തി ചെയ്ത് തെരുവാധാരമാക്കുരുതെന്നും അവരുടെ വായ്പ സർക്കാർ ഏറ്റെടുക്കുകയാണ് വേണ്ടതെന്നും ഇന്ത്യൻ നഴ്സസ് പേരൻസ് അസോസിയേഷൻ(ഐഎൻപിഎ) സംസ്ഥാന വൈസ് പ്രസിഡന്റ് എൻ.ആർ.മോഹൻകുമാർ അഭിപ്രായപ്പെട്ടു. ബാങ്ക് വായ്പയെടുത്ത വമ്പൻ കുത്തകകളുടേയും കോർപ്പറേറ്റുകളുടെയും ലക്ഷം കോടികൾ എഴുതിതള്ളുന്ന സർക്കാരുകളും ബാങ്കുകളും കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഏതാനും ലക്ഷം രൂപ വായ്പയെടുത്തവരുടെ കിടപ്പാടം ജപ്തി ചെയ്ത് അവരെ തെരുവിലേക്ക് ഇറക്കിവിടാനാണ് ശ്രമിക്കുന്നത്. ഇത് അനുവദിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസ വായ്പയെടുത്തവർ സംസ്ഥാന തലത്തിൽ സംഘടിപ്പിക്കാൻ പോകുന്ന സെക്രട്ടേറിയറ്റ് മാർച്ചിന്റെ മുന്നോടിയായി, കൂത്താട്ടുകുളം മേഖലാ കമ്മിറ്റി ബസ്സ്റ്റാൻഡിൽ സംഘടിപ്പിച്ച പ്രതിഷേധ കൂട്ടായ്മ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മേഖലാ പ്രസിഡന്റ് പി.ആർ.ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജോ.സെക്രട്ടറി എം.കെ.ഉഷ സ്വാഗതം പറഞ്ഞു. സംസ്ഥാന നേതാവായ സി.കെ.ശിവദാസൻ മുഖ്യപ്രഭാഷണം നടത്തി. സി.കെ.തമ്പി, ശശി അയ്യമ്പുഴ, സോണി കുത്താട്ടുകുളം എന്നിവർ പ്രസംഗിച്ചു. ■

**എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ നടന്ന**

# എൻഡോസൾഫാൻ ദുരിതബാധിതരുടെ സമരത്തിന് വിജയ പരിസമാപ്തി

- മുഴുവൻ ദുരിതബാധിതരെയും അതിർത്തി നോക്കാതെ ലിസ്റ്റിൽ ഉൾപ്പെടുത്തും



സങ്കടയാത്ര സമാപിച്ചപ്പോൾ നടന്ന പ്രതിഷേധ യോഗത്തിൽ സമരസഹായ സമിതി ചെയർമാൻ സഖാവ് എം.ഷാജർഖാൻ പ്രസംഗിക്കുന്നു

**എ**ൻഡോസൾഫാൻ ദുരിതബാധിതരായ അമ്മമാരും കുഞ്ഞുങ്ങളും തലസ്ഥാനത്ത് സെക്രട്ടേറിയറ്റ് നടയിൽ ജനുവരി 30ന് ആരംഭിച്ച സമരം ഫെബ്രുവരി 3-ാം തീയതി വിജയകരമായി പര്യവസാനിച്ചു. എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണിയുടെ ആഭിമുഖ്യത്തിൽ നടന്ന സമരത്തിന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ പൂർണ്ണ പിന്തുണയും സഹായവും നൽകിയിരുന്നു. തുടക്കം മുതൽ അനുകൂല സമീപനം പുലർത്താതെ സമര വിരുദ്ധ നിലപാട് സ്വീകരിച്ച സംസ്ഥാന സർക്കാരും ഇടതുമുന്നണിയും ഒടുവിൽ വീറുറ്റ സമരത്തിന് മുന്നിൽ കീഴടങ്ങുകയായിരുന്നു. സമരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യം, മുഴുവൻ ദുരിതബാധിതരെയും അതിർത്തി നോക്കാതെ പരിഗണിക്കണമെന്നതായിരുന്നു. അതുൾപ്പെടെയുള്ള ആവശ്യങ്ങൾ മുഖ്യമന്ത്രിയുമായി നടന്ന ചർച്ചയിൽ അംഗീകരിക്കപ്പെട്ടതോടെയായിരുന്നു അനിശ്ചിതകാല പട്ടിണി സമരം അവസാനിച്ചത്. അതിന് മുമ്പ്, സമര പ്രവർത്തകരും ബഹുജനങ്ങളും മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിലേക്ക് നടത്തിയ 'സങ്കടയാത്ര' വൻ ചലനങ്ങൾ സൃഷ്ടിച്ചു. സങ്കടയാത്ര സമാപിച്ചപ്പോൾ നടന്ന പ്രതിഷേധ യോഗത്തിൽ സമരസഹായ സമിതി ചെയർമാൻ കൂടിയായ സഖാവ് എം.ഷാജർഖാൻ അധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് ആർ.കുമാർ, വി.എം.സുധീരൻ, സോണിയ ജോർജ്, ഗീതാ നസീർ, എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി പ്രസിഡന്റ് മുനീസ അമ്പലത്തറ, കെ.സന്തോഷ്കുമാർ, മുംതാസ് എന്നിവർ പ്രസംഗിച്ചു. സങ്കടയാത്ര ആരംഭിക്കുമ്പോൾത്തന്നെ മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് വിളിച്ച് ചർച്ചയ്ക്കുള്ള സന്നദ്ധത അറിയിക്കുവാൻ സർക്കാർ നിർബന്ധിതമായത്. സമരരംഗത്ത് അടിയുറച്ചുനിന്ന അമ്മമാരുടെ വിജയമാണ്. ചർച്ചയിൽ എത്തിച്ചേർന്ന ധാരണ സർക്കാർ നടപ്പാക്കുമെന്ന് ഉറപ്പാക്കണമെന്ന് സമര സഹായ സമിതി ചെയർമാൻ എം.ഷാജർഖാൻ ഓർമ്മിപ്പിച്ചു. ■

# ഇന്ത്യൻ ശാസ്ത്ര കോൺഗ്രസ്

*(5-ാം പേജിൽ നിന്ന്)*

അതുപോലെ തന്നെ ചരിത്രത്തിൽ ഒരു നിഗമനം പ്രാമാണീകരിക്കുന്നത്, അതിന് ശക്തമായ തെളിവുകളുടെ പിന്തുണയുള്ളപ്പോൾ മാത്രമാണ്. നമുക്ക് ഒരു ഉദാഹരണമെടുക്കാം. പുരാതന ഇന്ത്യയിൽ വിമാനം കണ്ടെത്തിയിരുന്നുവെങ്കിൽ, കുറഞ്ഞപക്ഷം അതിന്റെ തകർന്ന ഭാഗങ്ങളെന്തെങ്കിലും ഉദ്ഖനനങ്ങളിൽ കണ്ടെത്തേണ്ടതല്ലേ? പുരാതന സാഹിത്യത്തിൽ അങ്ങനെയൊന്നിനെ കുറിച്ചുള്ള വിശദവിവരണം കൂടുതലായി ഉണ്ടാകേണ്ടതല്ലേ? വാസ്തവത്തിൽ, നേരത്തേ പറഞ്ഞ ക്യാപ്റ്റൻ ബോഡാസ് പരാമർശിക്കുന്ന ഭരദ്വാജ മഹർഷിയുടെ വൈമാനികശാസ്ത്രം 1904-നു മുമ്പ് രചിച്ചതല്ല. മൈസൂരുള്ള അന്താരാഷ്ട്ര സംസ്കൃത പഠനകേന്ദ്രത്തിന്റെ സ്ഥാപകൻ, ഒരു എ.എം.ജോസിയർ ആണ് 1951-ൽ അത് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ക്യാപ്റ്റൻ ബോഡാസ് ഉദ്ധരിക്കുന്ന സംസ്കൃത ശ്ലോകങ്ങളുടെ സ്രഷ്ടാവ്, 20-ാം നൂറ്റാണ്ടിന്റെ ആദ്യകാലത്തെ ഒരു പണ്ഡിറ്റ് സുബ്ബരായശാസ്ത്രികളാണ്. അദ്ദേഹത്തിന്റെ അടുപ്പക്കാരനും, അന്ന് ഒരു പ്രാദേശിക എഞ്ചിനീയറിംഗ് കോളേജിലെ ഡ്രാഫ്റ്റ്സ്മാനുമായിരുന്ന ഒരു എല്ലാപ്പയാണ് അതിലെ പുരാതന ഇന്ത്യൻ വിമാനങ്ങളുടെ രൂപരേഖകൾ വരച്ചിരിക്കുന്നത്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ എയറോനോട്ടിക്കൽ-മെക്കാനിക്കൽ എഞ്ചിനീയറിംഗ് വകുപ്പുകളിലെ ഒരു കൂട്ടം യുവശാസ്ത്രജ്ഞർ ഈ രേഖാചിത്രങ്ങൾ പഠിച്ച്, 1974-ൽ തന്നെ തങ്ങളുടെ പഠനറിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൽ സ്ഥിരീകരിക്കുന്നത്, ഈ വിമാനങ്ങൾക്കൊന്നും തന്നെ പറക്കുവാനുള്ള ഗുണവിശേഷങ്ങളോ ശേഷിയോ ഇല്ലെന്നാണ്.

പറപ്പിക്കുക എന്ന ഉദ്ദേശ്യത്തിൽ കൂടി പരിശോധിച്ചാൽ ഇവയുടെ ജ്യാമിതി ഭാവനാതീതമായ ആഘാതമേൽപ്പിക്കുന്നതാണ്. ക്യാപ്റ്റൻ ബോഡാസ് അവകാശപ്പെടുന്നത് ഭരദ്വാജമുനിയുടെ രചനകൾക്ക് 9000 വർഷത്തെ പഴക്കമുണ്ടെന്നാണ്. എന്നാൽ മുനിയുടെ പേര് പരാമർശിക്കപ്പെടുന്നത്, 1000 വർഷത്തിൽ കൂടുതൽ പഴക്കമില്ലാത്ത അന്തിമ വൈദികകാലഘട്ടത്തിലെ ശ്ലോകങ്ങളിൽ മാത്രമാണ്. അതായത്, ഇന്ത്യയിലെ പൗരാണികവിമാനത്തിന്റെ വിഷയവും അതുമായി ബന്ധപ്പെട്ട് ഇന്ത്യൻ ശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധവും, ഏറ്റവും ചുരുങ്ങിയതോതിലുള്ള ആത്മാർത്ഥതയോ ആധികാരികതയോ പോലും ഇല്ലാത്ത, വ്യക്തമായ കബളിപ്പിക്കലാണ്. (ഉറവിടം: ദ ഹിന്ദു - 2015 ജനുവരി 3,4,6; ഇന്ത്യൻ എക്സ്പ്രസ്സ് ജനുവരി 6, ഡൽഹി എഡിഷൻ പേജ് 2; ഡെക്കാൻ ഹെറാൾഡ് 2015 ജനുവരി 9; ദ സ്റ്റേറ്റ്സ്മാൻ, കൊൽക്കത്ത എഡിഷൻ, 2015 ജനുവരി 11) കൂടുതൽ ഉദാഹരണങ്ങളിലേക്കു പോകുന്നതിന്റെ അർത്ഥശൂന്യത തെളിയിക്കാൻ ഈ ഒറ്റ ഉദാഹരണം തന്നെ ധാരാളമെന്നു കരുതുന്നു.

ഈ മതഭ്രാന്തിനെ പ്രഹരിച്ചു കൊണ്ടാണ്, ഇന്ത്യൻ നവോത്ഥാനത്തിലെ മതേതര മാനവവാദത്തിന്റെ പ്രഥമഗണനീയനായ ഈശ്വരചന്ദ്ര വിദ്യാസാഗർ പറഞ്ഞത്, ആശയഭ്രാന്തന്മാർ മുന്നിലേക്ക് നോക്കാൻ മറന്നിരിക്കുന്നുവെന്ന്. പാശ്ചാത്യ രാജ്യങ്ങളിൽ നിന്നുള്ള കണ്ടുപിടിത്തങ്ങളൊന്നും തന്നെ അവർ എളുപ്പത്തിൽ അംഗീകരിക്കുകയില്ല. എന്നാൽ ഏതെങ്കിലും കണ്ടുപിടിത്തത്തിന് വൈദികകാലവുമായി എന്തെങ്കിലും നേരിയ സാമ്യമുണ്ടെന്നു തോന്നിയാലോ, അവരുടെ അഹംഭാവം അതിരില്ലാതെ കുതിച്ചുയരുകയായി. എല്ലാം വേദങ്ങളിലുണ്ടെന്നും, പിന്നെ പാശ്ചാത്യ വിജ്ഞാനവും ശാസ്ത്രവും ആർജ്ജിക്കേണ്ടതിന്റെ ആവശ്യകതയെന്തെന്നും അവർ വാദിക്കും. ഇത്തരം യാഥാസ്ഥിതികവും പിന്തിരിപ്പനുമായ മനോഭാവത്തെ പരിഹസിച്ചുകൊണ്ടാണ് "വേദങ്ങളിൽ എല്ലാമുണ്ട്" എന്ന് പ്രസിദ്ധ ശാസ്ത്രജ്ഞനായിരുന്ന ഡോക്ടർ മേഘ്നാദ് സാഹ പറഞ്ഞത്. വിദ്യാസാഗറിനെയും മേഘ്നാഥ് സാഹയെയും പോലുള്ളവരുടെ പോരാട്ടം ഒരു പുതിയ രൂപത്തിൽ ഇന്ന് പുനരാരംഭിക്കേണ്ടിയിരിക്കുന്നു.

ഇന്ന് കേന്ദ്രത്തിൽ അധികാരം കൈയ്യാളുന്ന ശാസ്ത്രവിരുദ്ധശക്തികൾക്ക്, ജനങ്ങളുടെ വിവേചനശക്തിയും മതേതര-ശാസ്ത്രീയ മനോഭാവവും നശിപ്പിച്ച്, പകരം അന്ധതയും മതഭ്രാന്തും അന്ധവിശ്വാസവും കുത്തിവെയ്ക്കാനാണ് താത്പര്യം. ആധുനികജീവിതത്തിൽ ശാസ്ത്രത്തിന്റെ, പ്രത്യേകിച്ചും, അതിന്റെ സാങ്കേതികവശങ്ങളുടെ ആവശ്യകത നിഷേധിക്കാൻ അവർക്കാകില്ല. അതുകൊണ്ട്, മനസ്സിന്റെ ശാസ്ത്രീയവീക്ഷണവും, സത്യം കണ്ടെത്തുവാനുള്ള മനോഭാവവും തകർത്ത്, പകരം ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളിൽ മാത്രം ഊന്നൽ കൊടുക്കുകയാണ് അവർ. ഇത് ഫാഷിസത്തിന്റെ സ്വഭാവവിശേഷമാണ്. വളരെ മുമ്പേതന്നെ ഫാഷിസത്തിന്റെ ഈ സ്വഭാവസവിശേഷതയെ തുറന്നുകാട്ടിക്കൊണ്ട്, ഈ കാലഘട്ടത്തിലെ ഏറ്റവും സമുന്നതരായ മാർക്സിസ്റ്റ് ചിന്തകരിലൊരാളായ സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞിരുന്നു, ഫാഷിസത്തിന്റെ സൈദ്ധാന്തികവും സാംസ്കാരികവുമായ അടിത്തറ നിർമ്മിച്ചിരിക്കുന്നത്, ആത്മീയതയുടേയും ശാസ്ത്രത്തിന്റെ സാങ്കേതികവശങ്ങളുടേയും ഒരു അസാധാരണമായ സംയോജനത്തിലൂടെയാണ്. ഇന്ന് ബിജെപിയും ആർഎസ്എസ്സും, അവരുടെ വഴികാട്ടിയും യജമാനരുമായ ഇന്ത്യൻ കുത്തകകളുടെ പിന്തുണയോടു കൂടി, ഇതേ പദ്ധതി നടപ്പിൽ വരുത്താനാണ് ശ്രമിക്കുന്നത്. അവർക്കറിയാം, ജനങ്ങൾ അജ്ഞരും അന്ധരുമായി ഇരിക്കുന്നിടത്തോളം കാലം അവർക്ക് അവരുടെ ചൂഷകഭരണം നിർബ്ബാധം തുടരാനാകുമെന്ന്. ഇനിയും വൈകുന്നതിനു മുമ്പ് ഈ അപകടത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരായില്ലെങ്കിൽ, വലിയ വില കൊടുക്കേണ്ടി വരുന്ന ഒരു ദുരന്തത്തിലേക്കാകും അത് നമ്മെ നയിക്കുക. ■

# ഉയരുന്ന ചെലവും സ്തംഭിക്കുന്ന വരുമാനവും ഒപ്പം കടക്കെണിയും കർഷകരെ വേട്ടയാടുന്നു

**കർഷകന്റെ ദുരിതങ്ങൾ**

(1-ാം പേജിൽ നിന്ന്)

സരിച്ച് ഒരു ക്വിന്റൽ തുവരപ്പരിപ്പിന് ലഭിക്കേണ്ട ന്യായമായ വില 7000 രൂപയാണ്. എന്നാൽ കച്ചവടക്കാരാകട്ടെ, ക്വിന്റലിന് കഷ്ടിച്ച് 3000 രൂപയിൽ അൽപ്പം കൂടുതൽ മാത്രമേ തരാൻ തയ്യാറാകുന്നുള്ളു. അതും ഞങ്ങളുടെ ചിലവിന്റെ നാലിരട്ടിയെങ്കിലും വില ഉറപ്പു പറഞ്ഞിരുന്ന സ്ഥാനത്ത്. ഇപ്പോൾ ഞാൻ കച്ചവടക്കാരുടെ ദയയ്ക്കായി കാത്തു നിൽക്കുന്നു". കർണാടകത്തിലെ ബെലഗാവി ജില്ലയിലെ ഉള്ളി കർഷകരും പെട്ടെന്നുള്ള വിലത്തകർച്ചയെ തുടർന്ന്, ഏതാനും നാളുകൾക്ക് മുമ്പ് സമാനമായ പ്രതിഷേധം നടത്തുകയും കാർഷികോൽപ്പന്ന മാർക്കറ്റിങ്ങ് കമ്മിറ്റിയുടെ പ്രധാനകവാടം തന്നെ പൂട്ടിയിടുകയുമുണ്ടായി. കരിമ്പിന് കുറഞ്ഞ താങ്ങുവില പ്രഖ്യാപിക്കണമെന്നും, ഫാക്ടറികൾ നൽകേണ്ട കുടിശ്ശിക തന്നു തീർക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട്, കർണാടകത്തിലെ വിവിധ ഭാഗങ്ങളിലുള്ള കരിമ്പ് കർഷകർ പ്രതിഷേധസമരത്തിൽ അണിനിരന്നു. അവിശ്വസനീയമാംവിധം കുറഞ്ഞ വിലയ്ക്ക് വിളകൾ വിറ്റഴിക്കുവാൻ നിർബന്ധിതരായതിൽ കലിപൂണ്ട ഉത്തർപ്രദേശിലെ കരിമ്പു കർഷകർ തങ്ങളുടെ വിള കത്തിച്ചുകളഞ്ഞത് കഴിഞ്ഞ വർഷമാണ്. എന്നാൽ, അവരുടെ അവസ്ഥ മെച്ചപ്പെടുത്താൻ എന്തെങ്കിലും കാര്യക്ഷമമായ നടപടി എടുക്കുന്നതിനു പകരം, സംസ്ഥാനത്തിന്റെ കാവി പുതച്ച മുഖ്യമന്ത്രി അവരോടു നിർദ്ദേശിച്ചത്, സംസ്ഥാനത്ത് പ്രമേഹരോഗം നിയന്ത്രിക്കുന്നതിനായി കരിമ്പല്ലാതെ മറ്റെന്തെങ്കിലും കൃഷി ചെയ്തു തുടങ്ങാനാണ്. ഏതാനും ദിവസങ്ങൾക്കു മുമ്പ്, ഉത്തർപ്രദേശിന്റെ തലസ്ഥാനമായ ലഖ്നൗവിലെ നിവാസികൾ ഒരു വിചിത്രമായ കാഴ്ച്ച കണ്ടാണ് ഉണർന്നത്. വിധാൻസഭ മാർഗും വിവിഐപി ഗസ്റ്റ് ഹൗസും അടക്കമുള്ള മറ്റ് സ്ഥലങ്ങളിലും പ്രധാനപ്പെട്ട വീഥികളിലും കവലകളിലും ഉരുളക്കിഴങ്ങുകൾ വിതറിയിരിക്കുന്നു. ഇന്ത്യയിലെ ഉരുളക്കിഴങ്ങ് ഉൽപ്പാദനത്തിന്റെ 30 ശതമാനവും നിർവഹിക്കുന്ന ഉത്തർപ്രദേശിലെ കർഷകർ, തങ്ങളുടെ വിളവ് തെരുവിൽ ഉപേക്ഷിച്ച് ദേഷ്യം തീർത്തതാണ് കാരണം. ഏകദേശം ഇതുപോലെ തന്നെ പശ്ചിമബംഗാളിലെ കർഷകരും തങ്ങളുടെ വിളവ് ഹൈവേകളിൽ വലിച്ചെറിയുകയായിരുന്നു. ഉൽപ്പാദന ച്ചിലവ് കണക്കാക്കിയാൽ കിലോഗ്രാമിന് ആറു രൂപയെങ്കിലും വില കിട്ടേണ്ട സ്ഥാനത്ത്, അവർക്ക് വാഗ്ദാനം ചെയ്യപ്പെട്ട സംഭരണവില 1.3 മുതൽ 2 രൂപ വരെ മാത്രമാണ്. പഞ്ചാബിലും ഉരുളക്കിഴങ്ങ് കൃഷിക്കാർ ഭീമമായ നഷ്ടം നേരിടുകയാണ്. തങ്ങൾ ചെലവിട്ട തുകയേക്കാൾ അൽപ്പംകൂടി എന്തെങ്കിലും നേടുമെന്ന പ്രതീക്ഷയിൽ, അഞ്ചു മുതൽ ആറു രൂപ വരെയെങ്കിലും കിട്ടുമെന്നാണ് അവർ കരുതിയത്. എന്നാൽ ലഭിച്ചതോ കിലോക്ക് ഒരു രൂപ മാത്രം. മേൽ വിവരിച്ച, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിക്കൊണ്ടിരിക്കുന്ന ഈ സംഭവപരമ്പര എന്താണ് കാണിച്ചുതരുന്നത്? വിത്തും വളവും കീടനാശിനികളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങാൻ കാര്യമായ തുക മുടക്കുകയും, മണ്ണിൽ അധ്വാനിച്ച് ഉൽപ്പന്നങ്ങൾ വിളയിക്കുകയും ചെയ്യുന്ന കർഷകർ, സംഭരണ സംവിധാനങ്ങൾ കൃത്രിമവും അനിയന്ത്രിതവുമായിത്തീർന്നതിലൂടെ, തങ്ങളുടെ വിളകൾ തുച്ഛമായ വിലയ്ക്ക് വിറ്റഴിക്കാൻ നിർബന്ധിതരായിത്തീരുന്നു. പക്ഷേ, പാണ്ടികശാലകളും മൊത്തക്കച്ചവടക്കാരും അടങ്ങുന്ന ഈ സംഭരണസംവിധാനത്തിലൂടെ, ഇതേ വിളകൾ ഉപഭോക്തൃ കമ്പോളത്തിൽ എത്തുമ്പോൾ, സാധാരണജനങ്ങൾ ഇതിനു കൊടുക്കേണ്ടി വരുന്ന അന്തിമവില എത്രയോ മടങ്ങ് വർധിക്കുന്നു. അതിനർത്ഥം ഇടനിലക്കാരാണ് ലാഭം കൊയ്യുന്നത്. അതായത്, തങ്ങൾ ഉൽപ്പാദിപ്പിച്ച ഉള്ളിക്ക് കർഷകന് 50 പൈസ തൊട്ട് ഒരു രൂപ വരെ കിലോയ്ക്ക് ലഭിക്കുമ്പോൾ, അതേ ഉള്ളി കമ്പോളത്തിൽ വിൽക്കുന്ന വിലയാകട്ടെ കിലോക്ക് 15 മുതൽ 20 രൂപ വരേയും.

### അന്തർലീനമായ ക്രമക്കേടുകളും ഇന്ത്യൻ കാർഷികമേഖലയുടെ ഭയാനകമായ ദുർദശയും

ഈ കഠിനയാഥാർത്ഥ്യം വെളിവാക്കുന്നത്, ഇന്ത്യൻ കാർഷികമേഖലയിൽ അന്തർലീനമായ ക്രമക്കേടുകളും ഭയാനകമായ ദുർദശയുമാണ്. നമ്മുടെ ജനതയെ ഇന്നും, വരുംകാലത്തേക്കും, ഊട്ടാൻ ആവശ്യമായ ഭക്ഷണം ഇന്ത്യ ഉൽപ്പാദിപ്പിക്കുന്നുണ്ട്. എന്നാൽ ഈ ധാന്യവും പച്ചക്കറികളും ഉൽപ്പാദിപ്പിക്കുന്നവരെയാകട്ടെ, മുതലാളിത്തസംവിധാനം ഞെട്ടിക്കുന്ന ദുരിതത്തിനും ദാരിദ്ര്യത്തിനും വിധേയരാക്കുകയാണ്. അതുപോലെ തന്നെ കമ്പോളത്തിൽ നിന്നും ഈ ഉൽപ്പന്നങ്ങൾ വാങ്ങേണ്ടിവരുന്ന ഉപഭോക്താക്കളേയും അവർ പിഴിഞ്ഞെടുക്കുന്നു. വ്യക്തമായും, ഇത് അഴിമതി നിറഞ്ഞ ഭരണാധികാരികളും ഗ്രാമീണ ദല്ലാളന്മാരും സംഭരണശാലകളുടെ ഉടമസ്ഥരും ഭരണകക്ഷിനേതാക്കളും പഞ്ചായത്ത് ഭാരവാഹികളും ചേർന്നുള്ള അവിശുദ്ധസഖ്യത്തിനു മേൽക്കൈയുള്ള, ഒരു ദുഷിച്ച സംഭരണസംവിധാനമാണ്. അതുപോലെ തന്നെ പാളിച്ചകളും കൃത്രിമവുമുള്ള ഒരു സംഘം ഇടനിലക്കാരും പൂഴ്ത്തിവെയ്പ്പുകാരും കരിഞ്ചന്തക്കാരും ഊഹക്കച്ചവടക്കാരും പിടിമുറുക്കിയിട്ടുള്ള ഒരു വിതരണസംവിധാനവും. ഇവയാണ്, ഇത്തരത്തിലുള്ള എല്ലാ വഴിപിഴയ്ക്കലുകൾക്കും കാരണമായി, ഉൽപ്പാദകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ വിഷമവും ആശങ്കയും കൊണ്ടുവരുന്നതും. കാർഷികകമ്പോളത്തിനു മേലുള്ള ഈ വിഷമവൃത്തത്തിന്റെ കുത്തകനിയന്ത്രണത്തെ, നിയമം മൂലം നിലനിർത്തിയിരിക്കുന്നുവെന്നത് കാര്യങ്ങളെ കൂടുതൽ വഷളാക്കുന്നു. അതുകൊണ്ട്, നേരിട്ട് ഉപഭോക്താവിനു വിൽക്കുന്നതിനുള്ള അവസരം കർഷകനും ഉണ്ടാകുന്നില്ല. തികഞ്ഞ അഴിമതിക്കാരും സർവശക്തരുമായ ഇടനിലക്കാർക്കു തങ്ങളുടെ വിളവ് കൈമാറാൻ കർഷകർ നിർബന്ധിതരായിത്തീരുന്നു. ഇതിലൂടെ, കർഷകനു ന്യായവില കിട്ടാനുള്ള സാധ്യതകളൊക്കെയും ഇല്ലാതാകുന്നു. പകരം കമ്മീഷൻ ഏജന്റുമാരുടെ പോക്കറ്റുകൾ നിറയുന്നു. കൂടാതെ, ആഗോളവൽക്കരണത്തിനു പിന്നാലെ പായുമ്പോൾ, കൃഷിക്കു വേണ്ട അസംസ്കൃതവസ്തുക്കളായ വിത്തുകൾ, വളം, കീടനാശിനി എന്നിവയുടെ ഒക്കെ ഉൽപ്പാദനം ഒന്നാകെ വമ്പൻ ബഹുരാഷ്ട്രകുത്തകകളടക്കമുള്ള സ്വകാര്യമേഖലയ്ക്ക് വെള്ളിത്താലത്തിൽ വെച്ചു നൽകിയിരിക്കുന്നു. തദ്ഫലമായി, ഈ വസ്തുക്കളുടെയെല്ലാം വിലകൾ ദിനംപ്രതി കുതിച്ചുയരുകയും കൃഷിക്കുള്ള ചിലവ് വൻതോതിൽ വർധിക്കുകയുമാണ്. അതിനും പുറമേ, സ്വാതന്ത്ര്യം കിട്ടി 70 വർഷം കഴിഞ്ഞിട്ടും നമ്മുടെ കൃഷിയോഗ്യമായ ഭൂമിയുടെ 50 ശതമാനത്തിനു പോലും ജലസേചന സൗകര്യമില്ല. ജലസേചനസൗകര്യം ഉണ്ടെന്ന് അവകാശപ്പെടുന്ന പ്രദേശങ്ങളിൽ മതിയായ ജലലഭ്യതയുമുണ്ടാകാറില്ല. കാർഷിക സെൻസസ് പ്രകാരം, ജലസേചനമുള്ള ഭൂമിയുടെ 38% ഉപരിതലജലവും 62% ഭൂഗർഭജലവുമാണ് ഉപയോഗിക്കുന്നത്.

> **കർഷകപ്രശ്നങ്ങൾക്കുള്ള സ്ഥായിയായ പരിഹാരമല്ല കടം എഴുതിത്തള്ളുന്നത്. കാരണം, അതിന്റെ വേരുകൾ കിടക്കുന്നത്, മരണാസന്നമായ മുതലാളിത്ത സംവിധാനത്തിലാണ്. വിശാലമായി നോക്കിയാൽ, അധികാരമോഹികളായ രാഷ്ട്രീയക്കാരും അവരുടെ സർക്കാരുകളും എടുക്കുന്ന ഇത്തരം നടപടികൾ, തങ്ങളുടെതന്നെ തെറ്റായ കാർഷികനയങ്ങൾക്കുള്ള പ്രായശ്ചിത്തവും ഒപ്പം പ്രീണനനടപടിയുമാണെന്ന് ദർശിക്കാവുന്നതാണ്.**

നിരുത്തരവാദപരമായും ആസൂത്രണമില്ലാതെയും ഊറ്റിയെടുക്കുന്നത് ഭൂഗർഭജലത്തിന്റെ കരുതൽശേഖരത്തിന്റെ അതിവേഗശോഷണത്തിലേക്കാണ് നയിക്കുന്നത്. ഇത് പരിസ്ഥിതി സന്തുലനത്തെ ബാധിക്കുന്നതോടൊപ്പം, ദൗർലഭ്യം സൃഷ്ടിക്കുകയും ചെയ്യുന്നു. ഒപ്പം മഴ കുറയുക കൂടി ചെയ്യുമ്പോൾ കർഷകരെ അത് കൂടുതൽ ദുരിതത്തിലേക്ക് തള്ളിവിടുന്നു. കൂടാതെ, ഡീസൽ വില മാനം മുട്ടുന്നത്, വെള്ളം പമ്പു ചെയ്യുന്നതിനുള്ള ചെലവ് വർധിപ്പിച്ച് ദരിദ്രകർഷകരുടെ ക്ലേശം കൂട്ടുന്നു. കൃഷി ഇന്നും പ്രകൃതിയുടെ കാരുണ്യത്തിലാണ്. വിളയുൽപ്പാദനം നല്ല മൺസൂണിനെ ആശ്രയിച്ചു നിൽക്കുന്നു എന്നു പറയാൻ ഭരണവൃത്തങ്ങൾ ഒരിക്കലും മടിക്കാറില്ല. വരൾച്ചയുടെ ഒരൊറ്റ ഋതുകാലം മതിയാകും ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ദുരിതത്തിലാഴ്ത്തി സമ്പൂർണമായ തകർച്ചക്കു വഴിവെക്കാനെന്നും അവർ പറയുന്നു. ഈ രീതിയിൽ, ജലസേചനസൗകര്യങ്ങളുടെ അഭാവം, സാങ്കേതികവിദ്യയുടെ അറ്റവും മുറിയും മാത്രം ഉപയോഗിക്കുന്നത്, കർഷകന്റെ വർദ്ധിക്കുന്ന കഷ്ടസ്ഥിതിക്കു വഴിവെക്കുന്ന വ്യാപകമായ അഴിമതി തുടങ്ങിയവയെക്കുറിച്ചുള്ള ചോദ്യങ്ങളെ അവർ കൗശലപൂർവം ഒഴിവാക്കുന്നു.

### കർഷകർക്കുമേൽ വീശുന്ന ഇരുതലമൂർച്ചയുള്ള വാൾ

കർഷകരെ അങ്ങനെ ഇരുവശത്തു നിന്നും വെട്ടിമുറിവേൽപ്പിക്കുകയാണ് – ഉയരുന്ന ചെലവും, സ്തംഭിക്കുന്ന വരുമാനവും. ഉൽപ്പാദിപ്പിക്കാനായി അവർ ഉയർന്ന തുകകൾ ചെലവാക്കുന്നു. ഈ ഉയരുന്ന ചെലവുകൾക്ക് മതിയായ പണം ഇല്ലാത്തതിനാൽ, അതിഭീമമായ പലിശക്ക് ഹുണ്ടികക്കാരിൽ നിന്നും അവർക്ക് പണം കടം വാങ്ങേണ്ടി വരുന്നു. വ്യവസ്ഥാപിത വായ്പകളൊന്നും 10 ശതമാനത്തിൽ കൂടുതൽ ആവശ്യക്കാരിലേക്ക് എത്തുന്നില്ല എന്നതാണ് ഇതിനു വഴിവെക്കുന്നത്. ദേശീയ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ(NSSO) അടുത്തിടെ നടത്തിയ ഒരു സർവ്വേ വെളിപ്പെടുത്തുന്നത്, ഇന്ത്യയിലെ കർഷകരിൽ പകുതിയിലേറെയും ബാങ്കുകളുടേയോ ഹുണ്ടികപണമിടപാടുകാരുടേയോ കടക്കാരാണെന്നാണ്. പക്ഷേ, വിള വിൽക്കുവാനായി കർഷകർ ചെല്ലുമ്പോൾ, തങ്ങളുടെ ചെലവിനു തുല്യമായ തുക പോലും വിലയായി ലഭിക്കുന്നില്ല എന്നതാണ് അവർ കാണുന്നത്. അതുകൊണ്ടു തന്നെ വായ്പകൾ തിരിച്ചടയ്ക്കാൻ അവർക്കു സാധിക്കുന്നില്ല. ഈ പ്രശ്നങ്ങളെല്ലാം തന്നെ കർഷകരെ നിരന്തരം പ്രാന്തവൽക്കരിച്ച് അകറ്റുന്നതിലേക്കാണ് നയിക്കുന്നത്. ഔദ്യോഗിക റിപ്പോർട്ട് പ്രകാരം 1991നും 2011നും ഇടയിൽ ഒന്നരക്കോടിയോളം പേരാണ് കാർഷികവൃത്തി ഉപേക്ഷിച്ചത്. ഇതിൽ ഭൂരിഭാഗവും ഭൂരഹിത കർഷകത്തൊഴിലാളികളായി മാറിയിട്ടുണ്ട്. ഇത് ചൂണ്ടിക്കാട്ടുന്നത് പ്രതിദിനം 2040 കർഷകർ തൊഴിലുപേക്ഷിക്കുന്നു എന്നാണ്. തന്നെയുമല്ല കൃഷിയുടെ വർദ്ധിക്കുന്ന ദുരവസ്ഥ കാരണം, മധ്യവർഗകർഷകർ ദരിദ്രകർഷകരായും, ദരിദ്രകർഷകർ പങ്കുകർഷകരോ പാട്ടകർഷകരോ ആയും, പങ്ക്-പാട്ട കർഷകർ ഭൂരഹിതകർഷകരോ കർഷകത്തൊഴിലാളികളോ ആയും അതിവേഗം മാറിക്കൊണ്ടിരിക്കുന്നു. കുറഞ്ഞ ഉൽപ്പാദനത്താലും , ഉൽപ്പാദനത്തിലും വരുമാനത്തിലുമുള്ള കനത്ത നഷ്ടത്താലും, വിളവെടുപ്പിനു ശേഷമുള്ള സംഭരണ സംവിധാനങ്ങളുടെ അപര്യാപ്തതയാലും, തങ്ങളുടെ ഭൂമി പോലും സംരക്ഷിക്കാനാകാതെയും, അന്താരാഷ്ട്ര കമ്പോളത്തിന്റെ മൽസരത്തോടു പിടിച്ചുനിൽക്കാനാകാതെയും, പാപ്പരാക്കപ്പെടുന്നതിനാലുമൊക്കെ തളരുകയാണ് ഇന്ത്യൻ കർഷകർ. ഇവരിൽ നല്ലൊരു സംഖ്യയിന്ന് കിട്ടുന്ന എന്ത് കൂലിവേലക്കും തയ്യാറായി മുന്നോട്ടു വരികയാണ്. അതുകൊണ്ട്, ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിലേക്കും പട്ടണങ്ങളിലേക്കും കർഷകരുടെ കൂട്ടപ്പലായനമാണ് ഇന്ന് ദൃശ്യമാകുന്നത്. പക്ഷേ അവിടെയും, മതിയായ

(ശേഷം 8-ാം പേജിൽ)

# കർഷകരെ വേട്ടയാടുന്ന ബാങ്കുകൾ കോർപ്പറേറ്റ് ഭീമൻമാരുടെ വായ്പകൾ എഴുതിത്തള്ളുന്നു

**കർഷകന്റെ ദുരിതങ്ങൾ**

*(7-ാം പേജിൽ നിന്ന്)*

തൊഴിലുകളുടെ അഭാവം നിമിത്തം, ഈ കുടിയേറ്റക്കാരിൽ നല്ലൊരു പങ്കും തെരുവ് യാചകരായും വഴിയോരത്താമസക്കാരായും ഒക്കെ മാറി, പട്ടികളേയും പൂച്ചകളേയും പോലെ തെരുവിൽ മരിക്കുന്നു. ഭൂമിയിൽ നിന്നും കർഷകരെ ഇങ്ങനെ പുറന്തള്ളുന്നത് തുടരുമ്പോൾ, കാർഷികവികസനത്തിന് അത് വിനാശകരമായ പ്രഭാവമാണ് സൃഷ്ടിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ ഉൽപ്പാദനത്തിലുണ്ടാകുന്ന കുറവിലേക്ക് നയിക്കുന്നതാണ് കാർഷികവികാസത്തിലെ ഈ ഗുരുതരപ്രതിബന്ധം. ഭക്ഷ്യധാന്യങ്ങൾ വൻതോതിൽ ഇറക്കുമതി ചെയ്യേണ്ടിവരുന്നതിലേക്കാണ് ഇത് വഴിതുറക്കുന്നത്. ഇതാകട്ടെ, ആ മേഖലയിലെ കച്ചവടക്കാരായ, ദുരാഗ്രഹികളായ ബഹുരാഷ്ട്രഭീമന്മാർക്ക് വളരെ സന്തോഷം നൽകുന്നതുമാണ്. കർഷകരുടെ അവസാനമില്ലാത്ത ദുരിതത്തിനും വളരുന്ന ദാരിദ്ര്യത്തിനുമൊപ്പം, വ്യാപാരക്കമ്മി (കയറ്റുമതിയേക്കാൾ ഇറക്കുമതി വർധിക്കുന്ന അവസ്ഥ) ഉയരുന്നതിലൂടെ ഇത് സമ്പദ്ഘടനയെത്തന്നെ കൂടുതൽ സമ്മർദത്തിലാക്കുകയാണ്.

**വർദ്ധിക്കുന്ന കർഷക ആത്മഹത്യകൾ**

ഇതിലെല്ലാം കൂടുതൽ വേദനാജനകമെന്തെന്നാൽ, തങ്ങളുടെ കുടുംബങ്ങൾ പട്ടിണിയിൽ ഉഴലുന്നത് കാണാനാകാതെയും, കടക്കെണിയുടെ കളങ്കം താങ്ങാനാകാതെയും, കർഷകർ വളരെ അനിശ്ചിതമായ മാനസികാവസ്ഥയിലേക്ക് തള്ളിവിടപ്പെട്ട്, അവസാനം ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നു. കൊടിയുടെ നിറമേതു തന്നെയായാലും, കർഷകസൗഹൃദമെന്ന് നടിക്കുന്ന സർക്കാരുകൾ, കർഷകന്റെ ദൈന്യതയും കുടിയൊഴിക്കലും കണ്ട് മുതലക്കണ്ണീരൊഴുക്കാൻ ഒട്ടും മടിക്കാറില്ല. പക്ഷേ, ഇവരെല്ലാം തന്നെ ഈ നിർദയചൂഷണത്തിന്റെയും മനുഷ്യത്വരാഹിത്യത്തിന്റെയും പ്രാകൃതമായ സാമ്പത്തികാക്രമണങ്ങളുടേയും മൂകസാക്ഷികളോ, അല്ലെങ്കിൽ അതിലുപരി അതിന് സഹായികളും പ്രേരകരുമായി തന്നെ വർത്തിക്കുന്നവരാണ്. ന്യായവില നിഷേധിക്കപ്പെട്ടതു മൂലവും കടബാധ്യത വീട്ടാനാകാത്തതു മൂലവും ഇതിനോടകം തന്നെ മൂന്നര ലക്ഷത്തോളം കർഷകരാണ് ആത്മഹത്യ ചെയ്തത്. സാഹചര്യം അതിരൂക്ഷമായതു മൂലം കഴിഞ്ഞ മൂന്നു വർഷത്തെ അത്തരം ആത്മഹത്യകളുടെ കണക്കുകൾ പുറത്തുവിടുന്നത് സർക്കാർ തടഞ്ഞിരിക്കുകയാണ്. അതിലുപരിയായി, അങ്ങനെയുള്ള ആത്മഹത്യകളെക്കുറിച്ച് ക്രൂരമായ തമാശകൾ കൂടി പറയുന്ന തരത്തിലേക്ക്, യാതൊരു മനഃസ്താപവുമില്ലാതെ മന്ത്രിമാർ പോലും തരംതാണിരിക്കുന്നു. കേന്ദ്ര കൃഷിവകുപ്പ് മന്ത്രി രാധാമോഹൻ സിങ്ങ് പാർലമെന്റിൽ പറഞ്ഞത്, സാമ്പത്തികത്തകർച്ച മൂലമല്ല, പ്രണയനൈരാശ്യം, സ്ത്രീധനം, വന്ധ്യത തുടങ്ങിയ കാരണങ്ങൾ മൂലമാണ് കർഷകർ ആത്മഹത്യ ചെയ്യുന്നതെന്നാണ്. സിങ്ങിന്റെ ഈ പ്രസ്താവന വന്നത്, ബിജെപിയിലെ അദ്ദേഹത്തിന്റെ സഹപ്രവർത്തകനും ഹരിയാനയിലെ കൃഷിവകുപ്പു മന്ത്രിയുമായ ഒ.പി.ധൻകർ, ആത്മഹത്യ ചെയ്യുന്ന കർഷകരെ 'ഭീരുക്കൾ' എന്നു വിളിച്ച് ഏതാനും മാസങ്ങൾക്കുള്ളിലാണ്. ഒറ്റ കർഷകൻ പോലും സംസ്ഥാനത്ത് വരൾച്ച മൂലം ആത്മഹത്യ ചെയ്തിട്ടില്ല, എല്ലാവരും സ്വാഭാവികകാരണങ്ങൾ കൊണ്ട് മരിക്കുകയായിരുന്നു എന്ന് തമിഴ്നാട് സർക്കാർ സുപ്രീംകോടതിയിൽ പറഞ്ഞപ്പോൾ, കർഷകരോഷം അണപൊട്ടി. നിസ്സഹായരായ പാവപ്പെട്ടവരുടെ ദയനീയമരണങ്ങളെ പോലും അധികാരസ്ഥാനങ്ങൾ എങ്ങനെ പന്തുതട്ടുന്നു എന്നതാണ് ഇത് കാണിക്കുന്നത്. ഇപ്പോൾ മറ്റൊരു പരിഹാസപ്രകടനം ആരംഭിച്ചിട്ടുണ്ട്. എപ്പോഴെങ്കിലും ഒരു കർഷകമരണം റിപ്പോർട്ട് ചെയ്യപ്പെട്ടാൽ ഉടനേ ചില സംസ്ഥാന സർക്കാരുകൾ, നിരാശ്രയകുടുംബത്തിന് നഷ്ടപരിഹാരത്തുക പ്രഖ്യാപിക്കും. ഇതിലൂടെ അവരുടെ വാമൂടിക്കെട്ടി, കാർഷികസമ്പദ്ഘടനയുടെ വ്രണങ്ങൾ അടിച്ചമർത്തി, ജീവനഷ്ടത്തോട് സഹാനുഭൂതി അഭിനയിച്ച് അതിലൂടെ തെരഞ്ഞെടുപ്പ് നേട്ടം കാംക്ഷിക്കുകയാണ് അവർ. ഇതെല്ലാം, അധികാരക്കസേരകളിൽ അമർന്നിരിക്കുന്ന ബൂർഷ്വാ രാഷ്ട്രീയക്കാരുടെ സംസ്ക്കാരവും നിലവാരവും വ്യക്തമായി സാക്ഷ്യപ്പെടുത്തുകയാണ്.

**സമ്പൂർണ സ്റ്റേറ്റ് ട്രേഡിംഗ് അർത്ഥമാക്കുന്നത്, ഉത്പന്നങ്ങളുടെ സംഭരണത്തിലോ വിതരണത്തിലോ യാതൊരു സ്വകാര്യ പങ്കാളിത്തമോ ഇടപെടലോ ഉണ്ടാകില്ല എന്നാണ്. മൊത്ത-ചില്ലറ വിൽപ്പനയുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളും സമ്പൂർണമായും സർക്കാർ നിയന്ത്രണത്തിലായിരിക്കണം. ഇത് നടപ്പിലാക്കുകയാണെങ്കിൽ, വലിയൊരു അളവുവരെ കർഷകരുടെ ദുരിതങ്ങൾ ഒഴിവാക്കാൻ സാധിക്കും.**

**കുറഞ്ഞ താങ്ങുവില എന്ന പ്രഹസനം**

എന്നു മാത്രമല്ല, എല്ലാ ബൂർഷ്വാ സർക്കാരുകളും കൃഷിയെ വളർച്ചയുടെ ചാലകശക്തിയായല്ല, വോട്ടിന്റെ ഒരു ഉറവിടം മാത്രമായാണ് കാണുന്നത്. അതുകൊണ്ടു തന്നെ തെരഞ്ഞെടുപ്പ് അടുക്കുമ്പോൾ, കുറഞ്ഞ താങ്ങുവില ഉയർത്തും, കർഷകരിൽ നിന്നും ആ വിലയ്ക്ക് വിള സംഭരിക്കാൻ കുടുതൽ കേന്ദ്രങ്ങൾ തുറക്കും, ബാങ്ക് വായ്പകൾ എഴുതിത്തള്ളും തുടങ്ങിയ വാഗ്ദാനങ്ങൾ ചൊരിയും. എന്നാൽ മൂലകാരണത്തെ തന്നെ നീക്കംചെയ്യുവാൻ യാതൊരു ശ്രമവുമുണ്ടാകില്ല. കാരണം, നമുക്കറിയാം ഇന്ന് മുതലാളിത്തത്തിൽ, ഭരണമുതലാളിവർഗത്തോട് വിധേയരായ ഒരു സർക്കാരുകൾക്കും അത് സാധിക്കില്ല. അതുകൊണ്ട് തന്നെ ഈ തട്ടിപ്പുകൾ കൃത്യമായും തുറന്നു കാട്ടേണ്ടതുണ്ട്.

നമുക്ക് കുറഞ്ഞ താങ്ങുവിലയുടെ കാര്യമെടുക്കാം. 2014-ലെ തങ്ങളുടെ തെരഞ്ഞെടുപ്പ് പത്രികയിൽ. മോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്രസർക്കാർ മറ്റു പല കാര്യങ്ങൾക്കുമൊപ്പം വാഗ്ദാനം ചെയ്ത ഒരു കാര്യമുണ്ട്. കർഷകർക്ക് വാഗ്ദാനം ചെയ്യപ്പെടുന്ന കുറഞ്ഞ താങ്ങുവില, സ്വാമിനാഥൻ കമ്മീഷൻ നിർദേശിച്ചതു പോലെ, ഉത്പാദനച്ചെലവിന്റെ 50 ശതമാനത്തിൽ കൂടുതലാക്കുമെന്ന്. (അതായത്, ചെലവ് 10 രൂപയെങ്കിൽ കുറഞ്ഞ താങ്ങുവില, 15 രൂപയായിരിക്കും) എന്നാൽ അധികാരത്തിലെത്തി ഉടനേതന്നെ, തങ്ങൾ താദാത്മ്യപ്പെട്ടിരിക്കുന്ന ഹീനമായ മുതലാളിവർഗ താൽപ്പര്യങ്ങളെ സേവിക്കുവാനായി ബിജെപി സർക്കാർ കൗശലപൂർവം കുറഞ്ഞ താങ്ങുവില പ്രഖ്യാപിക്കുന്ന രീതി തന്നെ മാറ്റിക്കളഞ്ഞു. സ്വാമിനാഥൻ കമ്മീഷന്റെ നിർദേശമനുസരിച്ച്, വിളകളുടെ കുറഞ്ഞ താങ്ങുവില, ഏറ്റവും ചുരുങ്ങിയത് ഉത്പ്പാദനച്ചെലവിന്റെ ശരാശരിയേക്കാൾ 50% എങ്കിലും കൂടുതലായി നിശ്ചയിക്കപ്പെടണം. കൃഷിച്ചെലവിന് രണ്ട് അളവുകോലുകളുണ്ട്. ആദ്യത്തേതിൽ, (A2 + FL എന്ന് സാങ്കേതികപദം) വിത്ത്, വളം, കൂലിച്ചെലവ്, ഇന്ധനം, ജലസേചനം, കീടനാശിനി തുടങ്ങി കാർഷികപ്രക്രിയയിൽ ചേർന്നിട്ടുള്ള കുടുംബാംഗങ്ങളുടെ കൂലിയില്ലാ അധ്വാനത്തിനു കണക്കാക്കപ്പെടേണ്ട മൂല്യം എന്നിവയടക്കം, കർഷകനു പണമായും അല്ലാതെയും ഉണ്ടാകുന്ന എല്ലാ ചെലവുകളും ഉൾപ്പെടുന്നു. രണ്ടാമത്തേത് (C2), ചെലവിന്റെ സമഗ്രമായ അളവുകോലാണ്. ഇതിൽ A2 + FL ഉൾപ്പെട്ടിരിക്കുന്നതിനു പുറമേ, ഭൂമിയുടെ വാടക, സ്ഥിരവും പ്രവൃത്തിയിലുള്ളതുമായ മൂലധനത്തിനു മേലുള്ള പലിശ എന്നിവയുടെ കണക്കാക്കപ്പെട്ട മൂല്യവും ഉൾപ്പെട്ടിരിക്കുന്നു. ഇതിൽ C2 മാറ്റിനിർത്തി, A2 + FL അടിസ്ഥാനമായി ഉപയോഗിച്ച് കുറഞ്ഞ താങ്ങുവില 50 ശതമാനമായി ഉയർത്തും എന്നതായിരുന്നു ബജറ്റ് പ്രഖ്യാപനം. ഇവിടെയാണ് ചതി ഒളിഞ്ഞിരിക്കുന്നത്. ഈ പുതിയ രീതിയിൽ ഉത്പാദനച്ചെലവ്, പല വിളകൾക്കും യഥാർത്ഥ ഉത്പാദനച്ചെലവിന്റെ പകുതിയോളമായി, പെട്ടെന്ന് താഴേക്കു വന്നു. ഇങ്ങനെയാണ് അവർ കർഷകതാത്പര്യത്തെ വഞ്ചിക്കുന്നത്. ഇനി, മേൽപറഞ്ഞ കണക്കുകൂട്ടലുകളിലൂടെ പ്രഖ്യാപിച്ച ഈ തുക പോലും അർഹരായ കർഷകരിലേക്ക് എത്തുന്നില്ല. ഇടനിലക്കാരും കമ്മീഷൻ ഏജന്റുമാരും മുഖ്യഭാഗവും വിഴുങ്ങുന്നതാണ് കാരണം. രണ്ടാമതായി, 2018-ൽ കാർഷിക ചെലവിനും വിലകൾക്കുമുള്ള കമ്മീഷന്റെ നിർദ്ദേശപ്രകാരം, സർക്കാർ 28 ഇനങ്ങൾക്ക് കുറഞ്ഞ താങ്ങുവില പ്രഖ്യാപിച്ചു. പക്ഷേ, സർക്കാർ സംവിധാനത്തിലൂടെ എന്തെങ്കിലും സംഭരണം നടക്കുന്നുണ്ടെങ്കിൽ അത് നെല്ലിനും ഗോതമ്പിനും മാത്രമാണ്. ഒരു സർവ്വേ ചൂണ്ടിക്കാട്ടിയത്, 7 ഖാരിഫ് വിളകൾക്ക് (സോയാബീൻസ്, പരുത്തി, പയർവർഗങ്ങൾ പോലെയുള്ളവ) കുറഞ്ഞ താങ്ങുവിള ലഭിക്കാത്തതു മൂലം ബന്ധപ്പെട്ട കർഷകർ നേരിട്ട നഷ്ടം രണ്ടു ലക്ഷം കോടി രൂപയിലധികമാണ്. ശാന്തകുമാർ കമ്മിറ്റിയുടെ വെളിപ്പെടുത്തലുകൾ കാണിക്കുന്നത്, കാർഷികകുടുംബങ്ങളിൽ വെറും 5.8% മാത്രമാണ് ഏതെങ്കിലും സംഭരണ ഏജൻസിക്ക് നെല്ലോ ഗോതമ്പോ വിറ്റത്. ഈ കുടുംബങ്ങൾ തന്നെ തങ്ങളുടെ മൊത്തം വിൽപ്പനയുടെ ഒരു ഭാഗം മാത്രമാണ്, അതായത് 14 മുതൽ 35 ശതമാനം വരെ, കുറഞ്ഞ താങ്ങുവിലയ്ക്ക് വിറ്റത്. ഈ നിർബന്ധിത ഭാഗിക വിൽപ്പനയുടെ കാരണവും റിപ്പോർട്ടിൽ നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ തെളിവുകളുടെയെല്ലാം പരിണതഫലമെന്തെന്നാൽ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയെ പ്രാഥമികമായും ഭരമേൽപ്പിച്ചിരിക്കുന്ന നെല്ലിന്റെയും ഗോതമ്പിന്റെയും സംഭരണപ്രവർത്തനത്തിന്റെ നേരിട്ടുള്ള ഗുണഫലങ്ങൾ രാജ്യത്തെ കാർഷികകുടുംബങ്ങളിൽ ഒരു ചെറുന്യൂനപക്ഷത്തിനു മാത്രമാണ് ലഭിക്കുന്നത്. അപ്പോൾ വ്യക്തമായും സർക്കാർ ഏജൻസികൾ നടത്തുന്ന സംഭരണത്തിന്റെ മുഖ്യപങ്കും ഏതാനും തെരഞ്ഞെടുത്ത സംസ്ഥാനങ്ങളിലെ (പഞ്ചാബ്, ഹരിയാന, ആന്ധ്രാപ്രദേശ്, പിന്നെ അടുത്തിടെയായി മദ്ധ്യപ്രദേശും ഛത്തീസ്ഗഡും) വമ്പൻ കർഷകരിൽ നിന്നുമാണ് നടക്കുന്നത്.

**കാർഷികകടങ്ങൾ എഴുതിത്തള്ളുന്ന വിഷയം**

അടുത്തതായി വരുന്ന ചോദ്യം കർഷകരുടെ ബാങ്ക് വായ്പകൾ എഴുതിത്തള്ളുന്നതാണ്. അടുത്തിടെ ഒരു മുതലാളിത്ത സാമ്പത്തികപണ്ഡിതൻ ധിക്കാരത്തോടെ പറഞ്ഞത്, വായ്പകൾ എഴുതിത്തള്ളാൻ ആവശ്യപ്പെടുന്നത് കർഷകർക്കിടയിൽ ഭ്രമമായി മാറിയിരിക്കുന്നുവെന്നാണ്. ഈ ഭ്രമാത്മകമായ അഭിപ്രായത്തെക്കുറിച്ച് അധികം പറയാതിരിക്കുകയാണ് ഭേദം. കൊലയാളികളായ ഇവർ എത്ര നിർലജ്ജവും വ്യാജവുമായാണ് കൊല ചെയ്യപ്പെട്ടവരെ അപഹസിക്കുന്നത്. ഈ ചപലചിത്തരായ പണ്ഡിതരുടെ അറിവിലേക്കായി പറയാം, ഇന്ത്യയിലെ 90 ദശലക്ഷം വരുന്ന കാർഷികകുടുംബങ്ങളിൽ 70 ശതമാനത്തോളവും, ഓരോ മാസവും ശരാശരി തങ്ങളുടെ വരുമാനത്തിലുമേറെ ചെലവാക്കേണ്ടി വരുന്നതിലൂടെ, കടബാധ്യതയിലേക്ക് സ്വയം തള്ളിവിടാൻ നിർബന്ധിതരാവുകയാണെന്നാണ് സർക്കാരിന്റെ തന്നെ വിവിധ വിവരശേഖരണത്തെ അടിസ്ഥാനമാക്കി ഇന്ത്യാസ്പെന്റ് നടത്തിയ വിശകലനത്തിൽ പറയുന്നത്. രാജ്യമെമ്പാടുമുള്ള കർഷക ആത്മഹത്യകളിൽ പകുതിയിലധികം എണ്ണത്തിനും ഇതാണ് പ്രധാനകാരണം.

മറ്റൊരു വിഭാഗം ബൂർഷ്വാ സാമ്പത്തികവിദഗ്ദർ പരിദേവനപ്പെടുന്നത്, കൂടെക്കൂടെ കാർഷികകടങ്ങൾ എഴുതിത്തള്ളുന്നത് പൊതുഖജനാവിനെ ഏറെ ക്ഷീണിപ്പിക്കുന്നുവെന്നാണ്. പക്ഷേ, വമ്പൻ കുത്തകകൾക്കും കോർപ്പറേറ്റ് ഭീമന്മാർക്കും വേണ്ടി ഉദാരമായി നികുതിയിളവുകൾ നൽകുന്നതിനെക്കുറിച്ചും, അവരുടെ മനഃപൂർവമായ നികുതി വെട്ടിപ്പുകളും ഒഴിവാക്കലുകളും അംഗീകരിച്ചുകൊടുക്കുന്നതിനേക്കുറിച്ചുമുള്ള ചോദ്യങ്ങൾ ഉയരുമ്പോൾ ഇതേ വിദഗ്ദർ ദുരൂഹമായ മൗനം പാലിക്കുകയാണ്. 2017-ലെ

*(ശേഷം 9-ാം പേജിൽ)*

# വിവിധ സംസ്ഥാനങ്ങളിൽ രോഷാകുലരായ കർഷകരുടെ പ്രക്ഷോഭങ്ങൾ ഉയർന്നുവരുന്നു

**കർഷകന്റെ ദുരിതങ്ങൾ**

*(8-ാം പേജിൽ നിന്ന്)*

ഒരു ഏകദേശകണക്കു പ്രകാരം, ഇത്തരം ഇളവുകളുടേയും എഴുതിത്തള്ളലുകളുടേയും ആകെ മൂല്യം പത്തു ലക്ഷം കോടി രൂപയോളം വരുമത്രേ. ഇത് കൂടുതൽ മുകളിലേക്ക് പോയിരിക്കുന്നു. തന്നെയുമല്ല, ബാങ്കുകളുടെ കിട്ടാക്കടങ്ങളും, നിഷ്ക്രിയ ആസ്തികളും വളരെ സന്തോഷത്തോടെ സർക്കാരുകൾ എഴുതിത്തള്ളുന്നു. (അതായത്, വീഴ്ച്ച വരുത്തുന്ന കോർപ്പറേറ്റുകൾക്കും അതിസമ്പന്നർക്കും മുഴുവൻ വായ്പാ തുകയും ശിക്ഷാഭീതിയില്ലാതെ വിഴുങ്ങാൻ സാധിക്കുന്നു). ശേഷം, പൊതുഖജനാവിൽ നിന്നും നൽകി ബാങ്കുകളുടെ നഷ്ടം നികത്തുന്നു. ഇതിന്റെ പേരിൽ എന്തുകൊണ്ട് ഒച്ചപ്പാട് ഉണ്ടാകുന്നില്ല? ഏതു തുകയാണ് കൂടുതൽ? കർഷകകടം എഴുതിത്തള്ളുന്നതോ, കോർപ്പറേറ്റ് ഭീമന്മാരുടെ കുടിശ്ശിക മാപ്പു നൽകി എഴുതിത്തള്ളുന്നതോ?

ഇത്തരം പക്ഷഭേദങ്ങളും ക്രമക്കേടുകളും വളരെ മ്ലേച്ഛമായി ഉയർന്നു വരുന്നു എന്നതാണ് അടുത്ത വിഷയം. കാരണം, മുതലാളിത്തത്തിൽ ഇതല്ലാതെ ഒന്നും ഉണ്ടാവുകയില്ല. അടിച്ചമർത്തപ്പെടുന്ന കർഷകരടക്കമുള്ള ജനകോടികൾക്കുമേൽ ഭരണ മുതലാളിവർഗം അടിച്ചേൽപ്പിക്കുന്ന സമ്പൂർണചൂഷണത്തിൽ ഇത് ഒഴിവാക്കാനാകാത്തതാണ്. മുതലാളിത്തചൂഷണം കൂടുതൽ ദൃഢീകരിക്കപ്പെടും. അതിസമ്പന്നർക്കും അധ്വാനിക്കുന്ന ജനങ്ങൾക്കുമിടയിലെ വിടവ് കൂടുതൽ വർധിക്കും. ഭരണമുതലാളിവർഗത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനു മാത്രമായി മുഴുവൻ സംവിധാനവും മുഴുകും. എല്ലാ നിയമങ്ങളും ചട്ടങ്ങളും കാറ്റിൽപ്പറത്തിയാലും വളച്ചൊടിച്ചാലും സമ്പന്നരുടെ താൽപ്പര്യങ്ങൾ ഈ സംവിധാനത്തിൽ സഫലീകരിച്ചു കൊടുക്കപ്പെടും. ചവിട്ടിമെതിക്കപ്പെടുന്ന സാധാരണക്കാരെയും ദരിദ്രരേയും തോന്നിയപോലെ ഞെക്കിപ്പിഴിയുകയും അരികുകളിലേക്ക് മാറ്റിനിർത്തുകയും ചെയ്യും. കർഷകരുടെ ജീവിതത്തകർച്ചക്ക് ഈ സംവിധാനത്തിനു തന്നെയാണ് ആത്യന്തിക ഉത്തരവാദിത്തം. അതുകൊണ്ടു തന്നെയാണ് കാർഷികവായ്പകൾ എഴുതിത്തള്ളുക എന്ന ആവശ്യം നീതീകരിക്കപ്പെടുന്നത്. അതേസമയം തന്നെ, പാർലമെന്ററി രാഷ്ട്രീയകക്ഷികൾ, കർഷകരുടെ കണ്ണിൽ പൊടിയിടാനും അതിലൂടെ അധികാരത്തിലെത്താനോ, അധികാരം നിലനിർത്താനോ ഉള്ള തന്ത്രമായും ഇത് ഉപയോഗപ്പെടുത്താറുണ്ട്.

ഇതുമായി ബന്ധപ്പെട്ട് പരാമർശിക്കേണ്ട കാര്യം, കർഷകപ്രശ്നങ്ങൾക്കുള്ള സ്ഥായിയായ പരിഹാരമല്ല കടം എഴുതിത്തള്ളുന്നത്. കാരണം, അതിന്റെ വേരുകൾ കിടക്കുന്നത്, ദുഷിച്ച, മരണാസന്നമായ മുതലാളിത്ത സംവിധാനത്തിലാണ്. വിശാലമായ വീക്ഷണകോണിൽ നിന്നും ഒരാൾ നോക്കിക്കണ്ടാൽ, അധികാരമോഹികളായ രാഷ്ട്രീയക്കാരും അവരുടെ സർക്കാരുകളും എടുക്കുന്ന ഇത്തരം നടപടികൾ, ഒരു പങ്ക് തങ്ങളുടെ തന്നെ തെറ്റായ കാർഷികനയങ്ങൾക്കുള്ള പ്രായശ്ചിത്തവും, മറ്റൊരു പങ്ക് പ്രീണന നടപടിയുമാണെന്ന് ദർശിക്കാവുന്നതാണ്. ഉദാഹരണത്തിന്, പ്രതിവർഷം ഉത്തർപ്രദേശ് ഉത്പാദിപ്പിക്കുന്നത്, 30 ദശലക്ഷം മെട്രിക് ടൺ ഗോതമ്പും 20 ദശലക്ഷം മെട്രിക് ടൺ നെല്ലുമാണ് (13 ദശലക്ഷം മെട്രിക് ടൺ അരി). പക്ഷേ, അവിടുത്തെ സംഭരണനില സഹതാപമർഹിക്കും വിധം കുറവാണ്. സ്ഥാപിത താൽപ്പര്യക്കാരുടെ കൃത്രിമങ്ങളുടേയും നടപടികളുടേയും ഫലമായി ഗോതമ്പ് വില, കുറഞ്ഞ താങ്ങുവിലയിലും 10-15 ശതമാനം കുറവും, നെല്ലിന്റെ വില, കുറഞ്ഞ താങ്ങുവിലയിലും 15-30 ശതമാനം വരെയും താഴെപ്പോയിട്ടും ഇതാണ് അവസ്ഥ. കഴിഞ്ഞ മൂന്നു മുതൽ അഞ്ചു വർഷം വരെയുള്ള കാലയളവിൽ കുറഞ്ഞ താങ്ങുവില ലഭിക്കാത്തതു മൂലം കർഷകർക്ക് ഉണ്ടായിട്ടുള്ള നഷ്ടം കണക്കിലെടുത്താൽ തന്നെ, ആ തുക എഴുതിത്തള്ളിയ വായ്പാത്തുകയ്ക്ക് തുല്യമായിരിക്കുമെന്നു കാണാം.

**നാണ്യവില കൃഷിയും കരാർ സംവിധാനവും**

കനത്ത തിരിച്ചടിയുണ്ടാക്കുന്ന മറ്റൊരു സംഗതിയുണ്ട്. ആഗോളവൽക്കരണത്തിന്റെ കടന്നുവരവോടെ, കാർഷികവിളകൾക്ക് കമ്പോളത്തിലെ ചരക്കിന്റെ സ്വഭാവം വളരെ വർദ്ധിച്ച അളവിൽ കൈവരാൻ തുടങ്ങി. ഇതിന്റെ തുടർച്ചയായി, കൃഷിയുടെ വാണിജ്യവൽക്കരണവും ഭക്ഷ്യധാന്യങ്ങൾക്കു പകരം നാണ്യവിളകൾ കൂടുതലായി ഉത്പാദിപ്പിക്കാനുള്ള ശ്രമവും മേൽക്കൈ നേടുന്ന പ്രവണതയായി മാറിക്കൊണ്ടിരിക്കുന്നു. ഇന്ത്യൻ കാർഷിക കമ്പോളത്തെ വിദേശമൂലധനത്തിനും ബഹുരാഷ്ട്രകുത്തകകൾക്കുമായി തുറന്നു കൊടുത്തതോടെ, കർഷകരുടെ വിനാശത്തിനായി ഉയർന്നുവന്ന മറ്റൊരു പ്രതിഭാസമാണ് കരാർകൃഷിയുടേത്. കൃഷിക്കു വേണ്ട മൂന്നുപാധികളുടെ ഉത്പാദനത്തിന്റെയും വിതരണത്തിന്റെയും സമ്പൂർണനിയന്ത്രണം കൈയടക്കിയതിനു പുറമേ, സംഭരണവും കാർഷികപ്രക്രിയയും തങ്ങളുടെ നീരാളിപ്പിടുത്തത്തിലാഴ്ത്തുകയാണ് വമ്പൻ കോർപ്പറേറ്റുകളും ബഹുരാഷ്ട്രകുത്തകകളും. ഇന്ത്യയിലെ ചെറുകിട കർഷകർ പൊതുവേ മൂലധനദാരിദ്ര്യം അനുഭവിക്കുന്നവരും, അതുകൊണ്ടു തന്നെ ഭൂമി മെച്ചപ്പെടുത്താനോ ആധുനികരീതികൾ ഉപയോഗപ്പെടുത്താനോവേണ്ടി മുതൽമുടക്കാൻ കഴിയാത്തവരുമാണ് എന്ന യാഥാർത്ഥ്യത്തെ മുതലെടുത്തുകൊണ്ട്, കരാർ കൃഷിയിലൂടെ ഉയർന്ന വിളവും വിലയും ലഭിക്കും എന്ന വാഗ്ദാനം നൽകി കർഷകരെ പ്രലോഭിപ്പിക്കുകയാണ് വമ്പൻ കോർപ്പറേറ്റുകളും ബഹുരാഷ്ട്രകുത്തകകളും. ഈ കൃഷിരീതിയിൽ, അവർക്കാവശ്യമുള്ള ഏതെങ്കിലും നാണ്യവിള ഉത്പ്പാദിപ്പിക്കാൻ കർഷകർക്ക് കോർപ്പറേറ്റുകൾ കരാർ നൽകുന്നു. ഉദാഹരണത്തിന്, തക്കാളി(കെച്ചപ്പ് നിർമ്മിക്കുവാൻ), മാങ്ങ, പൈനാപ്പിൾ(ജ്യൂസ്, സ്ക്വാഷ്, അച്ചാർ തുടങ്ങിയവയ്ക്കായി), ഉരുളക്കിഴങ്ങ്(ചിപ്സ് അടക്കമുള്ള വിവിധ ലഘുഭക്ഷണങ്ങൾക്കായി), ഭക്ഷ്യസംസ്ക്കരണ-കൈത്തറി വ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ എന്ന പേരിൽ, വിവാദമായ, ജനിതകമാറ്റം വരുത്തിയതടക്കമുള്ള പരുത്തിയും വഴുതനയും എന്നിങ്ങനെ എല്ലാം ഇതിൽ ഉൾപ്പെടുന്നു. തകർന്നു നിൽക്കുന്ന കർഷകർ ഉടനടി ഈ കെണിയിൽ വീണുപോകുന്നു. മുൻനിശ്ചയിച്ച വിലയിൽ നടക്കുന്ന ഉറപ്പായ വിൽപ്പന, സാങ്കേതികവിദ്യയുടെയും മറ്റ് മുന്നുപാധികളുടെയും കാര്യത്തിലുള്ള പിന്തുണ നൽകൽ – ഇതെല്ലാം കേട്ടു വശംവദരാകുന്ന കർഷകർ കരാർകൃഷി സ്വീകരിക്കുന്നു. എന്നാൽ വിളനഷ്ടം സംഭവിച്ചാൽ കരാർ ഉണ്ടാക്കിയ കമ്പനിയോ ബഹുരാഷ്ട്രകുത്തകയോ അതിന് സംരക്ഷണം നൽകില്ല. ഉത്പാദനത്തിലെ അപകടസാധ്യതകൾ പലപ്പോഴും ഇൻഷുറൻസ് പരിധിയിൽ വരാറുമില്ല. കരാറിൽ തങ്ങൾ എഴുതിച്ചേർത്ത വകുപ്പുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, പ്രതീക്ഷിച്ച ഗുണനിലവാരമോ, അളവോ വിളവെടുത്തതിൽ ഉണ്ടായില്ല എന്നു പറഞ്ഞ് കമ്പനികൾക്ക് വില കുറച്ച് ഉൽപ്പന്നം വാങ്ങാനോ, മൊത്തമായി തന്നെ വാങ്ങാതെ തള്ളിക്കളയാനോ അവസരമുണ്ടെന്ന് പറയപ്പെടുന്നു. മഹാരാഷ്ട്രയിൽ, ജനിതകമാറ്റം വരുത്തിയ പരുത്തി ഉത്പ്പാദിപ്പിച്ച കർഷകർക്ക് ഇങ്ങനെ സംഭവിച്ചു. തന്മൂലം കർഷകർക്കിടയിലെ ആത്മഹത്യാനിരക്ക് വർധിക്കുകയും ചെയ്തു. തന്നെയുമല്ല, അരി, ഗോതമ്പ്, പയർവർഗങ്ങൾ തുടങ്ങി അത്യാവശ്യമായ ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം ഉപേക്ഷിക്കുന്നത് നമ്മുടെ ഭക്ഷ്യസ്വയംപര്യാപ്തതക്കു തന്നെ ഗുരുതര ഭീഷണിയാണ്. അങ്ങനെ, അടിസ്ഥാന സാമൂഹ്യ ആവശ്യകതക്ക് എതിരേ തന്നെ അത് നീങ്ങുന്നു.

**വില ഇൻഷുറൻസ് എന്ന തട്ടിപ്പ്**

മുതലാളിത്ത സർക്കാരുകളുടെ ഭാഗത്തു നിന്നുള്ള മറ്റൊരു വഞ്ചനയാണ് ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന വിള ഇൻഷുറൻസ് പദ്ധതി. ഇക്കാലത്തോളമുള്ള ഇത്തരം പദ്ധതികളിൽ ഭൂരിഭാഗത്തിലും, ഒന്നുകിൽ അവ മതിയായ കവറേജ് നൽകുന്നുണ്ടാവില്ല, അല്ലെങ്കിൽ അവയിൽ നിന്നും ഇൻഷുറൻസ് തുക കിട്ടുന്നത് നിരവധി തടസ്സങ്ങൾ നിറഞ്ഞ, അങ്ങേയറ്റം ക്ലേശകരമായ അനുഭവമായതു കൊണ്ട് കൃഷിക്കാർക്ക് യാതൊരു ഗുണവും ലഭിക്കുന്നുണ്ടാവില്ല. വിളനാശം സംഭവിക്കുന്ന കർഷകർക്ക് ഇൻഷുറൻസും സാമ്പത്തിക സഹായവും നൽകാനായി 2016-ൽ ആരംഭിച്ച പ്രധാനമന്ത്രി ഫസൽ ബീമാ യോജന ഒരു പരാജയമായി മാറിയിരിക്കുന്നു. എസ്സാർ, ഐസിഐസിഐ,

*(ശേഷം 10-ാം പേജിൽ)*

## കർഷകരുടെ സെക്രട്ടേറിയറ്റ് മാർച്ച്




**കർഷകരുടെ സെക്രട്ടേറിയറ്റ് മാർച്ച് ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു**

പ്രളയകാലത്തെ കൃഷിനാശത്തിന് പൂർണ്ണമായ നഷ്ടപരിഹാരം ഉടൻ നൽകുക,കർഷകരുടെ കടങ്ങൾ എഴുതിത്തള്ളുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ജനുവരി 30ന് കർഷകർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തി. കർഷകപ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ നടന്ന മാർച്ച് സമിതി സംസ്ഥാന ഉപദേശകനും പ്രമുഖ പരിസ്ഥിതി പ്രവർത്തകനുമായ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്തു. കർഷകരെ കടക്കെണിയിലാക്കി കൊലപ്പെടുത്തുന്ന നയമാണ് കേന്ദ്രസർക്കാർ സ്വീകരിച്ചിരിക്കുന്നത് എന്നും അതേനിലപാടു തന്നെയാണ് സംസ്ഥാന സർക്കാർ പിന്തുടരുന്നതെന്നും അദ്ദേഹം പറഞ്ഞു. പ്രളയം നേരിട്ട് അഞ്ചുമാസം കഴിഞ്ഞിട്ടും യാതൊരു നഷ്ടപരിഹാരവും സർക്കാർ കർഷകർക്ക് നൽകിയിട്ടില്ല എന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കർഷക പ്രതിരോധ സമിതി സംസ്ഥാന പ്രസിഡന്റ് ജോർജ് മാത്യു കൊടുമൺ അദ്ധ്യക്ഷത വഹിച്ചു. വയനാട് ജില്ലാ പ്രസിഡന്റ് അഡ്വ: ഒ.അബ്ദുറഹ്മാൻ, ഫാദർ എബ്രഹാം ജോസഫ്, വി.കെ. സദാനന്ദൻ, എൻ.വിനോദ് കുമാർ, പി.ആർ.സതീശൻ കുട്ടനാട്, പൊക്കാളി സംരക്ഷണ സമിതി നേതാവ് ബാബു പള്ളിപ്പറമ്പിൽ, ഫ്രാൻസിസ് കളത്തുങ്കൽ, എസ്.രാജീവൻ, ജി.ധ്രുവകുമാർ, എസ്.ശ്രീകുമാർ, പി.സി.ജോളി എന്നിവർ പ്രസംഗിച്ചു.

സെക്രട്ടേറിയറ്റ് മാർച്ചിനു ശേഷം എൻഡോസൾഫാൻ ദുരന്തബാധിതരുടെ സമരത്തിന് അഭിവാദ്യമർപ്പിച്ചുകൊണ്ട് കർഷകർ പ്രകടനം നടത്തി■

# സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗ് ഏർപ്പെടുത്തി കർഷകർക്കും ഉപഭോക്താക്കൾക്കും ആശ്വാസമേകുക

## കർഷകന്റെ ദുരിതങ്ങൾ

*(9-ാം പേജിൽ നിന്ന്)*

എച്ച്ഡിഎഫ്സി പോലെയുള്ള സ്വകാര്യ വാണിജ്യ സ്ഥാപനങ്ങളെ, കർഷകർ കഷ്ടപ്പെട്ട് അധ്വാനിച്ചുണ്ടാക്കുന്ന ആയിരക്കണക്കിന് കോടി രൂപ കൊള്ളയടിക്കാൻ അനുവദിക്കുകയും, അവസാനം കർഷകർ പ്രതിസന്ധിയിലാകുന്ന സമയത്ത് അവരെ കൈവിടുകയും ചെയ്യും. പ്രധാനമന്ത്രിയുടെ അടുത്ത സുഹൃത്തായ മുകേഷ് അംബാനിയുടെ റിലയൻസിനും കമ്പോളത്തിന്റെ വലിയൊരു പങ്ക് നൽകിയിട്ടുണ്ടെന്നതിൽ അത്ഭുതമൊന്നുമില്ല. ഉയർന്ന പ്രീമിയം നിരക്കും കടുത്ത നിബന്ധനകളും പരിഹാരത്തേക്കാൾ പ്രശ്നമാണ് നൽകുന്നത്. ഈ ഘടകങ്ങൾ കാരണം 84 ലക്ഷത്തിലധികം കർഷകർ 2017-18 വർഷത്തിൽ പദ്ധതിയിൽ നിന്നും പിന്മാറി. തന്നെയുമല്ല, പ്രളയം ദുരിതം വിതച്ച യുപിയിലെ കർഷകർക്ക് ഇൻഷുറൻസിൽ നിന്നും നഷ്ടപരിഹാരമൊന്നും ലഭിക്കാതിരുന്നപ്പോഴാണ്, കേന്ദ്രമോ സംസ്ഥാനമോ വേണ്ട പ്രീമിയം തുക സമയത്ത് അടച്ചിരുന്നില്ല എന്നത് വെളിപ്പെട്ടത്. ഇതിലും വലുതായ അവജ്ഞയും ബീഭൽസമായ പരിഹാസവും വേറെയെന്താണ് ഉണ്ടാവുക. അന്തിമമായി, റിപ്പോർട്ടുകൾ പ്രകാരം, 85% കർഷകർക്കും ഇൻഷുറൻസില്ല.

### മുതലാളിത്ത വ്യവസ്ഥിതിയിൽ കൃഷിയുടെ അപകടസ്ഥിതിയെക്കുറിച്ചുള്ള ലെനിന്റെ പ്രവചനം

നഗര-ഗ്രാമീണ ജീവിതങ്ങൾ തമ്മിലുള്ള സംഘർഷമായി വെളിവാകുന്ന, കൃഷിയും വ്യവസായവും തമ്മിലുള്ള അടിസ്ഥാനവൈരുദ്ധ്യത്തെക്കുറിച്ച്, മഹാനായ ലെനിൻ നൽകിയ പാഠങ്ങൾ ഇവിടെ ഓർക്കേണ്ടതാണ്. ലെനിൻ പറഞ്ഞു: "ഗ്രാമീണ ജനസംഖ്യയുടെ ചെലവിൽ നഗര-(കുറച്ചുകൂടി പൊതുവായി പറഞ്ഞാൽ, വ്യവസായിക) ജനസംഖ്യയിലുണ്ടാകുന്ന വളർച്ച ഇന്നത്തെക്കാലത്ത് മാത്രമുണ്ടാകുന്ന ഒരു പ്രതിഭാസമല്ല, അത് കൃത്യമായും മുതലാളിത്തത്തിന്റെ നിയമത്തെ പ്രകാശിപ്പിക്കുന്ന ഒരു പൊതുവായ പ്രതിഭാസമാണ്."(സമാഹൃത കൃതികൾ, വോള്യം-4, പേജ് 151) "പട്ടണത്തെ ഗ്രാമത്തിൽ നിന്നും വേർതിരിക്കുന്നത്, അവരുടെ വിപരീതനില, ഗ്രാമത്തിനു മേലുള്ള പട്ടണത്തിന്റെ ചൂഷണം-ഇതെല്ലാം, 'ഭൂപ്രദേശസമ്പത്തിനുമേൽ' (കാർഷികസമ്പത്ത്) 'വാണിജ്യസമ്പത്തിന്റെ' ആധിക്യം ഉണ്ടാവുന്നതിന്റെ അനിവാര്യമായ ഫലമാണ്. അതുകൊണ്ട്, ഗ്രാമീണമേഖലക്കു മേലുള്ള പട്ടണത്തിന്റെ മേധാവിത്വം(സാമ്പത്തികമായും, രാഷ്ട്രീയമായും, ബൗദ്ധികമയും മറ്റെല്ലാ രീതിയിലും), ചരക്കുത്പാദനവും മുതലാളിത്തവുമുള്ള എല്ലാ രാജ്യങ്ങളിലുമുള്ള, സാർവത്രികവും ഒഴിച്ചുകൂടാനാകാത്തതുമായ കാര്യമാണ്"(സമാഹൃത കൃതികൾ, വോള്യം – 2, പേജ് 229). ലെനിൻ പറഞ്ഞു: "വാണിജ്യത്തിന്റെയും വ്യവസായത്തിന്റെയും വികാസം കൃഷിയെ പിന്തള്ളാത്ത ഒരു മുതലാളിത്ത സംവിധാനം ഉണ്ടാകുന്നത് സാധ്യമാണോ? മുതലാളിത്തം വളരുന്നതോടൊപ്പം, കൃഷി എപ്പോഴും എല്ലായിടത്തും വാണിജ്യത്തിനും വ്യവസായത്തിനും പിന്നിലാവുകയും എപ്പോഴും അവയ്ക്ക് കീഴ്പ്പെട്ടു നിന്നും, എപ്പോഴും അവയാൽ ചൂഷണം ചെയ്യപ്പെടുകയും ചെയ്യും"(സമാഹൃത കൃതികൾ, വോള്യം – 2, പേജ് 209). അതുകൊണ്ട്, ഒരു സമൂഹത്തിന് വ്യവസായവികസനമുണ്ടാകുകയും എന്നാൽ കൃഷിയിൽ പിന്നാക്കമാകുകയും ചെയ്യുകയെന്നത് ഒരു നല്ല സംസ്ക്കാരത്തിന്റെ ലക്ഷണമല്ല. എന്നാൽ ഇത് മുതലാളിത്തമാണ്, ഈ വൈരുദ്ധ്യത്തിന് ഒരു അനിവാര്യതിന്മയെന്നോണം ജന്മം നൽകുന്ന വികസിതമുതലാളിത്തം.

### സ്വമേധയാ തിരയടിച്ചുയരുന്ന കർഷകപ്രതിഷേധം

ഇന്ത്യൻ കർഷകന്റെ ദുരവസ്ഥയിലേക്ക് തിരിച്ചുവരുമ്പോൾ, രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള കർഷകർ രോഷം കൊണ്ടു പൊട്ടിത്തെറിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങളെത്തിയിരിക്കുന്നു. 2017 മുതൽ തന്നെ, മതിയായ ന്യായവില ആവശ്യപ്പെട്ടുകൊണ്ടുള്ള വമ്പിച്ച കർഷകസമരങ്ങൾക്ക് മഹാരാഷ്ട്രയും മധ്യപ്രദേശും രാജസ്ഥാനും തമിഴ്നാടും മറ്റു പല സംസ്ഥാനങ്ങളും വേദിയായിരുന്നു. തമിഴ്നാട്ടിൽ നിന്നുമുള്ള, ദുരിതമനുഭവിക്കുന്ന കർഷകർ രാഷ്ട്രപതിഭവനു സമീപം 40 ദിവസം നീണ്ട പ്രതിഷേധ ധർണ നടത്തിയിരുന്നു. തല മുണ്ഡനം ചെയ്തും, മീശ പകുതി വെട്ടിക്കളഞ്ഞും, എലികളേയും പാമ്പുകളേയും വായിലിട്ടും, സ്വയം ചാട്ടവാറിനടിച്ചും, പ്രതിഷേധ ശവസംസ്ക്കാരം നടത്തിയും, കടക്കെണി മൂലം ആത്മഹത്യചെയ്ത കർഷകരുടെ അസ്ഥികളേന്തിയും, പൊതുമധ്യത്തിൽ നഗ്നരായുമൊക്കെ അവർ നടത്തിയ ഈ സമരം ദേശീയശ്രദ്ധ നേടിയിരുന്നു. മഹാരാഷ്ട്രയിലെ കർഷകർ നാസിക്കിൽ നിന്നും മുബൈയിലേക്കു നടത്തിയ 180 കിലോമീറ്റർ നീണ്ട വമ്പിച്ച സപ്തദിന മാർച്ച് വിജയത്തിലാണ് അവസാനിച്ചത്. സമരത്തിന്റെ ആവശ്യങ്ങളെല്ലാം തന്നെ അംഗീകരിക്കാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാവുകയായിരുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്നും സമരരംഗത്തുള്ള ആയിരക്കണക്കിനു കർഷകർ, വിളകൾക്ക് ന്യായവില ആവശ്യപ്പെട്ടു കൊണ്ടും ബാങ്ക് വായ്പകൾ എഴുതിത്തള്ളുവാനുമായി, കഴിഞ്ഞ നവംബറിൽ ഡൽഹിയിൽ ഒരു റാലി നടത്തുകയുണ്ടായി. പ്രത്യക്ഷമായും വിരണ്ട സർക്കാരാകട്ടെ, തലസ്ഥാനനഗരത്തിൽ ഇവർ പ്രവേശിക്കുന്നതു തടയാൻ ബലം പ്രയോഗിക്കുകയാണ് ഉണ്ടായത്. മന്ദ്സോർ ജില്ലയിലെ പ്രതിഷേധിച്ച കർഷകർക്കു നേരേ നിറയൊഴിക്കുകയാണ് മധ്യപ്രദേശ് സർക്കാർ ചെയ്തത്. ഇവിടെ അഞ്ചുപേർ സംഭവസ്ഥലത്തു തന്നെ കൊല്ലപ്പെടുകയും അനവധിപേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഈ സംഭവം രാജ്യത്തെയാകമാനം പിടിച്ചുകുലുക്കി. നിലനിൽക്കുന്ന അതിഭീകരമായ കാർഷിക ദുരവസ്ഥയുടെ പ്രതീകമായും ഇത് മാറി.

### സമ്പൂർണമായ സ്റ്റേറ്റ് ട്രേഡിങ്ങിനായുള്ള ആവശ്യം തികഞ്ഞ ഗൗരവത്തോടെ ഉയർത്തണം

പക്ഷേ ഇതെല്ലാം തന്നെ അങ്ങിങ്ങായി സംഭവിച്ച അസംഘടിതമായ പൊട്ടിത്തെറികളായിരുന്നു. ഇവിടെ, കർഷകരുടെ ന്യായമായ ആവശ്യങ്ങളെ മുൻനിർത്തി, രാജ്യമൊട്ടാകെ, ഒരേ പോലെ സുശക്തമായ ഐക്യമുന്നേറ്റമാണ് വേണ്ടത്. മുതലാളിത്തം നിലനിൽക്കുവോളം കർഷകരുടെ അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല എന്നത് സത്യമാണ്. വിപ്ലവത്തിലൂടെ മുതലാളിത്തത്തെ തൂത്തെറിയുക എന്നത്, സാമൂഹ്യവികാസത്തിന്റെ ശാസ്ത്രീയനിയമങ്ങളാൽ നിർണയിക്കപ്പെടുന്ന ആത്മനിഷ്ഠവും വസ്തുനിഷ്ഠവുമായ നിശ്ചിതസാഹചര്യങ്ങളുടെ പൂർത്തീകരണത്തിലൂടെ സംഭവിക്കേണ്ടതാണ്. പക്ഷേ, മുതലാളിത്തത്തെ തകർത്തെറിയുന്നതു വരേയും, ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾക്കുമേൽ, ഉയർന്ന തൊഴിലാളിവർഗ നൈതികതയേയും സംസ്ക്കാരത്തേയും അടിസ്ഥാനമാക്കി ജനങ്ങൾ നിരന്തരം വർഗ-ബഹുജന മുന്നേറ്റങ്ങൾ സംഘടിപ്പിക്കുകയും വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ടെന്ന സത്യം, തൊഴിലാളിവർഗത്തിന്റെ വിപ്ലവപാർട്ടിയെന്ന നിലയിൽ നമ്മൾ ഉൾക്കൊണ്ടിട്ടുണ്ട്. അത്തരം സമഗ്രമായ, തത്വാധിഷ്ഠിതമായ രാഷ്ട്രീയ മുന്നേറ്റങ്ങൾ, ശരിയായ വിപ്ലവ നേതൃത്വത്തിനു കീഴിൽ നടത്തുന്നതിലൂടെ ന്യായമായ ആവശ്യങ്ങൾ മുതലാളിവർഗത്തിൽ നിന്നും സർക്കാരിൽ നിന്നും പിടിച്ചുവാങ്ങാൻ സാധിക്കും. എന്നുതന്നെയല്ല, അതിലൂടെ സമരങ്ങളിൽ പങ്കെടുക്കുന്ന അധ്വാനിക്കുന്ന ജനവിഭാഗങ്ങളിൽ ആവശ്യമായ രാഷ്ട്രീയാവബോധം വികസിപ്പിക്കുവാനും, അതുവഴി പടിപടിയായി വിപ്ലവത്തിനു പാതയൊരുക്കുവാനും സാധിക്കും. അതുപോലെ തന്നെ, ചില കൃത്യമായ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട്, ശരിയായ അടിസ്ഥാന രാഷ്ട്രീയ ലൈനിലൂടെ നടത്തുന്ന സുസംഘടിതമായ ശക്തവും തത്വാധിഷ്ഠിതവുമായ മുന്നേറ്റത്തിലൂടെ, കഷ്ടപ്പെടുന്ന കർഷകർക്ക് കുറച്ചെങ്കിലും ആശ്വാസം ഉളവാക്കാനും സാധിക്കും.

ഈ സന്ദർഭത്തിൽ, നിശ്ചിതോദ്ദേശ്യങ്ങളോടു കൂടിയ അത്തരം നീണ്ട സമരങ്ങൾ വികസിപ്പിക്കാൻ ഇടത്-ജനാധിപത്യ ശക്തികൾക്കേ സാധിക്കൂ. പക്ഷേ, സ്വയംപ്രഖ്യാപിത വലിയ ഇടതു പാർട്ടികളായ സിപിഐഎമ്മോ സിപിഐയോ ഇങ്ങനെയൊരു നീക്കവും നടത്താൻ താൽപ്പര്യപ്പെടുന്നില്ല എന്നത് ഖേദകരമായ സംഗതിയാണ്. മുതലാളിത്ത വർഗ താത്പര്യത്തോടുള്ള വിധേയത്വവും, സമ്പത്തിനും അധികാരത്തിനുമായുള്ള ആർത്തിയും അവരിൽ വളരെ ആഴത്തിൽ വേരുകളാഴ്ത്തിയിരിക്കുന്നു. അതുകൊണ്ടു തന്നെ, മറ്റേതൊരു വോട്ട് അധിഷ്ഠിത ബൂർഷ്വാ കക്ഷിയേയും പോലെ തന്നെ അവരും പ്രവർത്തിക്കുന്നു. വളരുന്ന ദുരിതങ്ങളോ, സഹതാപാർഹമായ ജീവിതസാഹചര്യമോ, അടിച്ചമർത്തപ്പെടുന്ന ജനലക്ഷങ്ങളുടെ ഇല്ലായ്മകളോ ഒന്നും അവരിൽ യാതൊരു ചലനവും സൃഷ്ടിക്കുന്നില്ല. അപ്പോൾ, വർഗ-ബഹുജന മുന്നേറ്റങ്ങൾ രൂപപ്പെടുത്തി, ക്രമേണ വളർത്തിയെടുത്ത് ചൂഷക ഭരണമുതലാളിത്തത്തെയും അവരുടെ അടിമസർക്കാരുകളേയും മറ്റ് സ്ഥാപിത താൽപ്പര്യക്കാരേയും വിറപ്പിക്കുവാനും, അതുവഴി ജനങ്ങളുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുവാനുമുള്ള അടിയന്തരാവശ്യകത അവർക്കു മനസ്സിലാകുന്നില്ല. അപ്പോൾ, തെരഞ്ഞെടുപ്പു നേട്ടങ്ങൾക്കായി മാത്രമുള്ള ചില പ്രകടനങ്ങൾക്കപ്പുറം ഒന്നും ചെയ്യാതെ, എന്തെങ്കിലും ലക്ഷ്യബോധത്തോടെയുള്ള ഗൗരവമാർന്ന ബഹുജനമുന്നേറ്റങ്ങളിൽ നിന്നെല്ലാം അവർ അകലം പാലിക്കുകയാണ്. പശുക്കൾക്ക് വിരുന്നുണ്ണുവാനായി വിളകൾ വലിച്ചെറിയേണ്ടി വന്ന നാസിക്കിലെ ഉള്ളിക്കർഷകരുടെ ദൈന്യതയുടേയും ദുരവസ്ഥയുടേയും വാർത്തകൾ പുറത്തുവന്ന ശേഷവും അതേക്കുറിച്ചൊരു പ്രതിഷേധക്കുറിപ്പു പോലും അവരുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല. പാർലമെന്റിൽ വിഷയം ഉന്നയിക്കുന്നതിനേക്കുറിച്ചു പറയുക തന്നെ വേണ്ട. കോൺഗ്രസും മറ്റു പാർട്ടികളുമായൊക്കെ ഉണ്ടാക്കേണ്ട തെരഞ്ഞെടുപ്പു സഖ്യങ്ങളെക്കുറിച്ചുള്ള കണക്കുകൂട്ടലുകളുടെ തിരക്കിലാണവർ.

എന്നാൽ, ഈ മണ്ണിലെ യഥാർത്ഥ വിപ്ലവപാർട്ടിയെന്ന നിലയിൽ, മാർക്സിസം-ലെനിനിസത്തിന്റെ പതാക ഉയർത്തിപ്പിടിക്കുവാനും എല്ലാ ശക്തിയുമുപയോഗിച്ചും വർഗ-ബഹുജന മുന്നേറ്റങ്ങൾ വളർത്തിയെടുക്കുവാനും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി ദൃഢനിശ്ചയമെടുത്തിരിക്കുകയാണ്. കർഷകരുടെ പ്രശ്നങ്ങളേയും, ഭക്ഷണത്തിനും മറ്റ് അവശ്യസാധനങ്ങൾക്കും ഉയരുന്ന വിലകളും വിതരണവും സംബന്ധിക്കുന്ന പ്രശ്നങ്ങളേയും കുറിച്ച് വിചിന്തനം ചെയ്ത്, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ചിന്തകരിൽ ഒരാളുമായ സഖാവ് ശിബ്ദാസ് ഘോഷ്, 1960-കളിൽ തന്നെ, ഭക്ഷ്യവസ്തുക്കൾക്കും, ജീവിക്കാൻ ആവശ്യമായ മറ്റ് വസ്തുക്കൾക്കും സമ്പൂർണമായ സ്റ്റേറ്റ് ട്രേഡിംഗ് എന്ന ആവശ്യമുയർത്തിയിരുന്നു. സമ്പൂർണ സ്റ്റേറ്റ് ട്രേഡിംഗ്, അഥവാ സർക്കാർ മുൻകൈയ്യിൽ മാത്രമുള്ള വാണിജ്യം അർത്ഥമാക്കുന്നത്, ഈ ഉത്പന്നങ്ങളുടെ സംഭരണത്തിലോ വിതരണത്തിലോ യാതൊരു സ്വകാര്യ പങ്കാളിത്തമോ ഇടപെടലോ ഉണ്ടാകില്ല എന്നാണ്. മൊത്തക്കച്ചവടവും ചില്ലറവിൽപ്പനയുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളും സമ്പൂർണമായും സർക്കാർ നിയന്ത്രണത്തിലായിരിക്കണം. ഇത് നടപ്പിലാക്കുകയാണെങ്കിൽ, വലിയൊരു അളവു വരെ കർഷകരുടെ ദുരിതങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഈ ആവശ്യത്തിനായി, അങ്ങനെയൊരു സുസംഘടിതവും സർവശക്തവുമായ മുന്നേറ്റം വളർത്തിയെടുക്കുന്നതിനായി മുന്നോട്ടു വരാൻ ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുകയാണ്. ഇങ്ങനെയൊരു മുന്നേറ്റം വളർത്തിയെടുക്കുന്നതിന് ദൃഢചിത്തതയോടെ നമ്മുടെ പാർട്ടി നിലകൊള്ളുന്നു. ■

### ഡൽഹിയിലെ പ്രമാണിമാർക്കും ബുദ്ധിജീവികൾക്കുംവേണ്ടിയുള്ള

# ആർഎസ്എസ് മേധാവിയുടെ പ്രസംഗം കൗശലപൂർണ്ണമായ അഭ്യാസം

**2018 സെപ്തംബർ 17 മുതൽ 19 വരെ, രാഷ്ട്രീയ സ്വയം സേവക് സംഘ് മേധാവി ഡോ.മോഹൻ ഭഗവത്, ഡൽഹിയിലെ സ്വാധീനശക്തിയുള്ളവരും ലബ്ധപ്രതിഷ്ഠരുമായ ഏതാണ്ട് ആയിരത്തോളം പേരടങ്ങുന്ന ഒരു സദസ്സിനെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ആർഎസ്എസ്-ബിജെപി സംഘത്തെ സംബന്ധിച്ചിടത്തോളം ഒരപൂർവ്വ പ്രതിഭാസമായ ഈ പ്രഭാഷണ പരമ്പരയുടെ ലക്ഷ്യം, ഡോ.മോഹൻ ഭഗവത് അവകാശപ്പെടുന്നതുപോലെ 'ഈ രാജ്യത്തെ ഒരു ശക്തിയായി മാറിയിട്ടുള്ള ആർഎസ്എസിനെ മൂർത്തമായ അറിവിന്റെ അടിസ്ഥാനത്തിൽ' ഈ സദസ്സിലും അതുവഴി രാജ്യത്തും പ്രതിഷ്ഠിക്കുക എന്നതായിരുന്നു.**

എന്നാലൊരു സൂക്ഷ്മ പരിശോധന കാണിക്കുന്നത് ഈ യോഗവും അതിലെ പ്രഭാഷണ പരമ്പരയുമെല്ലാം സത്യത്തെ മറയ്ക്കുക മാത്രമല്ല അസത്യങ്ങളും അർദ്ധസത്യങ്ങളും ബോധപൂർവ്വമായ വളച്ചൊടിക്കലുമെല്ലാം സത്യമായി വേഷംകെട്ടി അവതരിപ്പിക്കുകയും ചെയ്യുന്നു എന്നാണ്. ഈ പുകപടലത്തിനുപിന്നിൽ, തങ്ങളുടെ സ്ഥാപനകാലം തൊട്ടുള്ള ഞെട്ടിപ്പിക്കുന്ന ഭീകരമുഖം മറച്ചുവയ്ക്കാനാണ് ആർഎസ്എസ് ശ്രമിക്കുന്നത്.

### പശ്ചാത്തലം

കുട്ടികളെ തട്ടിക്കൊണ്ടുപോകൽ, ഗോഹത്യ, ഗോമാംസ ഭോജനം എന്നിവയെല്ലാം ആരോപിച്ച് ദളിത് ജനവിഭാഗങ്ങളുടെയും ന്യൂനപക്ഷങ്ങളുടെയുംമേലുള്ള ആൾക്കൂട്ടാക്രമണങ്ങൾ, ലവ് ജിഹാദ്, ഗോസംരക്ഷണത്തിന്റെ പേരിലുള്ള ആക്രമണോത്സുകത എന്നിവയെല്ലാമായി ഇന്ന് കേന്ദ്രാധികാരത്തിലിരിക്കുന്ന ആർഎസ്എസ്-ബിജെപി സംഘത്തിനെ നിസ്സംശയം ചേർത്തുവയ്ക്കാവുന്നതാണ്. ഈ പട്ടിക നീണ്ടുപോകുന്നു: ആസാമിലെ പൗരത്വ രജിസ്റ്റർ, ഭീകരവാദികളെ അമർച്ച ചെയ്യാനെന്ന പേരിൽ കാശ്മീരിൽ സൈന്യം സാധാരണക്കാർക്കുനേരെ ബുള്ളറ്റുകളും പെല്ലറ്റുകളും വർഷിക്കുന്നത്, രാമക്ഷേത്ര വിഷയം ഇടയ്ക്കിടെ പൊടിതട്ടിയെടുത്ത് വർഗ്ഗീയതയുടെ വിഷം തുപ്പുന്നത്, വിദ്യാഭ്യാസത്തിന്റെ കാവിവൽക്കരണവും സ്വയം ഭരണാവകാശത്തിന് തടയിടലും, ചരിത്രത്തിന്റെയും ശാസ്ത്രത്തിന്റെയും വളച്ചൊടിക്കൽ, ശാസ്ത്രീയ ചിന്തയുടെ നശീകരണം, രാജ്യത്തെ മുൻനിര സ്ഥാപനങ്ങളെ തകർക്കുകയോ അവയുടെ തലപ്പത്ത് ആർഎസ്എസ്-ബിജെപി പ്രാമാണിമാരെ അവരോധിക്കുകയോ ചെയ്യുന്നത്, പുരോഗമന ചിന്തകരെ കൊലചെയ്യുന്നതും 'നഗരനക്സലൈറ്റ്' എന്ന് വിളിക്കപ്പെടുന്നവരെ അമർച്ച ചെയ്യുന്നതും, ഇന്ന് ലോകത്തെ ഏറ്റവും കൂടിയ അളവിലുള്ള വ്യാജവാർത്തകളുടെ നിർമ്മാണവും പ്രചരണവും - ഇങ്ങനെ നീണ്ടുപോകുന്നു കാര്യങ്ങൾ. രാജ്യത്തെ ജനങ്ങളെ ഇത് ഭീതിയിലാഴ്ത്തിയിരിക്കുന്നു എങ്കിലും ഇവയുടെ പിന്നിലെ ഉദ്ദേശ്യത്തെക്കുറിച്ച് ജനങ്ങൾ കൂടുതൽ ബോധവാന്മാരാകുന്നുവെന്നതും ചിലപ്പോൾ തുറന്നെതിർക്കാൻ തുനിയുന്നു എന്നതും വാസ്തവമാണ്.

### ഡോ.ഭഗവതിന്റെ ആശയങ്ങൾ ചുരുക്കത്തിൽ

ഈ പശ്ചാത്തലത്തിലാണ് ഡോ.ഭഗവത് ആർഎസ്എസ് സ്ഥാപകനായ ഡോ.കെ.ബി. ഹെഡ്ഗേവാറിനെ അവതരിപ്പിച്ചുകൊണ്ട് സദസ്സിന്റെ ശ്രദ്ധയാകർഷിക്കാൻ ശ്രമിക്കുന്നത്. അദ്ദേഹത്തെയും ആർഎസ്എസിനെയും തീവ്രരാജ്യസ്നേഹികളായി ചിത്രീകരിക്കുകയും രാജ്യത്തിന്റെ ഉന്നമനത്തിനായി അവരാവിഷ്കരിക്കുന്ന വ്യക്തിനിർമ്മാണത്തെക്കുറിച്ച് പറയുകയും ചെയ്യുന്നു ഡോ.ഭഗവത്. ഡോ.ഹെഡ്ഗേവാർ അവതരിപ്പിച്ചതിൻപ്രകാരം വ്യക്തികളുടെ ക്ഷേമത്തെ സമൂഹത്തിന്റെ ക്ഷേമമായി കണക്കാക്കുന്നതിൽ വിശ്വസിക്കുന്ന, 'സകലതിനെയും ഉൾക്കൊള്ളുന്ന' ഒന്നായി ഹിന്ദുത്വത്തെ ഡോ.ഭഗവത് പിന്നീട് നിർവചിക്കുന്നു. എന്നാലിത് യാഥാർത്ഥ്യത്തെ മറച്ചുവയ്ക്കാനും ജനങ്ങളെ വിഡ്ഢികളാക്കാനുമുള്ള ആർഎസ്എസിന്റെ പുതിയ വാചാടോപമാണ്. തന്റെ പ്രമേയത്തെ വിശദീകരിക്കാനായി ഡോ.ഭഗവത്, വൈജാത്യങ്ങളെ 'അംഗീകരിക്കുക'യും 'ആദരിക്കുക'യും ചെയ്യുന്നതാണ് നമ്മുടെ 'പാരമ്പര്യം' എന്ന് ഊന്നിപ്പറയുകയും ചെയ്യുന്നു. നാനാത്വത്തിലെ ഏകത്വം, ഐക്യം, ത്യാഗം, ആത്മനിയന്ത്രണം, വിധേയത്വം എന്നിവയ്ക്കായുള്ള മൂല്യാധിഷ്ഠിത ഉദ്ബോധനങ്ങളാണത്രെ ആർഎസ്എസ് വിഭാവനം ചെയ്യുന്ന ഹിന്ദുത്വവും ഹുന്ദുരാഷ്ട്രവാദവും. ഋഷിതുല്യനായി അദ്ദേഹം പറയുന്നു: "സംതൃപ്തി, ആത്മജ്ഞാനം, ഈശ്വരൻ ഇവ നിങ്ങൾക്കെവിടെയും കാണാം. തലമുറകളിലൂടെ നമ്മുടെ കുടുംബങ്ങളിൽ പഠിപ്പിക്കുന്ന ശീലങ്ങളും നമ്മെ ഒന്നിപ്പിക്കുന്ന വീക്ഷണവുമാണിത്... പരിഷ്കരണത്തിലൂടെയും പ്രയോഗത്തിലൂടെയും നമ്മുടെ സംസ്കാരത്തെ സൃഷ്ടിച്ചിരിക്കുന്നത് ഇതിൽനിന്നാണ്." പിന്നീടദ്ദേഹം പ്രഖ്യാപിക്കുന്നു: "ഇന്ത്യയ്ക്കുപുറത്തുനിന്ന് ഇങ്ങോട്ടുവന്ന, പിന്നീട് ഇന്ത്യക്കാരായി മാറിയ മുസ്ലീമോ ക്രിസ്ത്യനോ മറ്റ് സമുദായങ്ങളിൽപ്പെട്ടവരോ ആയ ജനവിഭാഗങ്ങൾക്ക് യഥാർത്ഥ ഇന്ത്യക്കാരായി മാറണമെങ്കിൽ ഈ രീതികളും സ്വഭാവ സവിശേഷതകളും അവരവരുടെ കുടുംബങ്ങളിൽ അനുവർത്തിക്കേണ്ടിയിരുന്നു. നമ്മെ ഒന്നിപ്പിക്കുന്ന മൂല്യാധിഷ്ഠിത സംസ്കാരമാണിത്." ഭഗവത് പറയുന്നു: "നമ്മുടെ രാജ്യത്ത് തങ്ങൾ ഹിന്ദുക്കളല്ലെന്ന് സ്വയം പറയുന്ന ആളുകളുണ്ട്. പക്ഷേ ഐക്യം സ്ഥാപിക്കണമെങ്കിൽ... ഹിന്ദുത്വമോ ഹൈന്ദവതയോ സ്വീകരിക്കുകയല്ലാതെ അവർക്ക് മറ്റ് മാർഗ്ഗമൊന്നുമില്ല എന്നത് യുക്തിസഹമാണെന്ന് ഡോ ഹെഡ്ഗേവാർ അഭിപ്രയപ്പെട്ടിട്ടുണ്ട്. അദ്ദേഹം വ്യക്തമായി പറയുന്നു: "ഈ ഹിന്ദുസ്ഥാൻ ഒരു ഹിന്ദു രാഷ്ട്രമാണ്. നമ്മൾ ആ ഹിന്ദുരാഷ്ട്രം സംഘടിപ്പിക്കും."

### നാട്യങ്ങളും വളച്ചൊടിക്കലുകളും അർദ്ധസത്യങ്ങളും വ്യാജ നിർമ്മിതികളും എണ്ണമറ്റത്

ചുരുങ്ങിയ വാക്കുകളിൽ സംഗ്രഹിച്ച ഈ ആശയങ്ങൾ പൊള്ളയായ വാക്കുകളെന്നതിനേക്കാൾ നാട്യങ്ങളും വളച്ചൊടിക്കലുകളും അർദ്ധസത്യങ്ങളും വ്യാജനിർമ്മിതികളും നിറഞ്ഞവയാണ്.

ഒന്ന്: 1925ൽ ഡോ.ഹെഡ്ഗേവാറാണ് ആർഎസ്എസ് സ്ഥാപിച്ചതെന്നതിൽ സംശയമൊന്നുമില്ല. എന്നാൽ ആർഎസ്എസുമായി ചേർന്ന് പ്രവർത്തിച്ചിരുന്ന ഹിന്ദുമഹാസഭയുടെ പിൽക്കാല നേതാവായ വിനായക് ദാമോദർ സവർക്കർ തന്റെ ഒരു പുസ്തകത്തിലൂടെ 1923-ൽത്തന്നെ ഹിന്ദുത്വത്തെക്കുറിച്ചും ഹിന്ദുമേൽക്കോയ്മയെക്കുറിച്ചുമുള്ള ആശയങ്ങൾ അവതരിപ്പിച്ചിരുന്നു. പിന്നീട് ആർഎസ്എസ് മേധാവിയായ എം.എസ്.ഗോൾവാൾക്കറാണ് സംഘടനയെ രാജ്യത്ത് വിപുലമായി പ്രചരിപ്പിക്കുന്നതിനായി അസഹിഷ്ണുതയും അക്രമണോത്സുകതയും അതിൽ അധികമായി കൂട്ടിച്ചേർത്തത്. ഏതുതരം വിഷമാണദ്ദേഹം വമിപ്പിക്കുന്നതെന്നുനോക്കൂ! ഈ നാട്ടിൽ വസിക്കുന്ന ക്രിസ്ത്യാനികളെയും മുസ്ലീങ്ങളെയും കുറിച്ച് അദ്ദേഹം ധിക്കാരത്തോടെ വിധിക്കുന്നു:"അവരുടെ വിശ്വാസത്തിൽവന്ന മാറ്റത്തോടൊപ്പം തന്നെ അവരുടെ രാജ്യസ്നേഹത്തിന്റെയും സമർപ്പണത്തിന്റെയും പ്രാണനും നഷ്ടപ്പെട്ടിരിക്കുന്നു." (ഗോൾവാൾക്കറുടെ 'വിചാരധാര'യിൽനിന്ന്) അവരെ വ്യക്തമായും ഇന്ത്യക്കാരല്ലാതാക്കി വേർതിരിച്ചിരിക്കുന്നു. ഇതിലെന്തെങ്കിലും അവ്യക്തതയുണ്ടോ? 'നാം അഥവാ നമ്മുടെ ദേശീയത നിർവ്വചിക്കപ്പെടുന്നു' എന്ന അദ്ദേഹത്തിന്റെ മറ്റൊരു ഗ്രന്ഥത്തിലൂടെ ഏതൊരു സംശയവും ദുരീകരിക്കപ്പെടുന്നു. അതിലദ്ദേഹം എഴുതിയിരിക്കുന്നു:"ഹിന്ദുസ്ഥാനിലുള്ള മറ്റുവിദേശവംശങ്ങൾ ചെയ്യേണ്ടത് ഹിന്ദുസംസ്കാരവും ഭാഷയും സ്വായത്തമാക്കുക, ഹിന്ദുമതത്തെ ആദരപൂർവ്വം വീക്ഷിക്കാനും ബഹുമാനിക്കാനും പഠിക്കുക, ഹിന്ദുവംശത്തെയും അതിന്റെ സംസ്കാരത്തെയും അഥവാ ഹിന്ദുരാഷ്ട്രത്തെ മഹത്വവൽക്കരിക്കാത്ത ഒരു ആശയത്തെയും പിന്തുണയ്ക്കാതിരിക്കുക, ഹിന്ദുവംശത്തിൽ ലയിക്കുന്നതിനായി തങ്ങളുടെ വ്യതിരിക്തമായ വ്യക്തിത്വം ഉപേക്ഷിക്കുക എന്നിവയാണ്. അതല്ലെങ്കിൽ അവർക്ക്, ഒന്നും ആവശ്യപ്പെടാതെ, വിശേഷാവകാശങ്ങളോ മുൻഗണനയോ ഇല്ലാതെ -പൗരാവകാശങ്ങൾ പോലുമില്ലാതെ- ഹിന്ദുരാഷ്ട്രത്തിന് സമ്പൂർണ്ണമായും കീഴ്പ്പെട്ട് ജീവിക്കേണ്ടിവരും." ഇങ്ങനെയായിരുന്നു ഉന്മത്തമായ ഹിന്ദുവർഗ്ഗീയ സിദ്ധാന്തങ്ങളെന്ന നിലയിൽ ഹിന്ദുത്വത്തെ അവതരിപ്പിച്ചതും നിലയുറപ്പിക്കാൻ അവസരംമൊരുക്കിയതും. ഗോൾവാൾക്കറുടെ പുസ്തകത്തിൽ നാസി ജർമ്മനിയെക്കുറിച്ച് നടത്തുന്ന പുകഴ്ത്തലുകളിൽനിന്ന് അതിന് ഫാസിസ്റ്റ് ചിന്തകളോടുള്ള അടുപ്പം വ്യക്തമാണ്. "ജർമ്മനിയുടെ വംശാഭിമാനം ഇന്നൊരു ചർച്ചാവിഷയമായി മാറിയിരിക്കുന്നു. തങ്ങളുടെ വംശത്തിന്റെ ശുദ്ധിയും സംസ്കാരവും കാത്തുപുലർത്തുന്നതിന്, സെമറ്റിക് വംശങ്ങളെ -ജൂതരെ- രാജ്യത്തുനിന്ന് ഓടിച്ചുകൊണ്ട് ജർമ്മനി ലോകത്തെ ഞെട്ടിച്ചിരിക്കുകയാണ്. വംശാഭിമാനം അതിന്റെ ഏറ്റവുമുയർന്ന തലത്തിൽ അവിടെ പ്രകടിതമാകുന്നു. ഉൾക്കാമ്പിൽനിന്നേ വ്യത്യസ്തങ്ങളായ വംശങ്ങളെയും സംസ്കാരങ്ങളെയും ഒരു ഏകാത്മകമായ സമ്പൂർണ്ണതയിലേക്ക് ഉൾച്ചേർത്ത് എടുക്കുക എന്നത് എത്രത്തോളം അസംഭാവ്യമാണെന്നും ജർമ്മനി കാണിച്ചുതരുന്നു; ഹിന്ദുസ്ഥാനെ സംബന്ധിച്ചിടത്തോളം പഠിക്കുവാനും പ്രയോജനപ്പെടുത്തുവാനുമുള്ള നല്ലൊരു പാഠവുമാണിത്."(നാമും നമ്മുടെ ദേശീയതയും നിർവ്വചിക്കപ്പെടുന്നു) യുവാക്കൾക്ക് സൈനിക പരിശീലനം നൽകുന്നതിനും അവരെ പട്ടാളച്ചിട്ടയിൽ വാർത്തെടുക്കുന്നതിനുമുള്ള ഫാസിസ്റ്റ് രീതികൾ പഠിച്ച്, അത് ഇവിടെ വ്യക്തിനിർമ്മാണത്തിന് ഉപയോഗിക്കാനായി എ.ബി.എസ്.മുൻജേ എന്ന അവരുടെ നേതാവ് മുസ്സോളിനിയുടെ ഇറ്റലി സന്ദർശിച്ചിട്ടുണ്ട്. രണ്ട് രാജ്യങ്ങൾ ചേർത്തുവച്ചതുപോലെ നിലകൊള്ളുന്ന ഇന്ത്യയെക്കുറിച്ചും അതുവഴി വംശശുദ്ധീകരണത്തെക്കുറിച്ചും മറ്റ് വംശങ്ങൾ ഹിന്ദുവംശത്തിന് കീഴ്പ്പെടേണ്ടതിനെക്കുറിച്ചുമുള്ള സവർക്കർ-ഗോൾവാൾക്കർ ആശയങ്ങളുടെയും തിട്ടൂരങ്ങളുടെയും അടിസ്ഥാനത്തിലാണ് ആർഎസ്എസ് ശാഖകൾ രൂപീകരിച്ചത്.

മുൻജേദൗത്യം രൂപീകരിച്ച ധാരണകളുടെ അടിത്തറയിലാണ് സംഘടനാപരമായി ആർഎസ്എസ് ശാഖകൾ രൂപംകൊണ്ടത്. പക്ഷേ മൂന്നാം ദിവസത്തെ ചോദ്യോത്തര വേളയിൽ വന്ന ഗോൾവാൾക്കറെ കുറിച്ചുള്ള ഒരു പരാമർശമൊഴികെ, സവർക്കർ, ഗോൾവാൾക്കർ, മുൻജേ എന്നിവരെക്കുറിച്ച്, തന്റെ മൂന്ന് ദിവസത്തെ പ്രഭാഷണങ്ങളിലൊന്നും മോഹൻ ഭഗവത് സൂചിപ്പിച്ചതേയില്ല. ഗോൾവാൾക്കറുടെ ആശയങ്ങളുടെ എഡിറ്റ് ചെയ്യപ്പെട്ട ഒരു പുതിയ പതിപ്പ് ആർഎസ്എസ് ഇറക്കിയിരിക്കുന്നുവെന്നത് ഇവിടെ പ്രസ്താവ്യമാണ്. കാലിക പ്രാധാന്യം മാത്രമുള്ള അഭിപ്രായങ്ങളെ ഒഴിവാക്കി ഗോൾവാൾക്കറുടെ ശാശ്വതങ്ങളായ ചിന്തകളെ അവതരിപ്പിക്കുന്നു എന്ന്

*(ശേഷം 12-ാം പേജിൽ)*

# ത്യാഗോജ്ജ്വലമായ സ്വാതന്ത്ര്യ സമരത്തെ പിന്തിരിപ്പനെന്നും ദേശസ്നേഹ വിരുദ്ധമെന്നും മുദ്രകുത്തി ആർഎസ്എസ് നിന്ദിച്ചു

(11-ാം പേജിൽ നിന്ന്)

ബോധ്യപ്പെടുത്താൻ ഇതവതരിപ്പിച്ചപ്പോൾ മോഹൻ ഭഗവതിന് ഏറെ ബുദ്ധിമുട്ടേണ്ടിവന്നു.

എന്തായാലും, സവർക്കറുടെ ഹിന്ദുത്വവും അതിനെ വിശദീകരിച്ചുകൊണ്ടുള്ള ഗോൾവാൾക്കറുടെ ക്രുദ്ധമായ ഫാസിസ്റ്റ് സിദ്ധാന്തങ്ങളും അടിസ്ഥാനമാക്കിയാണ് ആർഎസ്എസ് ആദ്യാവസാനം സ്വാതന്ത്ര്യ സമരത്തെ എതിർത്തതും ജനങ്ങൾ വ്യാപകമായി അവരെ തിരസ്കരിക്കുന്ന സ്ഥിതി വന്നതും. ഇപ്പോൾ എത്ര കഠിനമായി ശ്രമിച്ചാലും ആർഎസ്എസ് നേതാക്കൾക്ക് ഈ വസ്തുതകളെ അവഗണിക്കാനോ മായ്ച്ചുകളയാനോ കഴിയില്ല. മുഖ്യാംശത്തിൽ സവർക്കറെയോ ഗോൾവാൾക്കറെയോ ഒഴിവാക്കുന്ന തന്ത്രമാണ്, ഈ യാഥാർത്ഥ്യങ്ങൾക്കുനേരെ അവരിപ്പോൾ സ്വീകരിക്കുന്നത്. കൂടാതെ, ആർഎസ്എസിന്റെ എല്ലാ പ്രവൃത്തികളും പ്രതിഫലിപ്പിക്കുന്നത്, ഈ ഹിന്ദുത്വവാദി നേതാക്കൾ ഉദ്ബോധിപ്പിച്ച കാര്യങ്ങൾ തന്നെയാണെന്ന് ജനങ്ങൾ മനസ്സിലാക്കുന്നുമുണ്ട്. അപ്പോഴൊരു ചോദ്യമുയരുന്നു. ആർഎസ്എസിന്റെ ലൈൻ മാറിയതുകൊണ്ടാണോ ഗോൾവാൾക്കറെ ഒഴിവാക്കുന്നതും അതല്ലെങ്കിൽ അല്പപരാമർശത്തിൽ ഒതുക്കുന്നതും? അതോ അസുഖകരമായ യാഥാർത്ഥ്യങ്ങളും വസ്തുതകളും പേരുകളും വളച്ചൊടിക്കാനും മറച്ചുവയ്ക്കാനുമുള്ള ലജ്ജാശൂന്യമായ ശ്രമമോ?

രണ്ട്: ഡോ.ഹെഡ്ഗേവാറിന്റെ രാജ്യസ്നേഹത്തിന് ഡോ.ഭഗവത് സാക്ഷ്യം പറയുന്നുണ്ട്. എന്നാൽ ഉയർന്നുവരുന്ന ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി 1930ൽ ഗാന്ധിജി ആവിഷ്കരിച്ചതും ഇന്ത്യയിലാദ്യമായി ജനങ്ങൾ വ്യാപകമായി പങ്കെടുത്തതുമായ ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുക്കരുതെന്ന്, ആർഎസ്എസ് മേധാവിയെന്ന നിലയിൽ, സംഘാംഗങ്ങളോട് നിർദ്ദേശിച്ചതും ഇതേ ഹെഡ്ഗേവാർ തന്നെയായിരുന്നു.(ആർഎസ്എസ് പുറത്തിറക്കിയ ഡോ.ഹെഡ്ഗേവാറിന്റെ ജീവചരിത്രത്തിൽനിന്ന്)

1942ൽ ബ്രിട്ടീഷ് ഭരണാധികാരികൾക്കെതിരെ നടന്ന ക്വിറ്റ് ഇന്ത്യ സമരത്തിന്റെ കാലത്ത്, സർക്കാർ ജോലിയിലുള്ളവരും വിവിധ ജനപ്രതിനിധി സഭകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുമായ ഹിന്ദുമഹാസംഭ അംഗങ്ങളോട് സവർക്കർ നിർദ്ദേശിച്ചത് ഓഫീസിൽ പോകാനും ബ്രിട്ടീഷ് സർക്കാരുമായി പൂർണ്ണമായും സഹകരിക്കാനുമാണ്. ആർഎസ്എസ് നേതാക്കൾ ആഭ്യന്തരവകുപ്പ് സെക്രട്ടറിയെക്കണ്ട്, ആഭ്യന്തര സുരക്ഷിതത്വത്തിനായുള്ള പ്രത്യേക സേനാവിഭാഗമായ പൗരസൈന്യത്തിൽ(civic guards) കൂടുതലായി ചേരാൻ സംഘത്തിലെ അംഗങ്ങളെ പ്രോത്സാഹിപ്പിക്കാമെന്ന് ഉറപ്പുകൊടുത്തതായും ബ്രിട്ടീഷ് സർക്കാരിന്റെ ഒരു കുറിപ്പ് സ്ഥിരീകരിക്കുന്നുണ്ട്.

ബ്രിട്ടീഷ് സർക്കാർതന്നെ സൃഷ്ടിച്ച 1942-43ലെ മനുഷ്യനിർമ്മിതമായ കൊടുംവറുതിയെ പരാമർശിച്ചുകൊണ്ട് ഗോൾവാൾക്കർ അഭിപ്രായപ്പെടുന്നു: "ഇന്നത്തെ രാഷ്ട്രീയ അതിവൈകാരികതയുടെ ആപത്തെന്തെന്നാൽ, അതിന്റെയടിസ്ഥാനം പിന്തിരിപ്പൻ മനോഭാവം, ദുഃഖം, ക്രോധം, സൗഹൃദത്തെ മറന്നുകൊണ്ട് വിജയികളോടുള്ള എതിർപ്പ് എന്നിവയൊക്കെയാണ് എന്നതാണ്." ആർഎസ്എസിന്റെ അഥവാ ഹിന്ദുത്വവാദികളുടെ 'ദേശീയത'യുടെയും ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണത്തോടുള്ള 'എതിർപ്പി'ന്റെയും തിളങ്ങുന്ന ഉദാഹരണമാണിത്! യഥാർത്ഥത്തിൽ ഗോൾവാൾക്കറുടെ വ്യക്തമായ അഭിപ്രായമിതാണ്: "ദേശസ്നേഹവും ദേശീയതയും ബ്രിട്ടീഷ് വിരുദ്ധതയ്ക്ക് തുല്യമായി ഗണിക്കപ്പെട്ടിരിക്കുന്നു. ഈ പിന്തിരിപ്പൻ വീക്ഷണം സ്വാതന്ത്ര്യസമരത്തിന്റെ സമഗ്ര വികാസഗതിക്കും അതിന്റെ നേതാക്കൾക്കും സാധാരണ ജനങ്ങൾക്കും വിനാശകരമായ ഫലമാണുളവാക്കുക". ആർഎസ്എസ് ദേശീയ സ്വാതന്ത്ര്യ സമരത്തിനെതിരായിരുന്നുവെന്ന് സംശയരഹിതമായി സ്ഥാപിക്കാൻ ഇത് മതിയാകില്ലേ? ബ്രിട്ടീഷ് വിരുദ്ധ ദേശീയ സ്വാതന്ത്ര്യസമരത്തിൽ ആർഎസ്എസ് എന്നെങ്കിലും പങ്കെടുത്തിട്ടുണ്ടോ? ഈ ഉദ്ധരണികളെന്താണ് കാണിക്കുന്നത്? ആയിരക്കണക്കിന് വിദ്യാർത്ഥികളും യുവാക്കളും തോക്കിൻമുനകളും വെടിയുണ്ടകളും കഴുമരങ്ങളും സധൈര്യം നേരിടുമ്പോൾ, ഇവർ സ്വാതന്ത്ര്യസമരത്തെ പിന്തിരിപ്പനെന്നും ദേശസ്നേഹരഹിതമെന്നും മുദ്രകുത്തി നിന്ദിക്കുകയായിരുന്നില്ലേ? ആർഎസ്എസിന്റെ ഈ നിലപാടാണ്, അതിനോടുള്ള വിയോജിപ്പ് എന്ന നിലയിൽ, മുസ്ലീംലീഗിന് ഉയർന്നുവരുവാനുള്ള കളമൊരുക്കിയതെന്ന് വിലയിരുത്തിയാൽ തെറ്റുപറയാനാകുമോ? ഇന്ത്യൻ ജനതയെ വിഭജിക്കുവാൻ സഹായിക്കും എന്നതിനാൽ ബ്രിട്ടീഷ് സാമ്രാജ്യത്വ ഭരണാധികാരികൾ ആർഎസ്എസിനെയും മുസ്ലീം ലീഗിനെയും പ്രീണിപ്പിക്കുകയും പ്രകീർത്തിക്കുകയും പിരികേറ്റുകയും ചെയ്തതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. മതം പോലൊരു വിഷയത്തിന്റെ പേരിൽ രാജ്യം വിഭജിക്കപ്പെട്ടു എന്നതായിരുന്നു ഇതിന്റെ ദുരന്തഫലം. ആർഎസ്എസിന്റെ രൗദ്രവും വെറുപ്പുനിറഞ്ഞതുമായ വർഗ്ഗീയ പ്രവർത്തനങ്ങൾ അതുകൊണ്ടൊന്നും അവസാനിച്ചില്ല.

**സവർക്കറുടെ ഹിന്ദുത്വവും അതിനെ വിശദീകരിച്ചുകൊണ്ടുള്ള ഗോൾവാൾക്കറുടെ ക്രുദ്ധമായ ഫാസിസ്റ്റ് സിദ്ധാന്തങ്ങളും അടിസ്ഥാനമാക്കിയാണ് ആർഎസ്എസ് ആദ്യാവസാനം സ്വാതന്ത്ര്യ സമരത്തെ എതിർത്തതും ജനങ്ങൾ വ്യാപകമായി അവരെ തിരസ്കരിക്കുന്ന സ്ഥിതി വന്നതും. ഇപ്പോൾ എത്ര കഠിനമായി ശ്രമിച്ചാലും ആർഎസ്എസ് നേതാക്കൾക്ക് ഈ വസ്തുതകളെ അവഗണിക്കാനോ മായ്ച്ചുകളയാനോ കഴിയില്ല. മുഖ്യാംശത്തിൽ സവർക്കറെയോ ഗോൾവാൾക്കറെയോ ഒഴിവാക്കുന്ന തന്ത്രമാണ്, ഈ യാഥാർത്ഥ്യങ്ങൾക്കുനേരെ അവരിപ്പോൾ സ്വീകരിക്കുന്നത്.**

മൂന്ന്: ഉൾക്കൊള്ളൽ എന്നതുകൊണ്ട് ആർഎസ്എസ് ഉദ്ദേശിക്കുന്നത് എന്താണ്? ഹൈന്ദവേതര സമുദായങ്ങൾക്ക് അവർ നിർദ്ദേശിച്ച ക്ഷേമനടപടികൾ മുമ്പുദ്ധരിച്ച ഗോൾവാൾക്കറുടെ വാക്യങ്ങളിൽനിന്നുതന്നെ വ്യക്തമാണ്: "ഹിന്ദുക്കളല്ലാത്തവർ ഹിന്ദുവംശത്തിൽ ലയിക്കുന്നതിനായി അവരവരുടെ വ്യതിരിക്തമായ വ്യക്തിത്വം ഉപേക്ഷിച്ചുകൊണ്ട്... പൗരാവകാശങ്ങൾ ഉൾപ്പെടെ ഒന്നും ആവശ്യപ്പെടാതെ ഹിന്ദു രാഷ്ട്രത്തിന് സമ്പൂർണ്ണമായി കീഴ്പ്പെട്ട് ജീവിക്കുക". നമ്മെ ഒന്നിപ്പിക്കാനുള്ള ഹിന്ദുത്വവാദികളുടെ 'മൂല്യാധിഷ്ഠിത സംസ്കാര'മാണിത്, 'ഐക്യം സ്ഥാപിക്കുവാൻ മറ്റ് മാർഗ്ഗമൊന്നുമില്ല'. ആദരവിനെയും ഐക്യത്തെയും കുറിച്ചുള്ള ഡോ.ഭഗവതിന്റെ വാക്കുകൾ ആജ്ഞകൾക്കുമേലുള്ള മൂടുപടമാണ്. വാക്കുകളിൽ പൊതിഞ്ഞ മാധുര്യമാകട്ടെ സാഹചര്യങ്ങളുടെ ആവശ്യാർത്ഥവും. ഇന്ത്യക്കാരനാകാൻ ഹിന്ദുവാകണം എന്നതാണ് ആർഎസ്എസിന്റെ ന്യായവാദം! ഭൂരിപക്ഷമായ ഹിന്ദുക്കൾക്ക് അഭിമാനിക്കാനുള്ള വൈവിധ്യവും ഒത്തൊരുമയും സൃഷ്ടിക്കുന്നതിനായി അഹിന്ദുക്കളും ന്യൂനപക്ഷങ്ങളും അനുഷ്ഠിക്കേണ്ട 'ത്യാഗത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും സമർപ്പണത്തിന്റെയും' സാരാംശമിതാണ്. ഹിന്ദു വർഗ്ഗീയതയുടെയും ന്യൂനപക്ഷങ്ങൾക്കുമേലുള്ള അതിന്റെ അടിച്ചേൽപ്പിക്കലിന്റെയും ഏറ്റവും നികൃഷ്ടമായ രൂപമല്ലാതെ മറ്റെന്താണിത്?

നേരത്തെ ചുരുക്കത്തിൽ സൂചിപ്പിച്ച പശ്ചാത്തലത്തിലാണ് ഡൽഹി സമ്മേളനം നടന്നത്. ഇന്ന് ഹിന്ദുത്വവാദ ആക്രമണോത്സുകതയും അതിന്റെ ഭ്രാന്തമായ മുസ്ലീംവിരുദ്ധ വർഗ്ഗീയതയും ബുദ്ധിജീവികളുൾപ്പെടെയുള്ള ജനങ്ങൾക്കുമുമ്പിൽ ഏറെക്കുറെ തുറന്നുകാട്ടപ്പെട്ടിട്ടുണ്ട്. അതിനാൽ ആർഎസ്എസിന് അതിന്റെ പ്രത്യയശാസ്ത്രം മുന്നോട്ട് കൊണ്ടുപോകുന്നതിന് പുതിയ വഴികളും രീതികളും കണ്ടെത്തേണ്ടതായുണ്ട്. ഇപ്പോഴത്തെ സാഹചര്യത്തിന്റെ ആവശ്യകത ഇതാണ്. ആ ഉദ്ദേശം സാധിക്കുന്നതിന് കുറേക്കൂടി അനുനയിപ്പിക്കുന്ന മൃദുവായ സ്വരത്തിലുള്ള ആലാപനം ആവശ്യമാണ്. ഉദ്ദേശത്തിന്റെയോ വഴികളുടെയോ യാതൊരു മാറ്റവുമല്ല ഇത്.

ഹിന്ദുത്വവാദികളുടെ അതിക്രമങ്ങളെ, ഹിന്ദു സമുദായത്തിൽത്തന്നെയുള്ള നേരായി ചിന്തിക്കുന്ന വലിയൊരു വിഭാഗത്തിനും സ്വീകരിക്കാൻ കഴിയുന്നില്ല എന്നതുകൊണ്ടുള്ള ഒരു കരണംമറിച്ചിലാണിത്. എന്നാൽ, മനോഹരമായ പ്രയോഗശൈലിക്ക് പിന്നിലും ആർഎസ്എസ് രൗദ്രതയുടെ പ്രവാഹമുണ്ട്. അവരുടെ നേതാക്കൾ പ്രഖ്യാപിച്ചിട്ടുണ്ട്, ഇപ്പോഴും പ്രഖ്യപിക്കുന്നു:"ഞങ്ങളൊരു ഹിന്ദുരാഷ്ട്രം കെട്ടിപ്പടുക്കും". അതിന്റെ രൂപമെങ്ങനെയെന്നത്, ബീഫ് ഭക്ഷിച്ചു എന്നാരോപിച്ച് അഖ്ലാഖിനെ കൊലചെയ്തതുപോലുള്ള ഈയടുത്ത കാലത്തെ സംഭവങ്ങളിൽനിന്നോ താഴെപറയുന്ന ഉദാഹരണങ്ങളിൽനിന്നോ ഊഹിക്കാവുന്നതാണ്. രാജ്യതലസ്ഥാനത്തിന് തൊട്ടടുത്തുള്ള തിതാലി എന്ന ഗ്രാമത്തിലെ ഗ്രാമപഞ്ചായത്ത്, മുസ്ലീങ്ങളുടെ പൊതുസ്ഥലത്തുള്ള നമാസ് നിരോധിക്കുകയും ഏതാണ്ട് എണ്ണൂറോളം വരുന്ന മുസ്ലീംങ്ങൾ താടിവെക്കുന്നത് നിരോധിക്കുകയും അവരുടെ കുട്ടികൾക്ക് ഹിന്ദു പേരുകളിടണമെന്ന് ആജ്ഞാപിക്കുകയും ചെയ്തിരുന്നു. വഖഫ് സ്വത്തായ മുസ്ലീങ്ങളുടെ ഒരു ശ്മശാനഭൂമി പിടിച്ചെടുക്കുകയും പകരം ഗ്രാമത്തിന് വെളിയിൽ വളരെ ദൂരെ ഒരു തുണ്ടു ഭൂമി നൽകുകയും ചെയ്തിരിക്കുന്നു. ഇതിനെക്കുറിച്ച് ആലോചിച്ചുനോക്കൂ! ഹിന്ദുരാഷ്ട്രം ഇപ്പോഴും ചിന്തകളിൽ മാത്രമാണുള്ളത്! അത് യാഥാർത്ഥ്യമായാൽ എന്തൊക്കെയാകും സംഭവിക്കുക? ഡോ.ഭഗവത് പറയുന്നു:"സംഘമേധാവിത്വം ഞങ്ങൾക്ക് ആവശ്യമില്ല" പക്ഷെ യാഥാർത്ഥ്യം വെളിവാക്കുന്നത് അദ്ദേഹം കള്ളം പറയുന്നു എന്നല്ലേ? (www. newsclick.in/ many-silencesmo-hanbhagwat: 28 September 2018)

ഹിന്ദുയിസത്തിന്റെയും മനുസംഹിതയുടെയും അനുചരർ ആരുംതന്നെ, അവരുടെ ആചാര്യൻ ഗോൾവാൾക്കറുൾപ്പെടെ, ജാതി സമ്പ്രദായം സാമൂഹിക ഐക്യത്തിന് ഭംഗം വരുത്തുന്നുവെന്നതിന് തെളിവുകളൊന്നും കാണുന്നില്ല. പക്ഷെ, വാസ്തവത്തിൽ ഡൽഹി സർവ്വകലാശാലയിലെ പൊളിറ്റിക്കൽ സയൻസ് കോഴ്സിൽനിന്ന് കാഞ്ച ഐലയ്യയുടെ പുസ്തകങ്ങൾ പിൻവലിക്കാൻവരെ അവർ ശ്രമിക്കുന്നു. കാരണം, അദ്ദേഹം ദളിത് പഠനങ്ങളുടെ മുൻനിര പ്രതിനിധികളിലൊരാളാണ്. ഹിന്ദുയിസത്തിന്റെ ചരിത്രമെന്നത്, ദളിതരുടെയും പിന്നോക്കമെന്ന് വിളിക്കപ്പെടുന്ന മറ്റുവിഭാഗങ്ങളുടെയും ചരിത്രത്തെ ഉൾക്കൊള്ളിക്കുന്നതിനെക്കുറിച്ച് ആലോചിക്കുകപോലും ചെയ്യാതെ മനുസംഹിത(ജാതി ചിന്തകളുടെ ഒരു സംഗ്രഹം)യിലെ ആജ്ഞകൾക്കനുസരിച്ച് നയിക്കപ്പെടുന്ന ബ്രാഹ്മണ വിഭാഗത്തിന്റെ ചരിത്രമാണ് എന്ന് സംശയരഹിതമായി ഊന്നിപ്പറയുന്ന ആളാണ്. ഇതും ഇതുപോലുള്ള മറ്റ് അനേകം സംഭവങ്ങളും കാണിക്കുന്നത് സാർവ്വലൗകിക സാഹോദര്യത്തെക്കുറിച്ചൊക്കെയുള്ള പഞ്ചാരവാക്കുകൾ ഉരുവിട്ടുകൊണ്ട് 'വസുധൈവ കുടുംബക'ത്തിന്റെ പതാകവാഹകർ സ്വന്തം നാട്ടിലെ സാഹോദര്യത്തെ എവ്വിധം ചവിട്ടിത്താഴ്ത്തുന്നു എന്നാണ്. ഡൽഹി യോഗത്തിൽ ഒരു മുഖംരക്ഷിക്കൽ നടപടിയെന്ന നിലയിൽ ഡോ.ഭഗവത് "ജാതി പീഡനം നമ്മുടെ സമൂഹത്തിൽ നിലനില്ക്കുന്നുണ്ട്" എന്ന് സമ്മതിക്കുകയും ദുരുപയോഗം ചെയ്യാൻ പറ്റാത്തവിധത്തിലുള്ള നിയമങ്ങൾ നിർമ്മിക്കണമെന്നും നടപ്പിലാക്കണമെന്നും ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. നോക്കൂ, അദ്ദേഹത്തിന് രക്ഷപ്പെടാൻ കഴിയുന്നില്ല. ഹിന്ദുത്വമെന്നത് എല്ലാറ്റിനെയും ഉൾക്കൊള്ളുന്നതല്ലെന്നും അത് ജാതിവിഭജനം സൃഷ്ടിക്കുന്നതാണെന്നും താഴ്ന്നതെന്ന് വിളിക്കപ്പെടുന്ന ജാതികളുടെമേൽ ജാതിമർദ്ദനം നടത്തുന്നതാണെന്നും അദ്ദേഹ

(ശേഷം 13-ാം പേജിൽ)

# ഹിന്ദുത്വവാദ ആക്രമണോത്സുകതയും മുസ്ലീംവിരുദ്ധ വർഗ്ഗീയതയും ജനങ്ങൾ തിരിച്ചറിഞ്ഞ് തുടങ്ങിയിട്ടുണ്ട്

(14-ാം പേജിൽ നിന്ന്)

ത്തിന് അംഗീകരിക്കേണ്ടിവരുന്നു. ദുരുപയോഗം ചെയ്യപ്പെടുന്ന നിയമങ്ങൾക്ക് കുറവൊന്നുമില്ലെന്നും അദ്ദേഹത്തിന് സമ്മതിക്കേണ്ടി വന്നിരിക്കുന്നു.

### ക്രൂരതയുടെയും വിദ്വേഷത്തിന്റെയും അടിസ്ഥാനത്തിൽ അച്ചടക്കം സ്ഥാപിച്ചെടുത്ത ചരിത്രമാണ് ആർഎസ്എസിന്റേത്

ചുറ്റുപാടും ഇന്ന് നടക്കുന്നത് ഭയജനകമാണ്. ചില ദളിത് യുവാക്കൾ പശുക്കളുടെ മൃതദേഹം കൊണ്ടുപോകാറുണ്ട്. ഗ്രാമം വൃത്തിയാക്കുന്ന തോട്ടിപ്പണിയാണവരുടെ ജീവനോപാധി. ആർഎസ്എസുകാർ ഇളക്കിവിട്ട, ഭ്രാന്തുപിടിച്ച ഒരു ജനക്കൂട്ടം ഗോഹത്യ ആരോപിച്ച് അവരെ കൊലചെയ്യുന്നു. ഒരു ഹിന്ദു പെൺകുട്ടിയെ പ്രേമിച്ചു എന്ന കുറ്റംചാർത്തി ബംഗാളിൽനിന്നുവന്ന ഒരു മുസ്ലീം കുടിയേറ്റത്തൊഴിലാളിയെ രാജസ്ഥാനിൽ പൊതുജനമധ്യത്തിൽവെച്ച് അടിച്ച് കൊല്ലുന്നു. മുഴുവൻ സംഭവവും വീഡിയോയിൽ ചിത്രീകരിച്ച് സാമൂഹിക മാധ്യമങ്ങൾവഴി പ്രചരിപ്പിക്കുന്നു. കൊലയാളിയാകട്ടെ, ഒരു ന്യൂനപക്ഷ സമുദായാംഗത്തെ കൊലചെയ്തത് മഹത്തരമായ കർത്തവ്യമായി അഭിമാനപൂർവ്വം പ്രഖ്യാപിക്കുന്നു.

പക്ഷെ പിന്നീട് വെളിവായത് കണ്ണിൽച്ചോരയില്ലാത്ത ഈ കൊലപാതകം അയാൾ മുൻകൂട്ടി തയ്യാറാക്കിയതാണെന്നും ഹിന്ദുപെൺകുട്ടിയുമായുള്ള പ്രേമം എന്നത് വെറും കെട്ടുകഥയായിരുന്നുവെന്നുമാണ്. ഉത്തർ പ്രദേശിലെ ദാദ്രി ഗ്രാമത്തിലെ അഖ്‌ലാഖിനെക്കുറിച്ച് മുകളിൽ സൂചിപ്പിച്ചല്ലോ; ഭ്രാന്തുപിടിച്ച ആൾക്കൂട്ടം, മാട്ടിറച്ചി വീട്ടിൽ സൂക്ഷിച്ചിരിക്കുന്നുവെന്നും ഭക്ഷിച്ചുവെന്നും ആരോപിച്ച് വീട്ടിനുള്ളിൽവച്ച് അദ്ദേഹത്തെ കൊല്ലുകയായിരുന്നു. അന്വേഷണത്തിൽ അത് മാട്ടിറച്ചിയല്ല ആട്ടിറച്ചിയായിരുന്നു എന്നാണ് വെളിവായത്. അന്വേഷണഫലങ്ങൾ അട്ടിമറിക്കാനുള്ള ശ്രമങ്ങളുണ്ടായി. ചത്ത പശുക്കളെ നീക്കുന്നവരെ ആക്രമിക്കുന്നതിൽനിന്ന് ഒരു ആൾക്കൂട്ടത്തെ തടയാൻ ശ്രമിച്ച ഒരു പോലീസ് ഓഫീസറെയും മറ്റൊരു യുവാവിനെയും ഒരു പ്രാദേശിക ബിജെപി നേതാവിന്റെ നേതൃത്വത്തിൽ ഭ്രാന്തിളകിയ ഒരു ജനക്കൂട്ടം ഈയിടെ കൊല്ലപ്പെടുത്തിയതും ഇതേ യുപിയിലാണ്. രണ്ടാളുകൾ മരിച്ചതാണ് അനേകം പശുക്കൾ ചത്തതിനേക്കാൾ ആളുകളെ അലട്ടുന്നതെന്നാണ് ധിക്കാരപൂർവ്വം ഒരു ബിജെപി മന്ത്രി അഭിപ്രായപ്പെട്ടത്. പശുക്കൾ ചത്തത് സ്വാഭാവികമായോ അല്ലാതെയോ എന്നുള്ളതൊന്നും അദ്ദേഹത്തെ ബാധിക്കുന്ന പ്രശ്നമേയല്ല. പ്രധാനമന്ത്രിയുൾപ്പെടെയുള്ള ഭരണസംവിധാനം അർത്ഥഗർഭമായ മൗനം പാലിക്കുകയോ കൊലയാളികളുടെ പക്ഷം ചേർന്ന് സംസാരിക്കുകയോ ചെയ്യുമ്പോൾ ഇത്തരം മൃഗീയവും ദാരുണവുമായ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടേയിരിക്കുന്നു. പ്രകോപനം സൃഷ്ടിക്കുന്നവരോ കൊലയാളികളോ ഒക്കെ സജീവ ആർഎസ്എസ്-ബിജെപി പ്രവർത്തകരോ ബജ്‌റംഗ് ദൾ പോലുള്ള അവരുടെ ഓരംപറ്റിനിൽക്കുന്ന സംഘങ്ങളിലെ അംഗങ്ങളോ ആണ്. ഇത്തരം പ്രവൃത്തികളുടെ ധാർമ്മിക ഉത്തരവാദിത്വം ഈ ഭരണസംഘങ്ങൾ ഏറ്റെടുക്കുമെന്ന് ജനങ്ങൾ വിശ്വസിക്കുന്നതേയില്ല!

ഇന്നത്തെ ഭരണക്രമത്തിൽ ബിജെപി-ആർഎസ്എസ് സംഘം അവരുടെ മനസ്സിലുള്ള ശത്രുക്കൾക്കെതിരെ ശിക്ഷാഭയമേതുമില്ലാതെ കുറ്റാരോപണം നടത്തുകയും ആക്രമിക്കുകയും കൊല്ലുകപോലും ചെയ്തിട്ട്, അക്രമികളെ നിരപരാധികളെന്നു വരുത്തിത്തീർക്കാൻ ഏതറ്റംവരെയും പോകുമെന്നതും ഒരു സ്വാഭാവികരീതിയായി മാറിയിരിക്കുന്നു. സൊറാബുദ്ദീൻ വധംപോലെ കുപ്രസിദ്ധമായ ഏറ്റുമുട്ടൽ കൊലപാതകങ്ങളിലെയും ന്യൂനപക്ഷങ്ങളെ കശാപ്പുചെയ്ത ഗുജറാത്ത് വംശഹത്യപോലുള്ള സംഭവങ്ങളിലെയും സ്ഥിതിയും ഇതുതന്നെയാണ്. സൊറാബുദ്ദീൻ കേസിലെ കുറ്റാരോപിതർ സിബിഐയുടെ തെറ്റായ റിപ്പോർട്ടിന്റെ സഹായത്താൽ എളുപ്പത്തിൽ രക്ഷപ്പെടുകയും ഈ കേസ് കൈകാര്യം ചെയ്ത ജഡ്ജി ദുരൂഹ സാഹചര്യത്തിൽ മരിക്കുകയും ചെയ്തിരിക്കുന്നു.

ദീർഘകാലം തങ്ങളുടെ ഭരണം സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞ ഗുജറാത്തിൽ ചെയ്തതുപോലെ, നൂറുകൂട്ടം പ്രശ്നങ്ങളിൽപ്പെട്ടുഴലുന്ന ജനസാമാന്യത്തിനിടയിൽ കാലുറപ്പിക്കുന്നതിനായി, ബിജെപി-ആർഎസ്എസ് സംഘം ഇടയ്ക്കിടെ വർഗ്ഗീയ പ്രശ്നങ്ങൾ ആളിക്കത്തിക്കുന്നു. സ്ഥാപനകാലം മുതൽ ഇവർ ഇതര മതസ്ഥരായ ആളുകൾക്കെതിരെ അങ്ങേയറ്റത്തെ മതവിദ്വേഷം പ്രകടിപ്പിച്ചുകൊണ്ട് അവരുടെ രക്തത്തിനായി മുറവിളികൂട്ടുകയായിരുന്നു. പ്രായഭേദമെന്യേ അവർക്കുമേൽ കവർച്ചയും കൊള്ളയും മാനഭംഗപ്പെടുത്തലുകളും കണ്ണിൽച്ചോരയില്ലാത്ത കൊലപാതകങ്ങളും ഉൾപ്പെടെ എണ്ണമറ്റ ഭീകരമായ വർഗ്ഗീയാക്രമണങ്ങളാണവർ നടത്തിയിട്ടുള്ളത്. ഗുജറാത്ത് വംശഹത്യയുടെ കാലത്ത് കണ്ടതുപോലെ, ക്രൂരമായി സ്ത്രീകളെ മാനഭംഗപ്പെടുത്താനും ഗർഭിണികളുടെ വയർ പിളർന്ന് ഗർഭസ്ഥശിശുവിനെ ശൂലത്തിൽകുത്തി കരാളനൃത്തം ചവിട്ടാനും മടിയില്ലാത്ത വിധം ഹൃദയശൂന്യരും ദയാശൂന്യരുമാണ് ഈ സംഘം. കുട്ടികളെ രണ്ടായിപിളർന്നെറിയാനും മടികാണിച്ചില്ല ഇവർ. ചരിത്രമന്ദിരമായ ബാബരി മസ്ജിദ് വെട്ടുകിളികളെപ്പോലെ ആക്രമിച്ചു തവിടു പൊടിയാക്കി. അവരുടെ ഹിന്ദുത്വത്തിന്റെ പ്രകടനങ്ങളായിരുന്നു ഇവയൊക്കെ! മാരകമായി സായുധരായവരും രക്തദാഹികളും ചിട്ടപ്പെടുത്തപ്പെട്ട സേന എന്ന നിലയിൽ പരിശീലനം നേടിയവരും എന്ന നിലയിൽത്തന്നെയാണ് ആർഎസ്എസ്-ബിജെപി സംഘവും ഹിന്ദുത്വവാദി ദളത്തിനുള്ളിലെ അവരുടെ അടുത്ത കൂട്ടാളികളും നാളിതുവരെ പ്രവർത്തിച്ചുകൊണ്ടിരുന്നത് എന്നതാണ് സാരാംശം. ശത്രുക്കൾക്കെതിരെ, പ്രത്യേകിച്ച് മുസ്ലീങ്ങൾക്കെതിരെ, ഭ്രാന്തമായ വിദ്വേഷവും അങ്ങേയറ്റം അധഃപതിച്ചതും വർഗ്ഗീയ പ്രേരിതവുമായ കൊലപാതകവാസനയും കൂടിക്കലർന്ന മനോഭാവത്തോടെയാണ് അവർ പ്രവർത്തിക്കുന്നത്. നേതാക്കളോടുള്ള അന്ധമായ വിധേയത്വത്തിന്റെയും ചോദ്യം ചെയ്യാത്ത വിശ്വാസത്തിന്റെയും അടിസ്ഥാനത്തിൽ ഈ നേതാക്കളുടെ വെറിപൂണ്ട ആഹ്വാനങ്ങൾക്കനുസരിച്ച് അവർ ഹാലിളകിയിറങ്ങുന്നു. ഇത്തരം സംഭവങ്ങൾക്ക് എല്ലായ്പ്പോഴും കാരണമാകുന്നത്, കാപട്യത്തിന്റെയും വഞ്ചനയുടേയും പശ്ചാത്തപരഹിതമായ വൈരത്തിന്റെയുമടിസ്ഥാനത്തിലുള്ള കടുത്ത വിദ്വേഷപ്രചരണമാണ്. പതിവുപോലെ ആർഎസ്എസ് നേതാക്കൾ എല്ലാറ്റിന്റെയും ഉത്തരവാദിത്വം മുസ്ലീങ്ങളുടെമേൽ ചാർത്തിക്കൊടുക്കുകയും ചെയ്യുന്നു. ഇന്നാട്ടിലെ ജനങ്ങളെയും വിഭവങ്ങളെയും ചൂഷണം ചെയ്യാനായി ശക്തമായ ഒരു കൊളോണിയൽ ഭരണസംവിധാനം സ്ഥാപിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ നാടെമ്പാടും ഒരു പ്രക്ഷോഭണത്തിനായി ഉണരുന്ന വേളയിലാണ് ആർഎസ്എസ് സ്ഥാപിതമായതെന്നകാര്യം വിസ്മരിക്കരുത്. താനൊരു നിരീശ്വരവാദിയാണെന്ന് ശഹീദ് ഭഗത്സിംഗ് സധൈര്യം പ്രഖ്യാപിച്ചതും മതം മനുഷ്യന്റെ വ്യക്തിപരമായ കാര്യമാണെന്നും എതിർക്കപ്പെടേണ്ട ശത്രുവാണ് വർഗ്ഗീയതയെന്നും രാഷ്ട്രീയമെന്നത് സാമ്പത്തിക, രാഷ്ട്രീയ, ശാസ്ത്രീയ സിദ്ധാന്തങ്ങളാൽ നയിക്കപ്പെടേണ്ടതാണെന്നും നേതാജി സുഭാഷ് ചന്ദ്രബോസ് ഉദ്ഘോഷിച്ചതുമായ കാലമാണത്. മാർക്സിസം-ലെനിനിസമെന്ന അജയ്യമായ പ്രത്യയശാസ്ത്രത്തിന്റെ ബലത്തിൽ ആദ്യ സോഷ്യലിസ്റ്റ് രാഷ്ട്രം ഉദിച്ചുയരുന്നതും അതിന്റെ പ്രഭാവത്തിൽ, ഇന്ത്യയടക്കമുള്ള രാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ്-ഇടതുപ്രക്ഷോഭണങ്ങൾ വളർന്നുവരുന്നതും ഇക്കാലത്തുതന്നെയാണ് ലോകം കണ്ടത്. സാമ്രാജ്യത്വഭരണാധികാരികൾ മാത്രമല്ല അവരിൽ നിന്നധികാരം നേടി സ്വന്തമായ ചൂഷണ ഭരണം സ്ഥാപിക്കാൻ വെമ്പിനിന്ന ദേശീയ ബൂർഷ്വാസിയും തൊഴിലാളിവർഗ്ഗ വിപ്ലവത്തെ ഭയന്നു തുടങ്ങിയിരുന്നു.

ഈ ദേശീയ ബൂർഷ്വാസി ശാസ്ത്രീയ ചിന്തയേക്കാൾ മതചിന്തയോട് ചായ്‌വുകാണിക്കുകയും സ്വാതന്ത്ര്യസമരത്തിലെ വിപ്ലവ ധാരയെ ശക്തമായെതിർക്കുകയും ചെയ്തു. അവർ ഉയർത്തിപ്പിടിച്ചത് സർവ്വധർമ്മ സമന്വയത്തിന്റെ ദേശീയതയായിരുന്നു. അതാകട്ടെ ഹിന്ദുമതാധിഷ്ഠിത ദേശീയതയും. ഹിന്ദുമതത്തിലെ ഉയർന്നതെന്നു കരുതപ്പെട്ട ജാതികളുടെ മേധാവിത്വത്തിലായതിനാൽ അത് മുസ്ലീങ്ങളെ മാത്രമല്ല പിന്നാക്കമെന്നു വിളിക്കപ്പെടുന്ന ജാതിവിഭാഗങ്ങളെയും അന്യവൽക്കരിച്ചു. ഈ പരിമിതികൾക്കിടയിലും, ഊക്കോടെ ഉയരുന്ന വിപ്ലവധാരയ്ക്കൊപ്പം, ശക്തമായ സ്വാതന്ത്ര്യസമര പ്രക്ഷോഭണങ്ങൾ വികസിച്ചുവന്നു. ഇത് ബ്രിട്ടീഷ് ഭരണാധികാരികളെ പരിഭ്രാന്തരാക്കുകയും അവർ വിഭജിച്ചുഭരിക്കുക എന്ന തന്ത്രം പ്രയോഗിക്കുകയും ചെയ്തു. അങ്ങനെ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ സേവിക്കാനുള്ള ഉപാധി എന്ന നിലയിൽ ആർഎസ്എസും ഹിന്ദുമഹാസഭയും മുസ്ലീംലീഗും പ്രവർത്തിക്കാൻ തുടങ്ങി. ഈ ദൗർബല്യങ്ങളൊക്കെയുണ്ടായിരുന്നെങ്കിലും സ്വാതന്ത്ര്യസമരത്തിന്റെ ശക്തമായ സ്വാധീനം നിമിത്തം ആർഎസ്എസിനും ഹിന്ദുത്വവാദികൾക്കും അവരാഗ്രഹിച്ചമുന്നേറ്റം നേടാനായില്ല എന്നതും വാസ്തവമാണ്. എന്നിരുന്നാലും അവർ ശത്രുവായി കരുതുന്നവർക്കെതിരെയുള്ള കഠിനവിദ്വേഷം പുലർത്തിക്കൊണ്ട് അവർ നിലനിന്നു. മുമ്പ് സൂചിപ്പിച്ചതുപോലെ, ക്രൂരതയുടെയും സെമറ്റിക് മതങ്ങളോടുള്ള വൈരത്തിന്റെയും പ്രതീകമായ ജർമ്മൻ നാസികളെ പ്രകീർത്തിക്കാനും മുസ്സോളിനിയുടെ ഫാസിസ്റ്റ് സേനയെ അനുവർത്തിക്കാനും അവർ തയ്യാറായി. പുതിയ അംഗങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ ചേർക്കുന്നതിനായി അവർ പൊതുപ്രവർത്തകരായി വേഷംകെട്ടി. ഡോ.ഭഗവത് സൂചിപ്പിച്ചതുപോലെ, അവർ അവരുടെ നേതാക്കളെ, സാമൂഹികനന്മയും വ്യക്തിനിർമ്മാണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന, സർവ്വശക്തരും പ്രവാചകത്വമുള്ളവരുമായി ചിത്രീകരിച്ചു. നിരുപദ്രവകരമായ സാമൂഹിക പ്രവർത്തനങ്ങളുടെയും മതനാട്യങ്ങളുടെയും പുകമറയ്ക്കുപിന്നിൽ നിന്നുകൊണ്ട് അവർ, ന്യൂനപക്ഷങ്ങൾക്കുനേരെ കടന്നാക്രമണം നടത്താനുള്ള, അന്ധമായ അംഗബലം കൈമുതലാക്കിയ ഫാസിസ്റ്റ് സേനയെ വാർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു. വിഭജിച്ചുഭരിക്കുക എന്ന ബ്രിട്ടീഷ് ഭരണാധികാരികളുടെ ഹീനതന്ത്രത്തിനായി ഉപയോഗിക്കപ്പെട്ടതിനാൽ ഇവരുടെ വർഗ്ഗീയാക്രമണങ്ങളുടെ കാട്ടാളത്തം സാമാന്യജനങ്ങൾ വേണ്ടത്ര മനസ്സിലാക്കിയില്ല എന്നുമാത്രമല്ല മുഖ്യധാര രാഷ്ട്രീയത്തിലും ആർഎസ്എസിന് അനുഭാവികളെ സംഘടിപ്പിക്കാൻ കഴിയുകയും ചെയ്തു. തലമുറകൾക്കുശേഷവും മാഞ്ഞുപോകാത്ത ദുരനുഭവങ്ങളാണ് ആർഎസ്എസിന്റെ ഇരകളായവർക്ക് ഇതുവഴിയുണ്ടായത്.

### ആർഎസ്എസും രാഷ്ട്രീയവും

ഈ പശ്ചാത്തലത്തിൽ, ഡൽഹി യോഗത്തിൽ സംസാരിച്ച ഡോ.ഭഗവത് ഉൾപ്പെടെ

(ശേഷം 14-ാം പേജിൽ)

**നിരുപദ്രവകരമായ സാമൂഹികപ്രവർത്തനങ്ങളുടെയും മതനാട്യങ്ങളുടെയും പുകമറയ്ക്കുപിന്നിൽ നിന്നുകൊണ്ട് അവർ, ന്യൂനപക്ഷങ്ങൾക്കുനേരെ കടന്നാക്രമണം നടത്താനുള്ള, അന്ധമായ അംഗബലം കൈമുതലാക്കിയ ഫാസിസ്റ്റ് സേനയെ വാർത്തെടുക്കാൻ ശ്രമിക്കുകയായിരുന്നു. വിഭജിച്ചുഭരിക്കുക എന്ന ബ്രിട്ടീഷ് ഭരണാധികാരികളുടെ ഹീനതന്ത്രത്തിനായി ഉപയോഗിക്കപ്പെട്ടതിനാൽ ഇവരുടെ വർഗ്ഗീയാക്രമണങ്ങളുടെ കാട്ടാളത്തം സാമാന്യജനങ്ങൾ വേണ്ടത്ര മനസ്സിലാക്കിയില്ല**

# തെരഞ്ഞെടുപ്പിലെ ജയപരാജയങ്ങൾകൊണ്ട് ആർഎസ്എസ്-ബിജെപി സ്വാധീനത്തിൽനിന്ന് രാജ്യത്തെ രക്ഷിക്കാനാകില്ല

(13-ാം പേജിൽ നിന്ന്)

ആർഎസ്എസിന്റെ ഇപ്പോഴത്തെയും പഴയകാലത്തെയും നേതാക്കൾ അവകാശപ്പെട്ടുവരുന്നത്, സ്ഥാപനകാലംതൊട്ടുതന്നെ ആർഎസ്എസ് തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽനിന്ന് ബോധപൂർവ്വം വിട്ടുനിൽക്കുകയായിരുന്നു എന്നാണ്. സംഘത്തിന്റെ ഭാരവാഹികൾ രാഷ്ട്രീയപാർട്ടികളുടെ അംഗങ്ങളാകുന്നത് അനുവദിക്കാതിരിക്കുകയും അവർ രാഷ്ട്രീയത്തിൽനിന്ന് വിട്ടുനിൽക്കുന്നുവെന്ന് കരുതപ്പെടുകയും ചെയ്യുന്നു. ഇതാകട്ടെ, കുത്സിതലക്ഷ്യത്തോടെ തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള ഗീബൽസിയൻ തന്ത്രം തന്നെയാണ്. സ്വാതന്ത്ര്യസമരകാലത്തുതന്നെ, 1941ൽ ഇന്നാട്ടിലെ ജനങ്ങളോട് സുഭാഷ് ചന്ദ്രബോസ് മുന്നറിയിപ്പ് നൽകി: "കൈയിൽ ത്രിശൂലമേന്തിയ സന്യാസികളെയും സന്യാസിനിമാരെയും വോട്ടഭ്യർത്ഥിക്കുന്നതിനായി ഹിന്ദുമഹാസഭ അയച്ചിട്ടുണ്ട്. ത്രിശൂലവും കാവിവസ്ത്രവും കാണുമ്പോൾ എല്ലാ ഹിന്ദുക്കളും ശിരസ്സുനമിക്കും. ഈ സാഹചര്യത്തെ മുതലെടുത്തുകൊണ്ടും മതത്തെ മലിനപ്പെടുത്തിക്കൊണ്ടും ഹിന്ദുമഹാസഭ ഈ രംഗത്ത് പ്രത്യക്ഷപ്പെടുന്നു... ദേശീയ ജീവിതത്തിൽനിന്ന് ഈ വഞ്ചകരെ ഒറ്റപ്പെടുത്തൂ... അവരെ കേൾക്കാനേ പോകരുത്."(ജാഗ്രാവിലെ പ്രസംഗത്തിൽനിന്ന്)

ഇന്ന്, പ്രയോഗത്തിലിരിക്കുന്നതും വ്യവസ്ഥാപിതവുമായ മാനദണ്ഡങ്ങൾക്ക് തരിമ്പും വില കല്പിക്കാതെ, ഉയർന്ന രാഷ്ട്രീയനേതാക്കളെ മാത്രമല്ല സാമൂഹിക-സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിലെ വിവിധ സംഘടനകളുടെ തലപ്പത്തുള്ള വ്യക്തികളെവരെ ആർഎസ്എസ് പ്രവർത്തകരിൽനിന്നാണ് ബിജെപി നേതൃത്വത്തിലുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തെരഞ്ഞെടുക്കുന്നത്. ഞങ്ങളുടെ സ്വാധീനം വർദ്ധിപ്പിക്കാനുള്ള നിശ്ചിതമായ പ്രവർത്തനങ്ങളൊന്നും ഞങ്ങൾ നടത്താറില്ല, അതങ്ങനെ സംഭവിക്കുന്നതാണ് എന്ന ഡോ.ഭഗവതിന്റെ അവകാശവാദം പൊളിയാണെന്ന് ഇത് കൃത്യമായും കാണിച്ചുതരുന്നു. ഈ രാജ്യത്തിന്റെ കടിഞ്ഞാൺ ഏറ്റെടുക്കാനും പിന്നീട്, ഇക്കാലമത്രയും നടത്തിയ അനിയന്ത്രിതമായ നശീകരണത്തിനു ശേഷവും നിലനിൽക്കുന്ന തുച്ഛമായ ജനാധിപത്യ രീതികളെ ചവിട്ടിയരയ്ക്കാനും ജനാധിപത്യത്തിന്റെ ഇരിപ്പിടങ്ങളായി ഇന്നും നിലകൊള്ളുന്ന സ്ഥാപനങ്ങളെ തകർക്കാനുംവേണ്ടി ബിജെപി-ആർഎസ്എസ് സംഘത്തിന് നരേന്ദ്രമോദിയെയും അമിത് ഷായെയും പോലുള്ള ആർഎസ്എസ് പ്രവർത്തകരെ ആവശ്യമാണ്. അപ്പോൾ ബിജെപിക്ക് രാഷ്ട്രീയാധികാരത്തിലെത്താനുള്ള ചവിട്ടുപടിയായിരുന്നു ആർഎസ്എസ്. നേരായതോ അല്ലാത്തതോ ആയ ഏതുമാർഗ്ഗത്തിലൂടെയും അധികാരം നിലനിർത്താനാണ് ബിജെപി-ആർഎസ്എസ് സംഘം പ്രവർത്തിക്കുന്നത്. ആർഎസ്എസിന്റെ അരാഷ്ട്രീയ സ്വഭാവത്തെയും ബിജെപിയിൽ ആർഎസ്എസ് പ്രവർത്തകരുടെ ആധിക്യത്തെയും ന്യായീകരിക്കാൻ ഡോ.ഭഗവത് പറയുന്നത് ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ സ്വയം സേവകരോട് ആവശ്യപ്പെടാറില്ല എന്നാണ്. ആർഎസ്എസും ബിജെപിയും ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളാണെന്ന യാഥാർത്ഥ്യം മറച്ചുവക്കാനുള്ള വഞ്ചനാപരമായ ഒരു പ്രസ്താവന മാത്രമാണിത്. ഒരു വശത്ത്, സാമൂഹിക പ്രവർത്തനങ്ങളുടേതെന്ന് വിളിക്കാവുന്ന ഒരു മുഖം നിലനിർത്തുകയും അതിന്റെ മറവിൽ അവരുടെ ശാഖകളിൽ ആയുധവും സൈനിക സമാനമായ അച്ചടക്കവും പരിശീലിപ്പിക്കുന്നു. മറുഭാഗത്ത് ബിജെപിയെ തങ്ങളുടെ രാഷ്ട്രീയ ഉപകരണമായി നിലനിർത്തുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ അവർ അനുവർത്തിച്ചിരുന്നതും ഇപ്പോഴും വർദ്ധിത വീര്യത്തോടെ തുടരുന്നതുമായ കൗശലമാണിത്.

ഡോ.ഭഗവത് കൂട്ടിച്ചേർക്കുന്നു:"രാഷ്ട്രീയത്തിൽനിന്ന് ഞങ്ങളകന്നു നിൽക്കുന്നെങ്കിലും ദേശീയ നയങ്ങളെക്കുറിച്ച് ഞങ്ങൾക്ക് അഭിപ്രായങ്ങളുണ്ട്; ഞങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ അതുപയോഗിച്ച് അവ നടപ്പിലാക്കാൻ ശ്രമിക്കുകയും ചെയ്യും. പക്ഷെ ഞങ്ങളത് രഹസ്യമായല്ല മറിച്ച് പൂർണ്ണമായ പൊതുജാഗ്രതയ്ക്കു മുമ്പിലാണ് ചെയ്യുന്നത്." തന്റെ ഉദാഹരണങ്ങളിലെ വൈരുദ്ധ്യങ്ങളും വഞ്ചനയും മനസ്സിലാക്കാൻ കഴിവില്ലാത്ത മണ്ടൻമാരായാണോ ഡൽഹിയിലെ പ്രമാണിമാരെയും അല്ലെങ്കിൽ രാജ്യത്തെ ജനങ്ങളെയും ഡോ.ഭഗവത് പരിഗണിക്കുന്നത്? ആർഎസ്എസ് നേതാക്കൾ രാഷ്ട്രീയ നേതാക്കളെ സന്ദർശിക്കുന്നത് വെറും ഉപചാരത്തിന്റെ പുറത്തുമാത്രമാണോ? ഈ രാഷ്ട്രീയനേതാക്കളാകട്ടെ ആർഎസ്എസുകാർ അല്ലാതെ മറ്റാരുമല്ലതാനും. തരംകിട്ടുമ്പോൾ എടുത്തുപയോഗിക്കാൻ പാകത്തിന് രാഷ്ട്രീയ നയങ്ങൾ തന്നെയായ തങ്ങളുടെ ദേശീയ നയങ്ങൾ, അവർ ഒളിപ്പിച്ചുവക്കുന്നതെന്തിന്?

### ഭരണകുത്തകകളുടെ പ്രിയ സേവകരായി ആർഎസ്എസ്-ബിജെപി സംഘം ഉയർന്നുവന്നിരിക്കുന്നു

തങ്ങളുടെ യഥാർത്ഥ പദ്ധതി മറച്ചുവച്ചുകൊണ്ട് ജനങ്ങളെ വഴിതെറ്റിക്കാനും അബദ്ധത്തിൽ ചാടിക്കാനുമുള്ള കൗശലവിദ്യകളല്ലാതെ മറ്റൊന്നുമല്ല ഡൽഹി സമ്മേളനത്തിലുണ്ടായിരുന്നത്; ഇതാകട്ടെ പുതിയതൊന്നുമല്ല മറിച്ച് സ്ഥാപനകാലം മുതൽ രാഷ്ട്രത്തെ വഞ്ചിച്ച, കള്ളവും കാപട്യവും വിദ്വേഷവും മതപരിഗണനയിൽ ശത്രുക്കളാണെന്നുകരുതുന്നവരോടുള്ള ഒടുങ്ങാത്ത പകയും കൊണ്ട് തിടംവച്ച, ഒരു സംഘടനയുടെ ചരിത്രത്തിന്റെ തുടർച്ച തന്നെയുമാണ്. ഇതൊന്നും മതത്തോടുള്ള മമത കൊണ്ടല്ല മറിച്ച് അധികാരത്തിന് വേണ്ടിയാണ്. ഈ മുതലാളിത്ത ഭരണകൂടത്തിൽ പാർലമെന്ററി ജനാധിപത്യമെന്നത്, തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ വിശ്വസ്തരായ രാഷ്ട്രീയ കാര്യകർത്താക്കളാക്കിമാറ്റിക്കൊണ്ട്, ഭരണ കുത്തകകൾക്ക് പിന്നിൽനിന്നുകൊണ്ട് അവരുടെ വാഴ്ച ഉറപ്പിച്ചെടുക്കാനും ശക്തിപ്പെടുത്താനും തുടർന്നുകൊണ്ട് പോകാനുമുള്ള, മുഖാവരണം മാത്രമാണ്. ജീവിതം ദുസ്സഹമാക്കിയ ജനവിരുദ്ധവും കുത്തകാനുകൂലവുമായ നയങ്ങൾമൂലം കോൺഗ്രസ്സ് നേതൃത്വത്തിലുള്ള യുപിഎ സർക്കാരിന്റെ ജനസ്വാധീനം ദ്രുതഗതിയിൽ ഇടിഞ്ഞപ്പോഴാണ് ചെല്ലും ചെലവും നൽകി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള ബിജെപിക്കുപിന്നിൽ ഇന്ത്യയിലെ ഭരണവർഗ്ഗം അണിനിരന്നത്.

മുതലാളിത്ത ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരക്കുന്നതിനെ തടയുംവിധത്തിൽ, ആർഎസ്എസിനെ കൂടെനിർത്തി ഗുജറാത്തിലെ മോദി സർക്കാർ, ഭരണസംവിധാനത്തിന്റെ മുഴുവൻ പിന്തുണയോടെയും മുസ്ലീങ്ങൾക്കെതിരെ കിരാതമായ വംശഹത്യ നടത്തി ജനങ്ങളെ നെടുകെ പിളർത്തുന്നതിൽ തങ്ങളുടെ പ്രാവീണ്യം തെളിയിച്ചിരുന്നു. ഡൽഹിയിൽ മോദി ഉള്ളപ്പോൾ, ഡോ. ഭഗവത് തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചതുപോലെ, പരിഗണിക്കപ്പെടേണ്ട ഒരു ശക്തിയെന്നനിലയിൽ ഉയരുന്നതിലേക്കുള്ള സുഗമമായ പാത ആർഎസ്എസും ബിജെപിയും കണ്ടെത്തി.

പ്രതിസന്ധിഗ്രസ്തമായ ലോകമുതലാളിത്തത്തിന്റെ അവിഭാജ്യ ഭാഗമെന്ന നിലയിൽ ഇന്ത്യൻ മുതലാളിത്തവും കടുത്ത, ആകമാനപ്രതിസന്ധിയെ നേരിടുകയാണ്. ഇതിനിടയിൽ മോദി സർക്കാരിന്റെ കുത്തകാനുകൂലനയങ്ങൾ, പരമാവധി ലാഭം നേടിക്കൊണ്ട് അങ്ങേയറ്റം നേട്ടം കൊയ്തെടുക്കാൻ കുത്തകകളെ സഹായിക്കുകവഴി സാധാരണക്കാരെ എല്ലാം തോലും മാത്രമാക്കി മാറ്റിയിരിക്കുന്നു. ഇതവരിൽ വർദ്ധിതമായ അമർഷവും രോഷവും സൃഷ്ടിക്കുന്നുണ്ട്. അടുത്ത പാർലമെന്റ് തിരഞ്ഞെടുപ്പ് കൺവെട്ടത്തെത്തി നിൽക്കുമ്പോൾ ബിജെപി-ആർഎസ്എസ് സഖ്യം അനിശ്ചിതമായ ഒരു ഭാവിയെ നേരിടുന്നതിന് ഇത് കാരണമായിരിക്കുന്നു. ഭരണവർഗ്ഗത്തെ സേവിക്കുന്നതിനായി സ്വന്തം പ്രതിച്ഛായ മിനുക്കിയെടുക്കുകയും അധികാരം നിലനിർത്തുകയും ചെയ്യേണ്ടത് ആവശ്യമായി വന്നിരിക്കുന്നു. അതിനുള്ള ഒരു മാർഗ്ഗമെന്ന നിലയിലാണ് അവർ ഈ യോഗം സംഘടിപ്പിച്ചത്.

**ജനമനസ്സുകളിൽ ഇന്ന് ആർഎസ്എസ്-ബിജെപി സഖ്യം അവശേഷിപ്പിച്ചിട്ടുള്ള സ്വാധീനം തുടച്ചുകളയുന്നതിന് ചെറുതോ വലുതോ ആയ തെരഞ്ഞെടുപ്പ് ജയപരാജയങ്ങൾക്ക് കഴിയില്ല എന്നത് മറന്നുകൂടാ. യോജിക്കാൻ കഴിയുന്ന ശക്തികളെയെല്ലാം ചേർത്തുകൊണ്ടുള്ള ശക്തമായ ഫാസിസ്റ്റ-വിരുദ്ധ പ്രക്ഷോഭണങ്ങളും തൊഴിലാളിവർഗ്ഗ സമരങ്ങളും ജനാധിപത്യ സമരങ്ങളും വികസിപ്പിച്ചെടുക്കണം.**

### മോഹൻ ഭഗവതിന്റെ പ്രഭാഷണവും ഫാസിസവും

നേരത്തേ സൂചിപ്പിച്ചതുപോലെ മിതത്വത്തിന്റെയും അനുനയലക്ഷ്യത്തോടെയുള്ള പക്വതയുടെയും സ്വരത്തിലാണ് ഈ സമ്മേളനം മുഴുവൻ സംഘടിപ്പിക്കപ്പെട്ടത്. അങ്ങനെ, ഒളിഞ്ഞും തെളിഞ്ഞുമുള്ള മാർഗ്ഗങ്ങൾ, വളച്ചൊടിക്കപ്പെട്ട സത്യങ്ങൾ, അർദ്ധസത്യങ്ങൾ, പൊയ്മുഖങ്ങൾ, വഞ്ചന, എന്നിവയിലൂടെയൊക്കെയാണ് ആർഎസ്എസ് മേധാവി തങ്ങളുടെ വാദമുഖങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ ശ്രമിക്കുന്നത്. അവരുടെ ലക്ഷ്യങ്ങൾക്ക് ഹാനികരമായ അഹിതവിഷയങ്ങളെ ഒഴിവാക്കി. അതുകൊണ്ട് സവർക്കർ, ഗോൾവാൾക്കർ, മുൻജേമാർ പ്രകടമായും വകഞ്ഞുമാറ്റപ്പെട്ടു. പകരം, തികഞ്ഞ കൗശലത്തോടെ, സ്വാതന്ത്ര്യസമരത്തിലെ പങ്കിന് കോൺഗ്രസിനെ പ്രകീർത്തിച്ചു, രവീന്ദ്രനാഥ ടാഗോറിനെയും ഡോ. അബ്ദുൾ കലാമിനെവരെയും അനുസ്മരിച്ചു, എം.എൻ.റോയിയെക്കുറിച്ചും വിദർഭയിലെ സിപിഐ നേതാവിനെക്കുച്ചും പറഞ്ഞുകൊണ്ട് ഉപസംഹരിച്ചു. ഉദ്ദേശം വളരെ വ്യക്തമായിരുന്നു; ആർഎസ്എസ് എത്ര ജനാധിപത്യപരമായിരുന്നെന്നും, ആണെന്നും ഉള്ള തോന്നൽ കഴിയുന്നിടത്തോളം ജനങ്ങളിൽ എത്തിക്കുക.

ഇവിടെയാണ് കൊടിയ അപകടം പതിയിരിക്കുന്നത്. ശരിയായ പശ്ചാത്തലത്തിലുള്ള ഇതിന്റെ സാംഗത്യം മനസ്സിലാക്കണമെങ്കിൽ, എസ്‌യുസിഐ (സി) സ്ഥാപക ജനറൽ സെക്രട്ടറിയും സമുന്നത മാർക്സിസ്റ്റ് ദാർശനികരിലൊരാളുമായ സഖാവ് ശിബ്ദാസ്ഘോഷ് ഫാസിസത്തെക്കുറിച്ച് നൽകിയ അമൂല്യപാഠങ്ങളിലേയ്ക്ക് നാം ശ്രദ്ധ തിരിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ വിശകലനത്തിൽ ഫാസിസമെന്നത് പ്രിതിവിപ്ലവത്തിന്റെ ചരിത്രപരമായി പരുവപ്പെടുത്തപ്പെട്ട ഒരു രൂപമാണ്. നിലനിൽക്കുന്ന വ്യവസ്ഥയോടുള്ള ജനങ്ങളുടെ വർദ്ധിതമായ അസംതൃപ്തിയാൽ പ്രതിസന്ധിഗ്രസ്തമായ ഈ മുതലാളിത്തക്രമം തകർന്നടിഞ്ഞുപോകുന്നതിൽനിന്ന് രക്ഷപ്പെടുത്താനുള്ള പദ്ധതിയാണിത്. അനുകമ്പയില്ലാത്ത അടിച്ചമർത്തലിന്റെയും അനുനയത്തിന്റെയും അഥവാ വഞ്ചനയുടെയും ഇരട്ട മുഖമാണതിന്റെ സവിശേഷത. ഇന്ന് ഇന്ത്യയിൽ നിർണ്ണായക സന്ദർഭങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി മൗനം പാലിക്കുമ്പോൾ മറുവശത്ത് ആർഎസ്എസ്-ബിജെപി സഖ്യം ന്യൂനപക്ഷങ്ങൾക്കും മറ്റ് പ്രാന്തവത്കൃത ജനവിഭാഗങ്ങൾക്കും എതിരെയുള്ള ആക്രമണങ്ങളും വർഗ്ഗീയസംഘർഷങ്ങളുമൊക്കെ ഉൾക്കൊള്ളുന്ന ഹിന്ദുത്വവാദ അജണ്ട നടപ്പാക്കുകയാണ്. അതിനുകഴിയാത്തയിടങ്ങളിൽ ഇവർ നീചമായ വിദ്വേഷപ്രചരണം ആഴിച്ചുവിടുന്നു. ഭരണകുത്തകകൾക്കെതിരെ ഒരു യോജിപ്പിന്റെ മുഖം കാണിക്കാൻ കഴിയാത്തവിധം, പണിയെടുക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ വിഭജനവും തമ്മിൽതമ്മിലുള്ള കലഹവും സൃഷ്ടിക്കാൻ ഉദ്ദേശിക്കപ്പെട്ടതാണീ നടപടികൾ. മറ്റൊരുവശത്ത്, കടിഞ്ഞാണില്ലാത്ത കാവിവൽക്കരണംവഴി ശാസ്ത്രീയ-മതേതര മനോഘടനയ്ക്കെതിരെ നടക്കുന്ന ആക്രമണങ്ങൾ, സാധാരണ ജനങ്ങളെ അപമാ

(ശേഷം 15-ാം പേജിൽ)

### ആർഎസ്എസ് മേധാവിയുടെ പ്രസംഗം

*(14-ാം പേജിൽ നിന്ന്)*

നവീകരിക്കുന്നതിലേക്കുനയിക്കുകയും അവരെ അന്ധതയുടെയും അന്ധവിശ്വാസത്തിന്റെയും കീഴടങ്ങലിന്റേതുമായ ഇരുട്ടറകളിലേയ്ക്ക് തള്ളിവിടുകയും ചെയ്യുന്നു. ഫാസിസത്തിന് വളർന്നുവരാനുള്ള ശരിയായ കളമൊരുക്കലാണിതിലൂടെ നടക്കുന്നത്. ഇവ്വിധം അപമാനവീകരിക്കപ്പെട്ട ജനവിഭാഗങ്ങളോടുള്ള അനുനയത്തിന്റെയും വഞ്ചനയുടെയും വഴിയിലൂടെയാണ്, അന്ധമായ വിശ്വാസത്തിന്റെയും, അശാസ്ത്രീയവും യുക്തിഹീനവുമായ ആശയങ്ങളുടെയും അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന, നിഷ്കളങ്കരും രാഷ്ട്രീയബോധം കുറഞ്ഞവരും ചിന്താകുഴപ്പത്തിലുള്ളവരുമായ ജനവിഭാഗങ്ങളുടെ പിന്തുണ ഉറപ്പിച്ചെടുക്കാൻ ആർഎസ്എസ്-ബിജെപി സഖ്യം ശ്രമിക്കുന്നത്. ഇതിന്റെയടിസ്ഥാനത്തിലാണ് വികസനത്തിന്റെയും ഉൾക്കൊള്ളലിന്റെയുമൊക്കെ മുദ്രാവാക്യങ്ങളുയർത്തി ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ട് ഭരണവർഗ്ഗത്തിനും കുത്തകകൾക്കും തങ്ങളുടെ ഫാസിസ്റ്റ് നയങ്ങൾ നടപ്പാക്കാൻ കഴിയുന്നത്. ഡോ.മോഹൻ ഭഗവതിന്റെ ഡൽഹി പ്രസംഗം ഈ സവിശേഷതകളെല്ലാം പുലർത്തുന്നുണ്ട്. മധുരം പുരട്ടിയ വാക്കുകൾ പറഞ്ഞും അഹിതകരമായ കാര്യങ്ങൾ പറയാതെയും അത് ആർഎസ്എസ്, ഹിന്ദുത്വവാദി പ്രഭൃതികളുടെ ഭ്രാന്തമായ വർഗ്ഗീയ പ്രത്യശാസ്ത്രത്തെത്തന്നെയാണ് ദൃഢീകരിക്കുന്നത്.

**ഇടതുജനാധിപത്യ പ്രക്ഷോഭണങ്ങളുടെ അഭാവമാണ് ഭയാനകമായ രീതിയിലേക്ക് വളരാൻ ആർഎസ്എസിനെ സഹായിച്ചത്**

ഈ രാജ്യത്തുള്ളവരെല്ലാം ഹിന്ദുക്കളാണെന്നും അല്ലാത്തവരെ ഞങ്ങൾ നിർബന്ധപൂർവ്വം മാറ്റിയെടുക്കുമെന്നും വഴങ്ങുന്നില്ലെങ്കിൽ ഉന്മൂലനാശം വരുത്തുമെന്നുമൊക്കെ അഹങ്കാരപൂർവ്വം പ്രഖ്യാപിക്കുന്ന ശക്തികളാണ് ഈ നാട്ടിൽ അധികാരം കൈയാളുകയും രാജ്യം ഭരിക്കുകയും ചെയ്യുന്നത്. ഈ ധാർഷ്ട്യം ഫലത്തിൽ എതിർക്കപ്പെടാതെ പോകുകയാണ്; എന്തുകൊണ്ട്? ഇതാണ് ഉത്തരം കണ്ടെത്തേണ്ട ചോദ്യം.

എന്തൊക്കെ പോരായ്മകളുണ്ടായിരുന്നാലും സാമ്രാജ്യത്വത്തിനെതിരെയുള്ള സ്വാതന്ത്ര്യസമരത്തിന്റെ കാലത്ത് ഈ ശക്തികൾക്ക് ഇവ്വിധം തലയുയർത്തി വിഷം ചീറ്റുവാൻ കഴിയുമായിരുന്നില്ല. ഇന്ന് രാജ്യത്ത് അത്തരമൊരന്തരീക്ഷം ഉണ്ടായിരുന്നുവെങ്കിൽ പോരാടുന്ന ജനങ്ങൾ ഈ ശക്തികളെ ഒറ്റപ്പെടുത്തുകയും തുടച്ചുനീക്കുകയും ചെയ്യുമായിരുന്നു. പകരം, ഈ ശക്തികൾ ജനാധിപത്യത്തെക്കുറിച്ച് അട്ടഹസിക്കുകയും പാർലമെന്റിന്റെ പടിവാതിലിൽ നാടകീയമായി സാഷ്ടാംഗം പ്രണമിക്കുകയും അതിനുള്ളിൽ കടന്നശേഷം തങ്ങൾ ശത്രുവായിക്കരുതുന്ന മുസ്ലീങ്ങൾക്കെതിരെയുള്ള വിവേചനത്തിന്റെയും വിഭജനത്തിന്റെയും ഉന്മൂലനത്തിന്റെയും വാളോങ്ങുകയും ചെയ്യുന്നു. അവർക്കിതെങ്ങനെ കഴിയുന്നു? സ്വാതന്ത്ര്യലബ്ധിയോടെ ഇന്ത്യൻ കുത്തകകളുടെ ഭരണം സ്ഥാപിതമാകുകയും അത് ഇത്രയും കാലംകൊണ്ട് ആഴത്തിൽ വേരോടുകയും ചെയ്തിരിക്കുന്നു. സ്വാതന്ത്ര്യസമരത്തിന്റെയും മഹത്തായ സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും സ്വാധീനത്താൽ ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങളിന്മേലുള്ള ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ സ്വാതന്ത്ര്യത്തിന്റെ ഒരു പതിറ്റാണ്ടിനുശേഷവും ഇവിടെ വളർന്നുവന്നിരുന്നു. കമ്മ്യൂണിസത്തിന്റെ കൊടിയടയാളം പേറുകയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ചൂട്ടേറ്റുനിൽക്കുകയും ചെയ്ത അവിഭജിത സിപിഐ വലിയ ഇടതുപക്ഷ പാർട്ടി എന്ന നിലയിൽ മുന്നോട്ടുവന്ന് ജനസമരങ്ങളെ നയിച്ചിരുന്നു. ജനപിന്തുണയോടെ ഭീമാകാരം പൂണ്ടെങ്കിലും പിന്നീട് അവർ പാർലമെന്ററി രാഷ്ട്രീയത്തിന്റെ വിശ്രാന്തിയിലേക്കമരുകയായിരുന്നു. കമ്മ്യൂണിസ്റ്റെന്നറിയപ്പെട്ട സിപിഐ(എം) പോലുള്ള അതിന്റെ പിൽക്കാല വിഭാഗങ്ങളും വിശ്വസ്തരായ മറ്റുകക്ഷികളുമായിച്ചേർന്ന്, പാർലമെന്ററി അധികാരത്തിലെത്തുന്നതും അതിന്റെ അനുബന്ധ നേട്ടങ്ങൾ കരസ്ഥമാക്കുന്നതും സ്വപ്നം കാണാൻ തുടങ്ങി. അതിനുശേഷം അവരുടെ രാഷ്ട്രീയം, ജനങ്ങളെ വോട്ടുബാങ്കായി കണക്കാക്കുന്നതും അവരെ തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി ഊർജ്ജസ്വലരാക്കുന്നതും അധികാരത്തിലെത്തിയാൽ പോരാട്ടങ്ങളെ മറന്ന് കുത്തകകളെ സേവിച്ചുകൊണ്ട് അധികാരത്തിന്റെ ഇടനാഴിയിൽത്തന്നെ നിലകൊള്ളുന്നുവെന്ന് ഉറപ്പിക്കുന്നതുമായ ചളിക്കുണ്ടിലേക്ക് ആഴ്ന്നുപോയി. ആരുമായും തെരഞ്ഞെടുപ്പ് സഖ്യമുണ്ടാക്കാനും നിരവധി വർഗ്ഗീയ കലാപങ്ങളുടെ സ്രഷ്ടാക്കളായ കോൺഗ്രസ്സിനെ മതേതര ശക്തിയെന്ന് വിളിക്കാനും ആവശ്യമെങ്കിൽ ബിജെപിയുമായിപ്പോലും സഖ്യമുണ്ടാക്കാനും അവർക്കതുവഴികഴിഞ്ഞു. ഉയർന്നുവരുന്ന ഹിന്ദുത്വവാദ ഭീഷണികൾക്കെതിരെ ഉൾപ്പടെ, ജനങ്ങളുടെ താത്പര്യങ്ങളും മുദ്രാവാക്യവുമുയർത്തിപ്പിടിച്ചുകൊണ്ട് വളർന്നുവരേണ്ട ഒരു ഇടതു ജനാധിപത്യ പ്രക്ഷോഭസഖ്യത്തിന്റെ സാധ്യതയ്ക്കു മുന്നിലെ തടസ്സമായി മാറാനും ഈ പാർലമെന്ററി രാഷ്ട്രീയം വഴിവച്ചു. കടുത്ത വർഗ്ഗീയവാദികളും കമ്മ്യൂണിസ്റ്റ് വിരുദ്ധരുമായ ശക്തികൾ, ഇടത്-ജനാധിപത്യ ശക്തികളുടെ ഈ ദൗർബ്ബല്യം പൂർണ്ണമായും മുതലെടുത്തു. രാജ്യമെമ്പാടുമുള്ള ജനങ്ങളിലേയ്ക്ക് പതുക്കെ അവർ അവരുടെ നീരാളിക്കൈകൾ പടർത്തി. ഗാന്ധിവധത്തിന്റെ പേരിൽ ഒരിക്കൽ കോൺഗ്രസ്സ് ആർഎസ്എസിനെ നിരോധിച്ചതാണ്.

എന്നാൽ കുറഞ്ഞകാലത്തിനുള്ളിൽത്തന്നെ അത് പിൻവലിക്കുകയും ചെയ്തു. കോൺഗ്രസ്സ് ആർഎസ്എസിനെ പ്രീണിപ്പിക്കാൻപോലും ശ്രമിക്കുകയും ഭൂരിപക്ഷവോട്ട് സമാഹരിക്കാൻ വിശ്വഹിന്ദുപരിഷത്തിനെ ഉപയോഗിക്കുകയും ചെയ്തു; രാമക്ഷേത്ര വിവാദത്തിന് വിത്തുവിതച്ചുകൊണ്ട് ബാബരി മസ്ജിദിന്റെ പൂട്ടുതുറന്നുകൊടുക്കുകയും ചെയ്തു. ഇതെല്ലാം ആർഎസ്എസ്-ബിജെപിക്ക് സ്വാധീനം ഉറപ്പിക്കുവാൻ അവസരം നൽകി.

**ജനങ്ങളുടെ കർത്തവ്യം**

കൊലപാതകവെറിപിടിച്ചുനടക്കുന്ന, പലവേഷത്തിൽ പ്രത്യക്ഷപ്പെടുന്ന, ഈ മാരകസംഘത്തെ ശിക്ഷാഭയമേതുമില്ലാതെ മുന്നോട്ടുപോകുന്നതിന് അനുവദിക്കാൻ നേരായി ചിന്തിക്കുന്ന ആർക്കുമാകില്ല. ഉചിതവും യുക്തിക്ക് നിരക്കുന്നതും ഉദ്ദേശപൂർണ്ണവുമായ ഏത് മാർഗ്ഗം അവലംബിച്ചും അതിനെ തടഞ്ഞേ മതിയാകൂ. ജനമനസ്സുകളിൽ ഇന്ന് ആർഎസ്എസ്-ബിജെപി സഖ്യം അവശേഷിപ്പിച്ചിട്ടുള്ള സ്വാധീനം തുടച്ചുകളയുന്നതിന് ചെറുതോ വലുതോ ആയ തെരഞ്ഞെടുപ്പ് ജയപരാജയങ്ങൾക്ക് കഴിയില്ല എന്നതും മറന്നുകൂടാ.

ഒരുഭാഗത്ത് യോജിക്കാൻ കഴിയുന്ന ശക്തികളെയെല്ലാം ചേർത്തുകൊണ്ടുള്ള ശക്തമായ ഫാസിസ്റ്റ-വിരുദ്ധ പ്രക്ഷോഭണങ്ങൾ വളർത്തിയെടുക്കണം. മറുഭാഗത്ത് ഇന്നത്തെ ജീർണ്ണവും പിന്തിരിപ്പനുമായ മുതലാളിത്തത്തിന്റെ കാലഘട്ടത്തിൽ സഖാവ് ശിബ്ദാസ് ഘോഷ് വികസിപ്പിച്ച മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിലുള്ള തൊഴിലാളിവർഗ്ഗ സമരങ്ങളും ജനാധിപത്യ സമരങ്ങളും വികസിപ്പിച്ചെടുക്കണം. ഇതാണ് ഒരേയൊരു പരിഹാരം. മർദ്ദിതരും ചൂഷിതരുമായ ജനങ്ങൾക്ക്, വളർന്നുവരുന്ന ഫാസിസ്റ്റ് ഭീഷണിയെ കാര്യക്ഷമമായും സുനിശ്ചിതമായും പരാജയപ്പെടുത്താനും അന്തിമമായി ഈ ചൂഷക മുതലാളിത്ത ഭരണസംവിധാനത്തെ തൂത്തെറിയാനും ഈ പ്രത്യയശാസ്ത്രവും സംസ്കാരവും മാത്രമാണ് സംരക്ഷണം നൽകുക. ■

# സഖാവ് വി. ആന്റണിക്ക് ലാൽസലാം



**എസ്** യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കൊല്ലം ജില്ലാ കമ്മിറ്റിയംഗവും കുണ്ടറ ലോക്കൽ കമ്മിറ്റി സെക്രട്ടറിയുമായിരുന്ന സഖാവ് വി. ആന്റണി(58) ഫെബ്രുവരി 6ന് രാവിലെ അന്തരിച്ചു. കാൻസർ രോഗം ബാധിച്ചതിനെത്തുടർന്ന് രണ്ടുവർഷത്തോളമായി ചികിത്സയിലായിരുന്നു.

പതിറ്റാണ്ടുകളായി കൊല്ലം ജില്ലയിൽ നേതൃതലത്തിൽ പ്രവർത്തിച്ചുവരുന്ന സഖാവ് ആന്റണിയുടെ അകാല വിയോഗം പാർട്ടിക്കും സമൂഹത്തിനും വലിയ നഷ്ടമാണുണ്ടാക്കിയിരിക്കുന്നത്. ഇൻഷുറൻസ് ഏജന്റ് ആയി പ്രവർത്തിച്ചിരുന്നപ്പോഴും സംഘടനാ പ്രവർത്തനത്തിന് അദ്ദേഹം പരമാവധി സമയം കണ്ടെത്തിയിരുന്നു. വിപ്ലവ രാഷ്ട്രീയം ഒരു സ്വാഭാവിക ജീവിതശൈലിയാക്കി വളർത്തിയെടുക്കുന്നതിൽ വിജയം വരിച്ചയാളായിരുന്നു സഖാവ് ആന്റണി. അതുകൊണ്ടുതന്നെ കടന്നുചെന്ന മേഖലകളിലൊക്കെ വിപ്ലവരാഷ്ട്രീയത്തോടുള്ള ആദരവ് വളർത്തിയെടുക്കാൻ അദ്ദേഹത്തിന് അനായാസം കഴിഞ്ഞിരുന്നു.

നിസ്സീമമായ സ്നേഹവും നിഷ്കളങ്കമായ ജീവിതവുമൂലം സഖാക്കൾക്ക് മാത്രമല്ല ബന്ധുക്കൾക്കും നാട്ടുകാർക്കുമൊക്കെ ഏറെ പ്രിയങ്കരനായിരുന്നു സഖാവ് ആന്റണി. ചുറ്റുപാടുമുള്ളവരുടെ കഷ്ടപ്പാടുകളോടൊപ്പം സദാ നിലകൊള്ളാനുള്ള സന്നദ്ധത നിരവധി ജനകീയ സംരംഭങ്ങളുടെ സംഘാടകനാക്കി സഖാവിനെ മാറ്റിയിരുന്നു. കുണ്ടറയുടെ സാമൂഹ്യ-സാംസ്കാരിക രംഗത്ത് അഭിവാജ്യ ഘടകമായിരുന്ന സഖാവ് ആന്റണി ജനകീയ പ്രതിരോധ സമിതിയുടെ കുണ്ടറ മേഖലാ സെക്രട്ടറിയുമായിരുന്നു.

വ്യക്തിപരമായ ബുദ്ധിമുട്ടുകൾ തെല്ലുംപരിഗണിക്കാതെ എപ്പോഴും സഖാക്കൾക്കുവേണ്ടി ഒരു കരുതൽ മനസ്സിൽ സൂക്ഷിച്ചയാളായിരുന്നു സഖാവ്. ലളിതവും സൗമ്യവുമായ ജീവിതത്തിനും പെരുമാറ്റത്തിനും ഉടമയായിരുന്നെങ്കിലും നീതി നിഷേധിക്കപ്പെടുന്നവർക്കുവേണ്ടി എക്കാലവും അദ്ദേഹം പ്രക്ഷുബ്ധമായി നിലകൊണ്ടു.

കൂടുതൽ സമർപ്പിതമായ വിപ്ലവജീവിതം ആർജ്ജിച്ചെടുക്കാനുള്ള സമരത്തിൽ ഒരു പ്രേരണയായി സഖാവ് എന്നും നമ്മോടൊപ്പം ജീവിക്കും.

**സഖാവ് ആന്റണിക്ക് ലാൽസലാം**



**അന്തരിച്ച സഖാവ് വി.ആന്റണിക്ക് എസ്‌യുസിഐ(സി) നേതാക്കളും പ്രവർത്തകരും അന്തിമോപചാരം അർപ്പിക്കുന്നു**

# വയനാട്ടിൽ കുട്ടികളുടെ ശില്പശാല

'പ്രചോദന'യുടെയും ബ്രേക്ക്ത്രൂ സയൻസ് സൊസൈറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ വയനാട്ടിൽ ജനുവരി 27ന് കുട്ടികളുടെ കലാ-ശാസ്ത്ര ശില്പശാല നടന്നു. സുൽത്താൻ ബത്തേരി ഓടപ്പള്ളം ഗവൺമെണ്ട് ഹൈസ്കൂളിൽ നടന്ന ശില്പശാല മുൻ ഡയറ്റ് അദ്ധ്യാപകനും സി.കെ.രാഘവൻ മെമ്മോറിയൽ ടിടിഐ പ്രിൻസിപ്പലും സാംസ്കാരിക പ്രവർത്തകനുമായ പി.കെ.രജിമാസ്റ്റർ ഉദ്ഘാടനം ചെയ്തു. വി.കെ.സദാനന്ദൻ അദ്ധ്യക്ഷത വഹിച്ചു. എം.എ.പുഷ്പ, അഡ്വ.റ്റി.ജെ.ഡിക്സൺ, പി.കെ.ഭഗത് എന്നിവർ സംസാരിച്ചു.

നാടക ശില്പശാലക്ക് എം.പ്രദീപൻ, അഡ്വ. ആർ.അപർണ എന്നിവരും, ശാസ്ത്ര ക്ലാസ്സിന് അഖിൽ മുരളി, ഡോ.നിഖില മുരളി എന്നിവരും നേതൃത്വം നൽകി.

ഇ.വി.പ്രകാശ് സമാപനസന്ദേശം നൽകി. സ്കൂൾ പി.ടി.എ പ്രസിഡണ്ട് എ.കെ.പ്രമോദ്, ജഗന്നാഥൻ എന്നിവർ പ്രസംഗിച്ചു. ■

Date of publishing 01/02/2019
REGISTERED
R.N. 24773/1992
P.R.No. KL/TV(N)/452/2018-20

# UNITY
MALAYALAM MONTHLY

Vol.45 No.10
Price : Rs 5.00
February 2019

## ഡൽഹിയിൽ ആശ വർക്കർമാരുടെ പ്രതിഷേധ സംഗമം

**ആ**ശ വർക്കർമാർക്ക് മിനിമം വേതനം 21,000 രൂപ നൽകുക, ആരോഗ്യ വകുപ്പിനു കീഴിൽ സ്ഥിരപ്പെടുത്തുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ആശവർക്കർമാർ ജനുവരി 28ന് ഡൽഹിയിൽ പ്രതിഷേധ സംഗമം നടത്തി.

സ്കീം വർക്കേഴ്സിന്റെ ദേശീയ പ്രക്ഷോഭത്തിന്റെ ഭാഗമായി ഡൽഹിയിലെ രാംലീല മൈതാനിയിൽ നടന്ന പ്രതിഷേധ സംഗമം എ.ഐ.യു.റ്റി.യു.സി അഖിലേന്ത്യാ ജനറൽ സെക്രട്ടറി സ.ശങ്കർ സാഹ ഉദ്ഘാടനം ചെയ്തു.

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ആശവർക്കർമാർ പ്രതിഷേധ സംഗമത്തിൽ പങ്കെടുത്തു. കേരളത്തിലെ സംഘത്തെ സംഘടനയുടെ ജനറൽ സെക്രട്ടറി എം.എ ബിന്ദു, എ.ഐ.റ്റി.യു.സി സംസ്ഥാന നേതാവ് ഡി.ഹരികൃഷ്ണൻ, എസ്.മിനി എന്നിവർ നയിച്ചു. ■



ജനുവരി 28ന് രാംലീല മൈതാനിയിൽ നടന്ന പ്രതിഷേധ സംഗമത്തിൽ നിന്ന്

## കരിമണൽ ഖനനവിരുദ്ധ സമരം

# ആലപ്പാട്ടെ ജനങ്ങളോടൊപ്പം അണിനിരക്കുക

**കൊ**ല്ലം ജില്ലയിലെ തീരദേശ ഗ്രാമമായ ആലപ്പാട് പഞ്ചായത്തിൽ വീണ്ടും കരിമണൽ ഖനനത്തിനെതിരെ ശക്തമായ ജനകീയ പ്രക്ഷോഭം ആരംഭിച്ചിരിക്കുന്നു. മാരകവും ജനദ്രോഹകരവുമായ കരിമണൽ ഖനനം മൂലം ആലപ്പാട് പഞ്ചായത്തിന്റെ ഭൂവിസ്തൃതി 89.5 ചതുരശ്ര കീലോമീറ്ററിൽ നിന്ന് 7.6 ചതുരശ്ര കിലോമീറ്ററായി ചുരുങ്ങിയിരിക്കുന്നു.

ആയിരക്കണക്കിന് ഏക്കർ ഭൂപ്രദേശം കടലെടുത്ത് പോയതോടെ കരയിലെ ജീവിതം അസാദ്ധ്യമാക്കിതീർക്കുന്ന ഖനനരീതികൾക്കെതിരായിട്ടാണ് ജനകീയസമരം ശക്തിപ്രാപിക്കുന്നത്. ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിനാവശ്യമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് അമൂല്യധാതുക്കൾ ശേഖരിക്കാൻ ഇന്ത്യൻ റെയർ എർത്ത്സ് (ഐആർഇ), സംസ്ഥാന സർക്കാരിന്റെ കേരള മിനറൽസ് ആന്റ് മെറ്റൽസ് (കെഎംഎംഎൽ), എന്നീ സ്ഥാപനങ്ങളാണ് പതിറ്റാണ്ടുകളായി ഇവിടെ ഖനനം നടത്തിക്കൊണ്ടിരിക്കുന്നത്.

അതിലൂടെ രണ്ട് തീരദേശ പഞ്ചായത്തുകൾക്ക് സംഭവിച്ച പരിസ്ഥിതി നാശം, മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗങ്ങൾക്ക് സംഭവിച്ച കാര്യങ്ങൾ, തീരദേശം ചോർന്ന് ഒരു വരമ്പ് പോലെ പരിണമിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ, സീ വാഷിംഗ് എന്ന പേരിലുള്ള മൈനിംഗ് അവസാനിപ്പിക്കണമെന്ന നിയമസഭാ സമിതിയുടെ നിർദ്ദേശം നടപ്പാക്കുന്നതിൽ വരുത്തിയ വീഴ്ച എന്നിവയെല്ലാം കരിമണൽ മോഹത്തിന് മുന്നിൽ ജനങ്ങളുടെ ദുരിതത്തിന് തരിമ്പും വിലകൽപ്പിക്കാത്ത അധികാരികളുടെ ജനവിരുദ്ധ സമീപനങ്ങൾ എന്തെന്ന് വ്യക്തമാക്കുന്നു.

### ഐആർഇ നടത്തുന്ന നിയമലംഘനങ്ങൾ

പൊതുമേഖലാ സ്ഥാപനമായ ഐആർഇ യാണ് ആലപ്പാട്, പൊന്മന പഞ്ചായത്തുകളിൽ ഖനനം നടത്തുന്നത്. എന്നാൽ, വ്യവസ്ഥാപിതമായ മുഴുവൻ നിയമങ്ങളും കമ്പനി നിരന്തരം ലംഘിക്കുന്നതിലൂടെയാണ് ഖനനമേഖലകൾ ഗുരുതരമായ പ്രതിസന്ധികളിലേയ്ക്ക് നീങ്ങുന്നത്. തീരദേശ പരിപാലന നിയമത്തിലെ ദൂരപരിധിപോലും പാലിക്കാതെയാണ് മണൽ കുഴിച്ചെടുക്കുന്നത്. റ്റിഎസ് കനാലിൽ നിന്നും 25 മീറ്റർ പോലും അകലം പാലിക്കാതെ നടത്തുന്ന ഖനനവും നിർമ്മാണ പ്രവർത്തനങ്ങളും തീരദേശത്തെ ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് പഠനറിപ്പോർട്ടുകൾ ചൂണ്ടിക്കാട്ടുന്നു. കേരള സർക്കാർ നിയോഗിച്ച ടി.എം.മഹാദേവൻ കമ്മിറ്റിയും പ്രൊഫ.സി.എം. അരവിന്ദന്റെ പഠനറിപ്പോർട്ടും വ്യക്തമാക്കുന്നത് ഈ രൂപത്തിൽ ഖനനം തുടർന്നാൽ കടലാക്രമണം മൂലം കടലും കരയും സന്ധിക്കുന്ന (ഷോർ ലൈൻ) രേഖയ്ക്ക് ആഘാതമുണ്ടാകുമെന്നും തീരദേശവാസികളെ പുനഃരധിവസിപ്പിക്കേണ്ടിവരുമെന്നുമാണ്. ഇതിനകം നിരവധിയാളുകൾ കുടിയൊഴിഞ്ഞ് പോകാൻ നിർബ്ബന്ധിതരായിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണ നിയമത്തിലെ ചട്ടങ്ങൾ ഖനനകമ്പനികൾ പരിഗണിക്കുന്നില്ല. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ വ്യക്തമായ മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തപ്പെട്ടു. നാഷണൽ മിനറൽ പോളിസി, മൈൻസ് ആന്റ് മിനറൽസ് റെഗുലേഷൻ ആക്ട് എന്നിവയുടെയൊക്കെ നഗ്നമായ ലംഘനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

### പ്രത്യാഘാതങ്ങൾ

ഖനനംമൂലം പൊറുതിമുട്ടുന്ന ജനങ്ങളും ദിനംപ്രതി തകർന്നുകൊണ്ടിരിക്കുന്ന തീരവുമാണ് കൊല്ലം ജില്ലയിൽ കാണുന്നത്. ആലപ്പാടിന്റെ തെക്ക് ഭാഗം മുതൽ വടക്ക് ഭാഗം വരെ തീരമേഖലയിലൂണ്ടായിരുന്ന കണ്ടൽകാടുകൾ ഖനനം മൂലം പൂർണ്ണമായി നഷ്ടപ്പെട്ടു. മത്സ്യസമ്പത്തിന്റെ ശോഷണവും വമ്പിച്ച തോതിൽ സംഭവിച്ചു. തീരസംരക്ഷണത്തിനായി വെച്ചുപിടിപ്പിച്ച കാറ്റാടിമരങ്ങളും അപ്രത്യക്ഷമായി. ശുദ്ധജല സ്രോതസ്സുകളാണ് ഖനനത്തിന്റെ മറ്റൊരു ഇര. തണ്ണീർ തടങ്ങളും കിണറുകളും മറ്റ് ഉറവകളും വറ്റിവരണ്ട് നശിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ, കടൽകയറ്റം നിരന്തരം ഭീഷണിയുയർത്തുന്ന അപകടമേഖലയായി ഖനനപ്രദേശങ്ങൾ മാറിക്കഴിഞ്ഞു. പ്രകൃതിദത്തമായ മണൽക്കൂനകൾ ഇല്ലാതായതോടെ കടലാക്രമണത്തെ പ്രതിരോധിച്ചിരുന്ന കടൽഭിത്തികൾ ഇടിഞ്ഞുതകർന്നിരിക്കുന്നു. തന്മൂലം, സുനാമിതിരമാലകൾ അടിച്ചുകയറിയപ്പോൾ ആലപ്പാട് പഞ്ചായത്തിലെ ദുരന്തവ്യാപ്തി പതിന്മടങ്ങായി വർദ്ധിച്ച കാര്യം നമ്മുടെ മുന്നിലുണ്ട്. കരിമണൽ ഖനനം ചെയ്ത് ഉൽപാദിപ്പിക്കുന്ന ഇൽമനൈറ്റ് വലിയ സമ്പത്താണെന്ന് പറയുന്നുണ്ടെങ്കിലും. അതുകൊണ്ടുള്ള ഗുണങ്ങൾ കേരളത്തിന് കിട്ടുന്നുണ്ടോയെന്ന കാര്യവും പരിശോധിക്കേണ്ടതാണ്. പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കാൻ വൻകിട കുത്തകകൾക്ക് അവസരം കൊടുക്കുന്ന വ്യവസായിക വികസന നയം പിന്തുടരുന്ന എൽഡിഎഫ് സർക്കാർ, മുൻ യുഡിഎഫ് സർക്കാരിനെപ്പോലെ തന്നെ ജനദ്രോഹ പക്ഷത്തായതിനാൽ കരിമണൽ ഖനനത്തിലൂടെ സമൂഹത്തെക്കാൾ സ്വകാര്യകമ്പനികൾക്കാണ് പ്രയോജനം കിട്ടുന്നതെന്ന് കാണാം.




ആലപ്പാട് സമരപ്പന്തലിൽ നടന്ന ഐക്യദാർഢ്യ സമ്മേളനത്തിൽ ജനകീയ പ്രതിരോധ സമിതി സംസ്ഥാന കമ്മിറ്റി അംഗം ആർ.പാർത്ഥസാരഥി വർമ്മ പ്രസംഗിക്കുന്നു

### ശക്തിപ്പെടട്ടെ സമരം

പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആവശ്യമായ തലത്തിൽ മാത്രമുള്ള ഖനനമല്ല നടത്തുന്നത്. മറിച്ച്, വിലപിടിപ്പുള്ള ധാതുമണൽ കടത്തികൊണ്ടുപോകാൻ സ്വദേശ-വിദേശ കുത്തകകൾക്ക് പലവഴികൾ തുറന്നുകൊടുക്കുകയാണ് സർക്കാർ ചെയ്യുന്നത്. ജനങ്ങളുടെ ദുരിതങ്ങളും പ്രകൃതിയുടെമേലുള്ള ആഘാതങ്ങളും ഖനനകമ്പനികൾ പരിഗണിക്കുന്നില്ലായെന്നത് ഖനനരംഗത്തെ ജനദ്രോഹത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ്. ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴ, തൃക്കുന്നപുഴ പഞ്ചായത്തുകളിൽ കരിമണൽ ഖനനം ചെയ്യാൻ നടത്തിയ നീക്കത്തിനെതിരെ എസ്‌യുസിഐ(സി) പാർട്ടി നേതൃത്വം നൽകിയ കരിമണൽ ഖനനവിരുദ്ധ സമരം തീർത്ത പ്രതിരോധം വമ്പിച്ചതായിരുന്നു. ഇപ്പോൾ, പാർട്ടിയുടെ സംസ്ഥാന സെക്രട്ടറിയായ സഖാവ് വി.വേണുഗോപാൽ തന്നെ നേതൃത്വം നൽകിയ ആ സമരം വിജയകരമായിട്ടാണ് പര്യവസാനിച്ചത്. ചവറയിൽ സമരം ആരംഭിക്കുന്ന കാലത്ത്, കൊല്ലം ജില്ലാ കമ്മിറ്റിയും വീറുറ്റ സമരങ്ങളുടെ നേതൃനിരയിൽ ഉണ്ടായിരുന്നു. ഇപ്പോൾ, ആലപ്പാട്, പൊന്മന പഞ്ചായത്തുകളിൽ രൂപപ്പെട്ടുവന്ന ജനകീയ സമിതിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന കരിമണൽ ഖനനവിരുദ്ധ പ്രക്ഷോഭത്തെയും പാർട്ടി സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കണ്ണും മൂക്കുമില്ലാതെ, മനുഷ്യവാസത്തെ തകർത്തുകൊണ്ട് നടത്തുന്ന ഖനനം തുടർന്നാൽ ആലപ്പാട് പഞ്ചായത്ത് ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുമെന്നതിനാൽ, ജനങ്ങളുടെ ചെറുത്ത്നിൽപ്പ് സമരം ശക്തിപ്രാപിക്കണം. സമൂഹത്തിന്റ പൂർണ്ണപിന്തുണ ഖനനത്തിനെതിരെ സമരം ചെയ്യുന്നവർക്കുണ്ട്. ■

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.